VOL NO: 04 | ISSUE 12
www.nerpatham.com
mail@nerpatham.com

2020 MARCH 21 | ₹12

# നേർപഥം

വാരിക

# ഫാഷിസം ജനാധിപത്യം മതനിരപേക്ഷത

ഒരു ജനാധിപത്യ മതനിരപേക്ഷ രാജ്യത്ത് ഫാഷിസം എത്രമാത്രം ആതമവിശ്വാസത്തോടെ തങ്ങളുടെ ഗൂഢ അജണ്ടകൾ നടപ്പാക്കാൻ ശ്രമിക്കുന്നു എന്നതിന്റെ പ്രത്യക്ഷ ഉദാഹരണമാണ് പൗരത്വ ഭേദഗതി നിയമവും അതിനെ തുടർന്നുണ്ടായ സംഭവവികാസങ്ങളും. സംഘ്പരിവാർ മുന്നോട്ടുവെക്കുന്ന വിഭജന പ്രത്യയശാസ്ത്രത്തിന്റെ അടിസ്ഥാനമെന്താണ്, അത് സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങൾ എന്തൊക്കെയാണ്, ചരിത്രബോധമുള്ളവർ നിരീക്ഷിക്കുന്ന ഇതിന്റെ ഭാവിയെന്താണ്? തുറന്ന സംസാരം.



**സൽവിചാരം**
**ക്ഷണികമീ ജീവിതം**
**പൗരത്വഭേദഗതി നിയമം: ഫാഷിസം ലക്ഷ്യം വെക്കുന്നത്**

## കൊറോണ പടർന്നു പിടിക്കുമ്പോൾ

കൊറോണ നമ്മുടെ നാടിനെയും ഗ്രസിച്ചിരിക്കുകയാണ്. സർക്കാരിന്റെ മുന്നറിയിപ്പുകൾക്കനുസരിച്ചു പ്രവർത്തിക്കുകയും രോഗവ്യാപനം തടയാനുള്ള പ്രവർത്തനങ്ങളോടു സഹകരിക്കുകയും എല്ലാറ്റിനുമുപരി, സ്രഷ്ടാവിൽ ഭരമേൽപിക്കുകയുമാണ് സത്യവിശ്വാസികൾ ചെയ്യേണ്ടത്.

# രജിസ്ട്രേഷൻ ആരംഭിച്ചു

"നന്മയുടെ വഴിയിൽ നാളേക്ക് വേണ്ടി"

# സ്കൂൾ ഓഫ് ഖുർആൻ

جامعة الهند الإسلامية

School Of Qur'an



ക്ലാസുകൾ, ഞായറാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും മാത്രം!

ജൂൺ ഒന്നിന് ആറര വയസ് കവിയാത്ത, സ്കൂളിൽ ഒന്നാം ക്ലാസിൽ ചേർന്ന വിദ്യാർഥികൾക്ക് പ്രവേശം

## സവിശേഷതകൾ:

- ആധുനിക സംവിധാനങ്ങൾ ഉൾപ്പെടുത്തി നവീന രീതിയിൽ തയ്യാറാക്കിയ പഠനരീതികൾ, പഠനസാമഗ്രികൾ
- ഓഡിയോ - വിഷ്വൽ ക്ലാസ് റൂമുകൾ
- വിദഗ്ധ പാനൽ നിർമ്മിച്ച ടെക്സ്റ്റ് ബുക്കുകൾ, വർക്ക് ബുക്കുകൾ, ടീച്ചേഴ്സ് ഹാൻഡ് ബുക്ക്, പാരന്റ്സ് ഗൈഡ്
- ഖുർആൻ, ഹദീഥ്, അറബി ഭാഷ, വിശ്വാസം, കർമ്മം, സ്വഭാവം, ചരിത്രം തുടങ്ങിയവയിൽ പഠനം
- നിലവിലുള്ള ഖുർആൻ പഠന സംവിധാനങ്ങളുടെ പോരായ്മകൾ പരിഹരിച്ച കുറ്റമറ്റ സംവിധാനം
- കരിക്കുലമനുസരിച്ച് തയ്യാറാക്കിയ ഡി.വി.ഡികൾ, സോഫ്റ്റ്‌വെയറുകൾ
- കേരളത്തിൽ ആദ്യമായി രക്ഷിതാക്കളുടെ പങ്കാളിത്തത്തോടെ നടത്തപ്പെടുന്ന ഹോം സ്കൂളിംഗ്
- രക്ഷിതാക്കൾക്ക് പഠനപുരോഗതി വിലയിരുത്താൻ ഓൺലൈൻ സൗകര്യം
- രക്ഷിതാക്കളുടെ മേൽനോട്ടത്തിലുള്ള ട്രാൻസ്പോർട്ടേഷൻ സൗകര്യം
- ഫോളോ അപ്പിനായി വാർഷിക സ്റ്റഡി ട്രാക്കറുകൾ, നിരന്തര - കേന്ദ്രീകൃത മൂല്യനിർണയം


കാസറഗോഡ്: 8089192273 | കാഞ്ഞങ്ങാട്: 9847507310 | തളിപ്പറമ്പ്: 8606776770 | കിണവക്കൽ: 9400083931

വടകര: 9961037934 | കാപ്പാട്: 9846808230 | മഞ്ചേരി: 9846872999 | കോട്ടക്കൽ: 9946274831

തിരൂർ: 9633099992 | മാറഞ്ചേരി: 7559955255 | വെങ്കിടങ്ങ്: 9048869220 | ആറ്റിങ്ങൽ: 9497714521

പരപ്പനങ്ങാടി: 9544924596 | എടത്തനാട്ടുകര: 9495467259 | തോട്ടശ്ശേരിയറ: 8606600555

കൊല്ലം: 9447041468 | കോയമ്പത്തൂർ: 9080475224 | ആലപ്പുഴ: 9895629378

കൊടുവായൂർ: 9746293949 | കൊല്ലായിൽ: 9946940906 | എടക്കര: 6235446007 | കോട്ടയം: 9447827232

Head Office: School of Qur'an | Jamia Al-Hind Al-Islamiyya | Jamia Campus | Mini Ootty | Oorakam Malappuram | Kerala | PIN 676519 | www.schoolofquran.in | info@schoolofquran.in

0166 / 2020 മാർച്ച് 21 / 1441 റജബ് 26 / പുസ്തകം 04 / ലക്കം 12

നേർപഥം
വാരിക



# ഫാഷിസം, ജനാധിപത്യം, മതനിരപേക്ഷത

കെ.ഇ.എൻ കുഞ്ഞഹമ്മദ് / ഡോ. സി മുഹമ്മദ് റാഫി

10

**മുഖമൊഴി**

കൊറോണ പടർന്നുപിടിക്കുമ്പോൾ / 05
എഡിറ്റർ

**ലേഖനം**

പരീക്ഷണങ്ങളിൽ പരിഭവിക്കരുത് / 06
മൂസ സ്വലാഹി, കാര

ക്ഷണികമീ ജീവിതം / 15
മെഹബൂബ് മദനി ഒറ്റപ്പാലം

പൗരത്വഭേദഗതി നിയമം: ഫാഷിസം ലക്ഷ്യം വെക്കുന്നത് / 18
ഡോ.സബീൽ പട്ടാമ്പി

സൽവിചാരം / 23
അബ്ദുൽ ജബ്ബാർ മദീനി

**വിവർത്തനം**

വലിയ്യുകൾക്ക്
വഹ്‌യ് കിട്ടുമെന്നോ? / 26
ശൈഖ് സഅദ് ബിൻ നാസർ അശ്ശത്‌രി

**ക്വുർആൻ ദർശനം**

ത്വലാഖ് (വിവാഹമോചനം)
ഭാഗം: 1 / 30
അബ്ദുറഹ്‌മാൻ നാസിർ അസ്സഅദി

**ഗാനം**

നാമെത്ര നിസ്സാരർ! / 34
ഉസ്മാൻ പാലക്കാഴി

Printed, published and owned by K. Sajjad I Printed at Sprint Offset Printers I Kozhikode
Published at Kozhikode I 673002 I Editor: Usman Palakkazhi I Chief Editor: Anil Primrose
Web Editor: Haseeb Elayur I Design, Cover & Layout: Elan Creativo
Nerpatham Weekly I PB No: 597 I EKP Complex I Kallai Road I Kozhikkode 2 I Kerala I India I Ph: 0495 4019437
mail@nerpatham.com I www.nerpatham.com I Facebook: www.facebook.com/nerpatham weekly

# 'ഡയലോഗ് 3.0' പ്രഖ്യാപനമായി

വിസ്ഡം യൂത്ത് ഇസ്‌ലാമിക് ഓർഗനൈസേഷൻ സംഘടിപ്പിക്കുന്ന 'ഡയലോഗ് 3.0' പെരിന്തൽമണ്ണയിൽ ഏപ്രിൽ 3ന് സംഘടിപ്പിക്കുവാൻ തീരുമാനമായി.

ഇസ്‌ലാം വിമർശകരുടെ തെറ്റുധരിപ്പിക്കലുകൾക്കു നിവാരണം വരുത്തിയും വിശുദ്ധ ക്വുർആൻ മുന്നോട്ട് വെക്കുന്ന സർവകാലികമായ ദർശനം സമൂഹത്തെ പഠിപ്പിച്ചും സംഘടിപ്പിക്കപ്പെട്ട തിരൂർ, കണ്ണൂർ ഡയലോഗുകൾക്കു ശേഷമാണ് 'ഇസ്‌ലാമോ ഫോബിയ: വെറുപ്പിന്റെ വ്യാപാരം' എന്ന വിഷയത്തിൽ 'ഡയലോഗ് 3.0' പെരിന്തൽമണ്ണയിൽ നടക്കുന്നത്.

ഇസ്‌ലാമിന്റെ നന്മമുഖങ്ങൾ മറച്ചുവെക്കുകയും മുസ്‌ലിം നാമധാരികളുടെയും വ്യാജമായി സൃഷ്ടിക്കപ്പെട്ട മുസ്‌ലിം സ്വത്വങ്ങളുടെയും പേരിൽ വാർത്തകൾ സൃഷ്ടിച്ച് മീഡിയകൾ കഴിഞ്ഞ കുറെ കാലമായി നടത്തിയ ശ്രമങ്ങളുടെ ഫലമാണ് ഇസ്‌ലാമിന്റെ ചിഹ്നങ്ങളും പ്രതീകങ്ങളും കാണുമ്പോൾ ആളുകൾക്ക് ഉണ്ടാകുന്ന ഭയം.

പൗരത്വ ഭേദഗതി ബില്ലിന്റെ അനുബന്ധ ചർച്ചകളിൽ അവരെ വസ്ത്രം കൊണ്ട് തിരിച്ചറിയാമെന്ന് പറഞ്ഞതും അവർ ജിഹാദികളാണ് എന്ന് പ്രഖ്യാപിച്ചതും ഇസ്‌ലാമോഫോബിയ നിറഞ്ഞ മനസ്സുകളെ അസ്വസ്ഥമാക്കി സമരങ്ങളെ അപരവൽക്കരിക്കാനും അടിച്ചൊതുക്കാനും വേണ്ടിയായിരുന്നു. ഇസ്‌ലാമിന്റെ ചിഹ്നങ്ങളും പ്രതീകങ്ങളും ഭീതിയുടെയും വെറുപ്പിന്റെയും ചിന്താപരിസരത്ത് സ്ഥാപിച്ച് അതിനോട് തെറ്റായ വീക്ഷണഗതി ഉണ്ടാക്കാനും നിരന്തരം ശ്രമങ്ങൾ നടന്നുവരുന്നു.

ഇന്ത്യയിലെ ഫാസിസ്റ്റുകളും യൂറോപ്യൻ രാജ്യങ്ങളിലെ വലതുപക്ഷ തീവ്രവാദികളും അവരുടെ ചെയ്തികളെ ന്യായികരിക്കുന്നത് ഇസ്‌ലാമോഫോബിക്കായ സമൂഹത്തിന്റെ മാനസിക നിലവാരത്തെ ഉപയോഗിപ്പെടുത്തിക്കൊണ്ടാണ്.

ഇസ്‌ലാമോഫോബിയ അസ്വസ്ഥമാക്കുന്ന മനസ്സുകളെ സത്യത്തിന്റെ സന്ദേശങ്ങൾ കൊണ്ട് അഭിമുഖീകരിക്കുക എന്നതാണ് പരിഹാരം. ഗൃഹസന്ദർശനങ്ങൾ, സന്ദേശ പ്രയാണം, സന്ദേശ രേഖ വിതരണം, സോഷ്യൽ മീഡിയ പ്രചാരണം തുടങ്ങി വിവിധ പദ്ധതികൾ 'ഡയലോഗ് 3.0'ന്റെ ഭാഗമായി ആവിഷ്‌കരിച്ചിട്ടുണ്ട്.

## കൊറോണ: ജാഗ്രത പാലിക്കുക

കോവിഡ് 19 രോഗഭീതി പരക്കുകയാണ്. തികച്ചും പേടിപ്പെടേണ്ട രോഗമാണെങ്കിലും സൂക്ഷ്മമായ ജാഗ്രതക്കും നിയന്ത്രിതമായ ഇടപെടലുകൾക്കും രോഗത്തെയും ഭീതിയെയും അകറ്റാനാവും. സാമൂഹിക സുരക്ഷയുടെ ഉത്തരവാദിത്തം സ്വയം ഏറ്റെടുക്കുന്ന ചില അൽപജ്ഞാനികൾ വാക്കിലും നോക്കിലും ഭീതി പരത്താൻ ശ്രമിക്കുന്നത് ഖേദകരമാണ്. അത്തരക്കാർ ആ പണിയിൽ നിന്ന് പിന്മാറുകയും അപകടം നിഴലിക്കുന്ന കൊറോണയിൽ നിന്ന് രക്ഷനേടാൻ നാഥനിലേക്ക് കൈകൾ ഉയർത്തുകയും ചെയ്യേണ്ടതുണ്ട്.

ഒപ്പം ആതുര സേവനരംഗത്ത് അഭിമാനകരമായി ചുവടുവെക്കുന്ന ആരോഗ്യവകുപ്പിനോടൊപ്പം തോളോടുതോൾ ചേർന്ന് പ്രതിരോധ പ്രവർത്തനത്തിന് ഊർജം പകരുകയാണ് അഭികാമ്യം.

വൈറസ് വ്യാപനം അകലങ്ങളിലെ വാർത്തയായി അവഗണിക്കുകയോ അവിടങ്ങളിൽ പടരുന്ന വ്യാധിയായി സമാധാനിക്കുകയോ ചെയ്യാതെ കുടിൽ മുതൽ കൊട്ടാരം വരെ കൃത്യമായ ജാഗ്രത കൈകൊള്ളേണ്ടതുണ്ട്.

നിർണിത കാലയളവ് ശ്രദ്ധിക്കണമെന്ന നിർദേശം വരുമ്പോൾ അതിന് വഴിപ്പെടുന്നതിനു പകരം സ്വേച്ഛപ്രകാരം വഴുതിച്ചാടുന്ന പ്രവണത സ്വന്തത്തിനു മാത്രമല്ല സമൂഹത്തിനു കൂടെ അപകടമാണ്.

ഒരു നാട്ടിൽ പകർച്ചവ്യാധി ഉണ്ടെന്നറിഞ്ഞാൽ അവരിലേക്ക് അങ്ങോട്ടും അവരിൽ നിന്ന് ഇങ്ങോട്ടുമുള്ള യാത്ര വെടിയണമെന്ന വിശുദ്ധവചനം ഏറെ ചിന്തനീയവും പ്രതിരോധ പ്രവർത്തനങ്ങളിൽ വഴികാട്ടിയാകേണ്ടതുമാണ്.

ഇത്തരം രോഗവും അനിയന്ത്രിതമായ വ്യാപനവും തികച്ചും ലോകരക്ഷിതാവിന്റെ പരീക്ഷണം മാത്രമാണ്. രോഗം കൊണ്ട് പരീക്ഷിക്കുമെന്നത് റസൂലിന്റെ വ്യക്തമായ അധ്യാപനമാണ്. ക്ഷമിക്കുക. പ്രതീക്ഷയോടെ മുന്നോട്ട് പോവുക.

**-മുസ്‌ലിം ബിൻ ഹൈദർ**

മുഖമൊഴി

# കൊറോണ പടർന്നു പിടിക്കുമ്പോൾ...

**കൊ**റോണ വൈറസ് ബാധയെ അമിതമായി ഭയക്കേണ്ടതില്ലെന്നും ജാഗ്രതയുണ്ടായാൽ മതിയെന്നും സർക്കാരും ആരോഗ്യരംഗത്തെ വിദഗ്ധരും ആവർത്തിച്ചു പറയുമ്പോഴും കൊറോണയെപ്പറ്റി ഊഹാപോഹങ്ങളും വ്യാജവിവരങ്ങളും സമൂഹമാധ്യമങ്ങളിലടക്കം പ്രചരിക്കുകയാണ്. സർക്കാരിന്റെ മുന്നറിയിപ്പുകൾക്കനുസരിച്ചു പ്രവർത്തിക്കുകയും രോഗവ്യാപനം തടയാനുള്ള പ്രവർത്തനങ്ങളോടു സഹകരിക്കുകയുമാണ് ഈ അവസരത്തിൽ വേണ്ടത്. വ്യാജവിവരങ്ങളും ഭീതിപരത്തുന്ന സന്ദേശങ്ങളും വിശ്വസിക്കുകയോ മറ്റുള്ളവർക്കു ഫോർവേഡ് ചെയ്യുകയോ അരുത്.

വൈറസ് ബാധിച്ചവർ തുമ്മുമ്പോഴും ചുമയ്ക്കുമ്പോഴും മറ്റുള്ളവരിലേക്കു പകരാം. രോഗിയുടെ സമീപമുള്ള വസ്തുക്കളിൽ വീഴുന്ന സ്രവങ്ങളിൽ നിന്നും മറ്റുള്ളവരിലേക്കു രോഗം പകരാം. ഇത്തരം ഇടങ്ങളിൽ സ്പർശിച്ചതിനു ശേഷം കണ്ണിലോ മൂക്കിലോ വായിലോ തൊടുമ്പോഴാണ് വൈറസ് മറ്റൊരാളുടെ ശരീരത്തിലെത്തുക. രോഗി തുമ്മുമ്പോഴും ചുമയ്ക്കുമ്പോഴും പുറത്തു വരുന്ന സ്രവങ്ങൾ നേരിട്ടു ശ്വസിച്ചാലും രോഗം പരക്കാം. രോഗം ബാധിച്ച ആളിൽനിന്ന് ഒരു മീറ്ററെങ്കിലും (3 അടി) അകലെ നിൽക്കണമെന്ന് വിദഗ്ധർ പറയുന്നു.

മനുഷ്യരിലും മൃഗങ്ങളിലും രോഗം പരത്തുന്ന വൈറസാണ് കൊറോണ. മനുഷ്യരിൽ ജലദോഷപ്പനി മുതൽ മാരകരോഗങ്ങൾക്കുവരെ കാരണമാകാം. ക്ഷീണം, വരണ്ട ചുമ, പനി എന്നിവയാണു പൊതുലക്ഷണങ്ങൾ. ചിലർക്കു ശരീരവേദന, മൂക്കടപ്പ്, മൂക്കൊലിപ്പ്, തൊണ്ടവേദന, വയറിളക്കം എന്നിവ വരും. ചിലരിൽ ലക്ഷണങ്ങളൊന്നും കാണില്ല. രോഗികളിൽ 80% പേരും ചികിത്സയില്ലാതെതന്നെ രോഗമുക്തി നേടും. രോഗം ബാധിക്കുന്ന ആറിൽ ഒരാൾ എന്ന കണക്കിലാണു ഗുരുതരമാകുക. ലോകാരോഗ്യ സംഘടനയുടെ വിലയിരുത്തലിൽ മരണനിരക്ക് 4 ശതമാനത്തിൽ താഴെയാണ്. പക്ഷേ, വയോജനങ്ങളിൽ രോഗം ഗുരുതരമാകാൻ സാധ്യതയുണ്ട്. പ്രമേഹം, ഉയർന്ന രക്തസമ്മർദം, കാൻസർ, ഹൃദയ, ശ്വാസകോശ രോഗങ്ങൾ തുടങ്ങിയവയുള്ളവരെയും ഗുരുതരമായി ബാധിക്കാം.

അസ്വസ്ഥത തോന്നിയാൽ വീട്ടിൽ തുടരുക. ചുമയോ പനിയോ ശ്വസിക്കാൻ ബുദ്ധിമുട്ടോ നേരിട്ടാൽ വൈദ്യസഹായം തേടുക. പ്രാദേശികമായി നൽകിയിട്ടുള്ള ഹെൽപ് നമ്പറിൽ സഹായം തേടുക. ആരോഗ്യ വകുപ്പിന്റെ 1056 എന്ന 'ദിശ' ഹെൽപ്ലൈൻ നമ്പറിൽ മാർഗനിർദേശങ്ങൾ ലഭിക്കും.


രോഗബാധ തിരിച്ചറിഞ്ഞ മേഖലയിൽ നിന്നുള്ളവർ, രോഗസാധ്യതയുള്ള സ്ഥലങ്ങളിൽ യാത്ര ചെയ്തവർ തുടങ്ങിയവരാണ് ഇത്തരം ലക്ഷണങ്ങളുണ്ടെങ്കിൽ ആരോഗ്യവകുപ്പിനെ അറിയിക്കേണ്ടത്. മറ്റുള്ളവർ കോവിഡ് ലക്ഷണങ്ങൾ ഉണ്ടെങ്കിൽ മാത്രമെ അറിയിക്കേണ്ടതുള്ളൂ. കോവിഡ് ബാധയുടെ തുടക്കത്തിൽ ചെറിയ ലക്ഷണങ്ങൾ മാത്രം കാണിക്കുന്ന സംഭവങ്ങളുണ്ട്. അത്തരം രോഗികളിൽനിന്നും രോഗം പകരാം. 14 ദിവസം വരെ രോഗലക്ഷണങ്ങൾ കാണാതിരിക്കാം എന്നു വിദഗ്ധർ പറയുന്നു.

കൈകളിലെ വൈറസിനെ ഇല്ലാതാക്കാൻ സോപ്പും വെള്ളവും ഉപയോഗിച്ചു കൈകഴുകുന്നതു ശീലമാക്കുക. ഉള്ളംകയ്യിലും പുറംകയ്യിലും വിരലുകൾക്കിടയിലുമായി 20 സെക്കൻഡ് നേരമെങ്കിലും കഴുകണം. പൂച്ച, നായ പോലുള്ള മൃഗങ്ങളെ ഈ രോഗം ബാധിച്ചതായോ അവയിൽനിന്നു മനുഷ്യരിലേക്കു പടർന്നതായോ കണ്ടെത്തിയിട്ടില്ല. രോഗലക്ഷണങ്ങൾ ഉള്ളവരും അവർക്കൊപ്പം വീട്ടിലോ ആശുപത്രിയിലോ കഴിയുന്നവരും മാസ്ക് നിർബന്ധമായും ധരിക്കണം.

ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കുവാനും സ്രഷ്ടാവിൽ ഭരമേൽപിക്കുവാനും പാപങ്ങൾ വെടിയുവാനും പ്രാർഥിക്കുവാനുമാണ് സത്യവിശ്വാസികൾ ശ്രദ്ധിക്കേണ്ടത്. ●

മൂസ സ്വലാഹി, കാര
moosakara001@gmail.com

ലേഖനം




# പരീക്ഷണങ്ങളിൽ പരിഭവിക്കരുത്

**പ**രീക്ഷണം എന്ന വാക്ക് ഏവർക്കും സുപരിചിതമാണ്. സ്രഷ്ടാവ് തന്റെ ദാസന്മരെ പലവിധത്തിലും പരീക്ഷിക്കുന്നതാണ്. ഓരോരുത്തരുടെയും വിശ്വാസത്തെയും ജീവിതത്തെയും സൂക്ഷ്മ നിരീക്ഷണത്തിനും പരിശോധനക്കും വിധേയമാക്കുവാൻ ഇത് സഹായിക്കുന്നു. പരീക്ഷണത്തിന് വ്യത്യസ്തമായ രൂപങ്ങളും മുഖങ്ങളുമുണ്ട്.

1) അതികഠിനമായ കുഴപ്പങ്ങൾ അഥവാ ഫിത്നകൾ: ഇത് മുഖേനയുണ്ടാകുന്ന പ്രശ്നം അക്രമിയെ മാത്രമല്ല പൊതുവായി എല്ലാവരെയുമാണ് ബാധിക്കുക.

അല്ലാഹു പറയുന്നു: "ഒരു പരീക്ഷണം (ശിക്ഷ) വരുന്നത് നിങ്ങൾ സൂക്ഷിച്ചുകൊള്ളുക.അത് ബാധിക്കുന്നത് നിങ്ങളിൽ നിന്നുള്ള അക്രമികൾക്ക് പ്രത്യേകമായിട്ടാവുകയില്ല. അല്ലാഹു കഠിനമായി ശിക്ഷിക്കുന്നവനാണെന്ന് നിങ്ങൾ മനസ്സിലാക്കുകയും ചെയ്യുക" (ക്വുർആൻ 8:25).

ഇത്തരം അവസ്ഥകളെ ഭയക്കലും അതിനെ തൊട്ട് അഭയംതേടലും നിർബന്ധമാണ്.

അബൂഹുറയ്‌റ(ﷺ)യിൽ നിന്ന് നിവേദനം. നബി(ﷺ) പറഞ്ഞു: "കുഴപ്പങ്ങളുണ്ടാകും, അന്നേരം അതിലേക്ക് നടക്കുന്നവനെക്കാൾ നല്ലവൻ ഇരിക്കുന്നവനാണ്. ഓടുന്നവനെക്കാൾ നല്ലവൻ നടക്കുന്നവനാണ്. ആരെങ്കിലും ഫിത്നയിലേക്ക് എത്തിനോക്കിയാൽ അവൻ അതിൽപെടും. അഭയം കണ്ടെത്താൻ ആർക്കാണോ സാധിക്കുന്നത് അവൻ അഭയം പ്രാപിക്കട്ടെ" (മുസ്‌ലിം).

2) ബുദ്ധിമുട്ടുകളും പ്രയാസങ്ങളും (ബലാഉകൾ): വിശ്വാസ ശുദ്ധിയും ദാർഢ്യതയും ഉള്ളവർക്കേ ഇതിൽ വിജയിക്കാനാവൂ.

അല്ലാഹു പറയുന്നു: "ഓരോ വ്യക്തിയും മരണം ആസ്വദിക്കുകതന്നെ ചെയ്യും. ഒരു പരീക്ഷണം എന്ന നിലയിൽ തിൻമ നൽകിക്കൊണ്ടും നൻമ നൽകിക്കൊണ്ടും നിങ്ങളെ നാം പരിശോധിക്കുന്നതാണ്. നമ്മുടെ അടുത്തേക്ക് തന്നെ നിങ്ങൾ മടക്കപ്പെടുകയും ചെയ്യും" (ക്വുർആൻ 21:35).

മതനിഷ്ഠയുള്ളവർ പരീക്ഷിക്കപ്പെടുകയില്ലെന്ന വിചാരം വ്യർഥമാണ്. വിശ്വാസത്തിന്റെ അളവനുസരിച്ച് നാം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് ഊക്ക് കൂടും. പ്രവാചകന്മാരും അനുചരരും കുടുംബം, സമൂഹം, ഭരണകൂടം എന്നിവകൊണ്ടെല്ലാം പരീക്ഷിക്കപ്പെട്ടതായി ചരിത്രം പറയുന്നു.

അല്ലാഹു പറയുന്നു: "ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു എന്ന് പറയുന്നതുകൊണ്ട് മാത്രം തങ്ങൾ പരീക്ഷണത്തിന് വിധേയരാകാതെ വിട്ടേക്കപ്പെടുമെന്ന് മനുഷ്യർ വിചാരിച്ചിരിക്കയാണോ?" (ക്വുർആൻ 29:2).

മുസ്അബ് ഇബ്നു സഅ്ദ്(ﷺ) തന്റെ പിതാവിൽ നിന്ന് നിവേദനം: "ഞാൻ നബി(ﷺ)യോട് ചോദിച്ചു: 'ജനങ്ങളിൽ ഏറ്റവും കഠിന പരീക്ഷണം ആർക്കാണ്?' അവിടുന്ന് പറഞ്ഞു: 'പ്രവാചകന്മാർക്ക്. പിന്നീട് അവരെ പോലുള്ളവർ. പിന്നീട് അവരെ പോലുള്ളവർ. ഒരാൾ അയാളുടെ മതത്തിന്റെ തോതനുസരിച്ച് പരീക്ഷിക്കപ്പെടും. അവൻ ദീനിൽ ശക്തനാണെങ്കിൽ പരീക്ഷണവും ശക്തമാകും. ലോലനാണെങ്കിൽ പരീക്ഷണവും ലോലമാകും. ഒരു അടിമ പരീക്ഷണത്തിലായിക്കൊണ്ടേയിരിക്കും; ഒരു തെറ്റുമില്ലാതെ ഭൂമിയിൽ നടക്കുന്നത് വരെ" (തിർമിദി).


മാനസിക പതർച്ചയോ, തളർച്ചയോ വരാതെ പരലോക രക്ഷക്കാവശ്യമായ കർമങ്ങളിൽ നാം വ്യാപൃതരാവുക എന്നതാണ് ഇവിടെയും ഗുണകരം.

ആരാണ് ജീവിതത്തെ നന്നായി സംസ്കരിക്കുന്നതെന്ന് കണ്ടെത്താൻ വേണ്ടിയാണ് മുൻകൂട്ടി ഇതെല്ലാം അല്ലാഹു വിധിച്ചിരിക്കുന്നത്.

അല്ലാഹു പറയുന്നു: "ആറുദിവസങ്ങളിലായി (അഥവാ ഘട്ടങ്ങളിലായി) ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ചത് അവനത്രെ. അവന്റെ അർശ് (സിംഹാസനം) വെള്ളത്തിൻമേലായിരുന്നു. നിങ്ങളിൽ ആരാണ് കർമംകൊണ്ട് ഏറ്റവും നല്ലവൻ എന്നറിയുന്നതിന് നിങ്ങളെ പരീക്ഷിക്കുവാൻ വേണ്ടിയത്രെ അത്. തീർച്ചയായും നിങ്ങൾ മരണത്തിന് ശേഷം ഉയിർത്തെഴുന്നേൽപിക്കപ്പെടുന്നവരാണ് എന്ന് നീ പറഞ്ഞാൽ അവിശ്വസിച്ചവർ പറയും; ഇത് സ്പഷ്ടമായ ജാലവിദ്യയല്ലാതെ മറ്റൊന്നുമല്ല" (ക്വുർആൻ 11:7).

3) ദുരിതങ്ങളും ആപത്തുകളും (മുസ്വീബത്തുകൾ): ജീവിതത്തിൽ സംഭവിക്കുന്ന പാപങ്ങൾ നിമിത്തം ഉണ്ടാകുന്നതാണിത്. വിശ്വാസികൾക്കിത് പ്രായശ്ചിത്തമാണ്. അല്ലാഹു പറയുന്നു:

"നിങ്ങൾക്ക് ഏതൊരു ആപത്ത് ബാധിച്ചിട്ടുണ്ടെങ്കിലും അത് നിങ്ങളുടെ കൈകൾ പ്രവർത്തിച്ചതിന്റെ ഫലമായിട്ടുതന്നെയാണ്. മിക്കതും അവൻ മാപ്പാക്കുകയും ചെയ്യുന്നു" (ക്വുർആൻ 42:30).



അവിശ്വാസികൾക്ക് നരകശിക്ഷയെ സംബന്ധിച്ചുള്ള താക്കീതാണിത്.

അല്ലാഹു പറയുന്നു: "ഏറ്റവും വലിയ ആ ശിക്ഷ കൂടാതെ (ഐഹികമായ) ചില ചെറിയതരം ശിക്ഷകളും നാം അവരെ ആസ്വദിപ്പിക്കുന്നതാണ്. അവർ ഒരുവേള മടങ്ങിയേക്കാമല്ലോ" (ക്വുർആൻ 32:21).

കാരണങ്ങളെ അടിസ്ഥാനമാക്കി പരീക്ഷണങ്ങൾ അധികരിപ്പിക്കുക എന്നത് അല്ലാഹുവിന്റെ നടപടി ക്രമങ്ങളിൽപെട്ടതാണ്. അതിനെ മാറ്റിത്തിരുത്താൻ മനുഷ്യബുദ്ധിക്കോ കഴിവിനോ സാധിക്കുകയില്ല.

അല്ലാഹു പറയുന്നു: "അല്ല, നിങ്ങളുടെ മുമ്പ് കഴിഞ്ഞുപോയവർ(വിശ്വാസികൾ)ക്കുണ്ടായതു പോലുള്ള അനുഭവങ്ങൾ നിങ്ങൾക്കും വന്നെത്താതെ നിങ്ങൾക്ക് സ്വർഗത്തിൽ പ്രവേശിക്കാനാകുമെന്ന് നിങ്ങൾ ധരിച്ചിരിക്കയാണോ? പ്രയാസങ്ങളും ദുരിതങ്ങളും അവരെ ബാധിക്കുകയുണ്ടായി. അല്ലാഹുവിന്റെ സഹായം എപ്പോഴായിരിക്കും എന്ന് അവരിലെ ദൈവദൂതനും അദ്ദേഹത്തോടൊപ്പം വിശ്വസിച്ചവരും പറഞ്ഞുപോകുമാറ് അവർ വിറപ്പിക്കപ്പെടുകയും ചെയ്തു. എന്നാൽ അല്ലാഹുവിന്റെ സഹായം അടുത്തു തന്നെയുണ്ട്" (ക്വുർആൻ 2:214).

ഇതിൽ 'ബഅ്സാഅ്' എന്നത് കഷ്ടപ്പാടിനെയും 'ദർവാഅ്' എന്നത് ശാരീരിക രോഗങ്ങളെയും 'സുൽസിലൂ' എന്നത് വധഭീഷണി, നാടുകടത്തൽ, സ്വത്ത്കവർന്നെടുക്കൽ, പ്രിയപ്പെട്ടവരെ കൊന്നൊടുക്കൽ എന്നീ കാര്യങ്ങൾ ഉൾക്കൊണ്ടിരിക്കുന്നുവെന്ന് ശൈഖ് നാസ്വിറുസ്സഅദി ﷺ വിശദീകരിച്ചതായി കാണാം.

സർവതും സൃഷ്ടിക്കപ്പെടുന്നതിന്റെ അമ്പതിനായിരം വർഷങ്ങൾക്ക് മുമ്പ് നിശ്ചയിക്കപ്പെട്ട കാര്യങ്ങ ളാണ് ഇപ്പോഴും നടന്നുകൊണ്ടിരിക്കുന്നത്.

അല്ലാഹു പറയുന്നു: "ഭൂമിയിലോ നിങ്ങളുടെ ദേഹങ്ങളിൽ തന്നെയോ യാതൊരു ആപത്തും ബാധിക്കുകയുണ്ടായിട്ടില്ല; അതിനെ നാം ഉണ്ടാക്കുന്നതിന് മുമ്പ് തന്നെ ഒരു രേഖയിൽ ഉൾപെട്ടുകഴിഞ്ഞതായിട്ടല്ലാതെ. തീർച്ചയായും അത് അല്ലാഹുവെ സംബന്ധിച്ചിടത്തോളം എളുപ്പമുള്ളതാകുന്നു" (ക്വുർആൻ 57:22).

**മതനിഷ്ഠയുള്ളവർ പരീക്ഷിക്കപ്പെടുകയില്ലെന്ന വിചാരം വ്യർഥമാണ്. വിശ്വാസത്തിന്റെ അളവനുസരിച്ച് നാം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് ഊക്ക് കൂടും. പ്രവാചകന്മാരും അനുചരരും കുടുംബം, സമൂഹം, ഭരണകൂടം എന്നിവ കൊണ്ടെല്ലാം പരീക്ഷിക്കപ്പെട്ടതായി ചരിത്രം പറയുന്നു. അല്ലാഹുവിന്റെ വിധിക്കും ശക്തിക്കും മുമ്പിൽ ആരും അതീതനും വലിയവനുമല്ലെന്ന തിരിച്ചറിവാണ് ഇടമുറിയാത്ത പരീക്ഷണങ്ങളിൽ നമുക്കുണ്ടാകേണ്ടത്. മനുഷ്യന് നൽകപ്പെട്ട അറിവും കഴിവും വളരെ പരിമിതമാണ്. ഇതെല്ലാം മറന്ന് കൊണ്ടുള്ള ഓട്ടം പരാജയത്തിലേക്കുള്ള കുതിച്ചു ചാട്ടമായിരിക്കും.**

വിധിവിശ്വാസത്തെ അംഗീകരിക്കാതെ അല്ലാഹുവിനോട് ദേഷ്യവും വെറുപ്പും വെച്ചുപുലർത്തുക വഴി പലരും ശിർക്കിലേക്കും സത്യനിഷേധത്തിലേക്കും ചെന്നെത്തുന്നു. ഇത് ഏറ്റവും വലിയ വിപത്താണ്.

അല്ലാഹു പറയുന്നു: "ഒരു വക്കിലിരുന്നുകൊണ്ട് അല്ലാഹുവെ ആരാധിച്ചുകൊണ്ടിരിക്കുന്നവനും ജനങ്ങളുടെ കൂട്ടത്തിലുണ്ട്. അവന്ന് വല്ല ഗുണവും വന്നെത്തുന്ന പക്ഷം അതിൽ അവൻ സമാധാനമടഞ്ഞു കൊള്ളും. അവന്ന് വല്ല പരീക്ഷണവും നേരിട്ടാലോ, അവൻ അവന്റെ പാട്ടിലേക്കുതന്നെ മറിഞ്ഞുകളയുന്നതാണ്. ഇഹലോകവും പരലോകവും അവന്ന് നഷ്ടപ്പെട്ടു. അതു തന്നെയാണ് വ്യക്തമായ നഷ്ടം" (ക്വുർആൻ 22:11).

ക്ഷമ, ശാന്തത, സൽവിചാരം എന്നീ നല്ല ഗുണങ്ങൾ പ്രകടിപ്പിക്കേണ്ടതിന് പകരം പരിഭ്രാന്തി, അസ്വസ്ഥത എന്നിവ പ്രകടിപ്പിക്കൽ പരീക്ഷണങ്ങളെ മറികടക്കാനുള്ള വഴികളല്ല.

അല്ലാഹു പറയുന്നു: "കുറച്ചൊക്കെ ഭയം, പട്ടിണി, ധനനഷ്ടം, ജീവനഷ്ടം, വിഭവനഷ്ടം എന്നിവ മുഖേന നിങ്ങളെ നാം പരീക്ഷിക്കുക തന്നെ ചെയ്യും. (അത്തരം സന്ദർഭങ്ങളിൽ) ക്ഷമിക്കുന്നവർക്ക് സന്തോഷവാർത്ത അറിയിക്കുക" (ക്വുർആൻ 2:155).

"നിങ്ങളുടെ കൂട്ടത്തിൽ സമരം ചെയ്യുന്നവരെയും ക്ഷമ കൈക്കൊള്ളുന്നവരെയും നാം തിരിച്ചറിയുകയും നിങ്ങളുടെ വർത്തമാനങ്ങൾ നാം പരിശോധി

ച്ചു നോക്കുകയും ചെയ്യുന്നതുവരെ നിങ്ങളെ നാം പരീക്ഷിക്കുക തന്നെ ചെയ്യും" (ക്വുർആൻ 47:31).

പറഞ്ഞ് പരത്തലും പേടിപ്പിക്കലും തമാശയാക്കി എടുത്തവർ പരീക്ഷിക്കപ്പെട്ടവരിലുണ്ട്. നന്ദി വാക്കും നന്മക്ക് വേണ്ടിയുള്ള തേട്ടവുമാണ് മനസ്സിനും കുടുംബത്തിനും എപ്പോഴും ആശ്വാസമാവുക.

അല്ലാഹു പറയുന്നു: "തങ്ങൾക്ക് വല്ല ആപത്തും ബാധിച്ചാൽ അവർ (ആ ക്ഷമാശീലർ) പറയുന്നത്; ഞങ്ങൾ അല്ലാഹുവിന്റെ അധീനത്തിലാണ്. അവങ്കലേക്ക് തന്നെ മടങ്ങേണ്ടവരുമാണ് എന്നായിരിക്കും"(ക്വുർആൻ 2:156).

അബൂസലമﷺയുടെ മരണശേഷം നബിﷺ ഉമ്മു സലമﷺയോട് പ്രാർഥിക്കാൻ പറഞ്ഞത് ഇങ്ങനെയാണ്: "അല്ലാഹുവേ എനിക്കേറ്റ വിപത്തിൽ നീ എനിക്ക് പ്രതിഫലം നൽകേണമേ. ഇതിനെക്കാൾ നല്ലത് എനിക്ക് പകരം നൽകേണമേ.' ഇപ്രകാരം ചൊല്ലിയാൽ നഷ്ടപ്പെട്ടതിനെക്കാൾ ഉത്തമമായത് അല്ലാഹു അയാൾക്ക് പകരം നൽകാതിരിക്കാല്ല" (മുസ്‌ലിം).

വിശ്വാസികളുടെ മാതാവായിട്ടാണ് ഉമ്മു സലമﷺ പിന്നീട് ചരിത്രത്തിൽ അറിയപ്പെട്ടത്.

പരസ്പര സഹായവും സഹകരണങ്ങളും വിപൽഘട്ടങ്ങളിൽ അനിവാര്യമാണ്. പിണക്കവും ഒത്തൊരുമയില്ലായ്മയും സന്തോഷം പകരുകയില്ല.

അബൂഹുറയ്റﷺയിൽ നിന്ന് നിവേദനം. നബിﷺ പറഞ്ഞു: "ഒരാൾ ഒരു മുസ്‌ലിമിന്റെ ഭൗതികമായ വിഷമങ്ങളിലൊന്നിന് നിവാരണമുണ്ടാക്കിയാൽ ഉയിർത്തെഴുന്നേൽപിന്റെ നാളിൽ അയാൾക്ക് അനുഭവിക്കേണ്ടിവരുന്ന വിഷമങ്ങളിലൊന്നിന്ന് അല്ലാഹുവും നിവാരണമുണ്ടാക്കിക്കൊടുക്കുന്നതാണ്. ജീവിത വിഷമങ്ങളനുഭവിക്കുന്ന ഒരു വ്യക്തിയുടെ വിഷമങ്ങൾ ആരെങ്കിലും ലഘൂകരിച്ചുകൊടുത്താൽ ഇഹലോകത്തും പരലോകത്തും അല്ലാഹു അവരുടെയും വിഷമതകൾ ലഘുകരിച്ചുകൊടുക്കുന്നതാണ്. ഒരു മുസ്‌ലിമിന്റെ കുറ്റങ്ങളും കുറവുകളും ആരെങ്കിലും ഗോപ്യമാക്കി വെച്ചാൽ അല്ലാഹു അവരുടെയും കുറ്റങ്ങളും കുറവുകളും ഗോപ്യമാക്കി വെക്കുന്നതാണ്. മനുഷ്യൻ തന്റെ സഹോദരനെ സഹായിച്ചു കൊണ്ടിരിക്കുന്ന കാലമത്രയും അല്ലാഹു മനുഷ്യനെ സഹായിച്ചു കൊണ്ടിരിക്കും" (മുസ്‌ലിം).

അല്ലാഹു ഒരുക്കിയ അനുഗ്രഹങ്ങളിൽ വിപത്ത് വന്ന് ഭവിക്കുമ്പോൾ നിരാശക്കും വ്യസനത്തിനും അടിമപ്പെട്ട് നന്ദികെട്ടവനും അക്രമിയുമാകുന്ന പ്രകൃതം മനുഷ്യനുണ്ട്.

അല്ലാഹു പറയുന്നു: "മനുഷ്യന്ന് നാം നമ്മുടെ പക്കൽ നിന്നുള്ള വല്ല കാരുണ്യവും ആസ്വദിപ്പിക്കുകയും എന്നിട്ട് നാം അതവനിൽ നിന്ന് എടുത്തുനീക്കുകയും ചെയ്താൽ തീർച്ചയായും അവൻ നിരാശനും ഏറ്റവും നന്ദികെട്ടവനുമായിരിക്കും. അവന്ന് ഒരു കഷ്ടത ബാധിച്ചതിന് ശേഷം നാമവന്ന് ഒരു അനുഗ്രഹം ആസ്വദിപ്പിച്ചുവെങ്കിലോ നിശ്ചയമായും അവൻ പറയും; തിൻമകൾ എന്നിൽ നിന്ന് ഒഴിഞ്ഞ് പോയിരിക്കുന്നു എന്ന്. തീർച്ചയായും അവൻ ആഹ്ലാദഭരിതനും അഹങ്കാരിയുമാകുന്നു" (ക്വുർആൻ 9:10,11).

സ്രഷ്ടാവിൽനിന്ന് പ്രതിഫലം കാംക്ഷിച്ച് ഇതിനെക്കാൾ നല്ലത് ലഭിക്കുമെന്ന പ്രതീക്ഷയുംതിരിച്ചറിവുമാണ് വിവേകമതികൾക്കുണ്ടാകേണ്ടത്.

പ്രാർഥന വലിയ ആശ്വാസവും പ്രതീക്ഷയുമാണ്. പരീക്ഷിക്കപ്പെട്ടവർക്കും അതിൽ അകപ്പെടാതിരിക്കാനും നാം പ്രാർഥിക്കണം. അല്ലാഹു പറയുന്നു:

"ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളെ സത്യനിഷേധികളുടെ പരീക്ഷണത്തിന് ഇരയാക്കരുതേ. ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾക്ക് നീ പൊറുത്തുതരികയും ചെയ്യേണമേ. തീർച്ചയായും നീ തന്നെയാണ് പ്രതാപിയും യുക്തിമാനും" (ക്വുർആൻ 60:5).

ഹയ്യാഷ് ഇബ്നു അബീ റബീഹﷺ ഉമർﷺവിനോടൊപ്പം മദീനയിലേക്ക് ഹിജ്റ പോയ വേളയിൽ അദ്ദേഹത്തിന്റെ കുടുംബക്കാരാൽ പരീക്ഷിക്കപ്പെട്ടു. നബിﷺ ദാറുൽ അർക്വമിൽ വെച്ച് പ്രബോധനം തുടങ്ങുന്നതിന് മുമ്പ് തന്നെ ഇസ്‌ലാം സ്വീകരിച്ച് യർമൂക്ക് യുദ്ധത്തിൽ ശഹീദായ സ്വഹാബി കൂടിയാണ് അദ്ദേഹം. തന്നെ കൂട്ടാൻവന്നവർ ഒരുക്കിയ ചതിയറിയാതെ മക്കയിലെത്തിയ അദ്ദേഹത്തെ ശത്രുക്കൾ ബന്ധിയാക്കി. ഈ വാർത്തയറിഞ്ഞ നബിﷺ അവർക്ക് വേണ്ടി ഇപ്രകാരം പ്രാർഥിച്ചു: "അല്ലാഹുവേ, ഹയ്യാഷ്ബ്നു അബീറബീഹ, സലമത്ത്ബ്നു ഹിഷാം, വലീദ്ബ്നുൽ വലീദ് എന്നിവർക്കും വിശ്വാസിക ളിലെ ദുർബലർക്കും നീ രക്ഷ നൽകേണമേ"(ബുഖാരി).

അല്ലാഹുവിന്റെ വിധിക്കും ശക്തിക്കും മുമ്പിൽ ആരും അതീതനും വലിയവനുമല്ലെന്ന തിരിച്ചറിവാണ് ഇടമുറിയാത്ത പരീക്ഷണങ്ങളിൽ നമുക്കുണ്ടാകേണ്ടത്. മനുഷ്യന് നൽകപ്പെട്ട അറിവും കഴിവും വളരെ പരിമിതമാണ്. ഇതെല്ലാം മറന്ന് കൊണ്ടുള്ള ഓട്ടം പരാജയത്തിലേക്കുള്ള കുതിച്ചു ചാട്ടമായിരിക്കും. ●

കെ.ഇ.എൻ കുഞ്ഞഹമ്മദ്
ഡോ. സി. മുഹമ്മദ് റാഫി





# ഫാഷിസം, ജനാധിപത്യം, മതനിരപേക്ഷത

**ഒരു ജനാധിപത്യ മതനിരപേക്ഷ രാജ്യത്ത് ഫാഷിസം എത്രമാത്രം ആത്മവിശ്വാസത്തോടെ തങ്ങളുടെ ഗൂഢ അജണ്ടകൾ നടപ്പാക്കാൻ ശ്രമിക്കുന്നു എന്നതിന്റെ പ്രത്യക്ഷ ഉദാഹരണമാണ് പൗരത്വ ഭേദഗതി നിയമവും അതിനെ തുടർന്നുണ്ടായ സംഭവവികാസങ്ങളും. സംഘ്പരിവാർ മുന്നോട്ടുവെക്കുന്ന വിഭജന പ്രത്യയശാസ്ത്രത്തിന്റെ അടിസ്ഥാനമെന്താണ്, അത് സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങൾ എന്തൊക്കെയാണ്, ചരിത്രബോധമുള്ളവർ നിരീക്ഷിക്കുന്ന ഇതിന്റെ ഭാവിയെന്താണ്? തുറന്ന സംസാരം.**

*പൗരത്വ ഭേദഗതി നിയമം ഇന്ത്യയിൽ നടപ്പിലാക്കുമ്പോൾ; അത് 1940കൾ മുതൽ മഹാത്മാ ഗാന്ധി അടക്കമുള്ള ദേശീയ നേതാക്കൾ ആവശ്യപ്പെട്ടതിന്റെ ചുവടുപിടിച്ചാണ് എന്നും അയൽരാജ്യങ്ങളിൽ നിന്നുള്ള മതന്യൂനപക്ഷങ്ങൾ അവിടെ അനുഭവിക്കുന്ന മതപീഡനങ്ങൾക്കും മറ്റു പ്രതിസന്ധികൾക്കും പരിഹാരമായിട്ടാണ് എന്നുമുള്ള സംഘ്പരിവാർ ന്യായീകരണത്തെ സമകാലിക സാഹചര്യത്തിൽ നമുക്ക് എത്രമാത്രം വിശ്വാസത്തിലെടുക്കാനാകും?*

സത്യത്തിൽ സംഘ്പരിവാർ അവതരിപ്പിക്കുന്ന ഓരോ വാദഗതിയും സ്വയം വൈരുധ്യത്തിൽ ചെന്ന് അവസാനിക്കുന്നതായിട്ടാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്. ഉദാഹരണം അവർ ഈ ബില്ലിന് നൽകിയിരിക്കുന്ന പേരുതന്നെയാണ്.

അവർ നൽകിയിരിക്കുന്ന പേര് 'പൗരത്വ ഭേദഗതി നിയമം' എന്നാണ്. സത്യത്തിൽ പൗരത്വ ഭേദഗതി നിയമം എന്ന പേര് തന്നെ ആധുനിക വൈജ്ഞാനിക സാംസ്കാരിക കാലാവസ്ഥയിൽ നാം ആലോചിച്ച് കഴിഞ്ഞാൽ, കൃത്യമായും നമുക്ക് ഇതിന്റെ അപരിഷ്കൃത പിന്തിരിപ്പൻ നയത്തെ തിരിച്ചറിയാൻ പറ്റും.

നിലവിലുള്ള പൗരത്വത്തിന്റെ സാധ്യത വിപുലപ്പെടുത്തുക, വിസ്തൃതമാക്കുക. ജനങ്ങൾക്ക് കുറേകൂടി സ്വാതന്ത്ര്യം അനുഭവിക്കാവുന്ന ഒരവസ്ഥ ഉണ്ടാക്കിയെടുക്കുക. ഇപ്പോൾ നമ്മൾ ആഗോള വൽക്കരണം എന്ന് പറയുമ്പോൾ സാധാരണയായി പറയുന്ന ഒരു കാര്യമുണ്ട്; മുമ്പത്തെപ്പോലെ അതിർത്തികളൊന്നും തന്നെ ഇപ്പോൾ പ്രസക്തമല്ല, എങ്ങും വെളിച്ചത്തിന്റെ തുളഞ്ഞു കയറ്റമാണ്, ഇരുമ്പ് മറകളൊക്ക അപ്രത്യക്ഷമായി, മതിലുകൾ പൊളിഞ്ഞു എന്നൊക്കെയാണ് നമ്മൾ പറയുന്നത്. പക്ഷേ, അതേ നമ്മൾതന്നെ ദൗർഭാഗ്യവശാൽ ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത് ഒരു ഭാഗത്തു മതില് പൊളിഞ്ഞു എന്ന് പറഞ്ഞ് ആഗോളവൽക്കരണത്തെ സ്തുതിക്കുകയും മൂലധനത്തിന്റെ മുമ്പിൽ ദേശരാഷ്ട്രം നിർമിച്ച തടസ്സങ്ങളൊക്കെ തട്ടിമാറ്റി ജനങ്ങളുടെ മുമ്പിൽ കൂടുതൽ തടസ്സങ്ങൾ ഉണ്ടാക്കുന്ന തരത്തിലാണ്. ആ ഒരു പ്രവർത്തനമാണ് ഫാഷിസം നടത്തിക്കൊണ്ടിരിക്കുന്നത്. അതായത് മൂലധനത്തിന് സർവതന്ത്ര സ്വതന്ത്ര സഞ്ചാര സാധ്യതകൾ ഉണ്ടാക്കിക്കൊടുക്കുകയും അതേസമയം ജനങ്ങൾക്ക് പല തരത്തിലുള്ള നിയന്ത്രണങ്ങൾ കൊണ്ടുവരികയും ചെയ്യുന്നു എന്ന് ചുരുക്കം.

ഇന്ത്യയിൽ ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്നത് ഇതാണ്. അതിനാൽ ഈ പൗരത്വ ഭേദഗതി നിയമം എന്ന് പറയുമ്പോൾ ജനാധിപത്യത്തിന്റെ കാഴ്ചപ്പാടിൽ പൗരത്വത്തിന്റെ സാധ്യതകൾ വിപുലപ്പെടുത്തണം, വിസ്തൃതമാക്കണം, കുറേകൂടി സൗകര്യം നൽകണം. അതിനുപകരം സത്യത്തിൽ ഇപ്പോൾ 2019 ഡിസംബർ 12ൽ വിജ്ഞാപനമായിട്ടുള്ള ഈ പൗരത്വ ഭേദഗതി നിയമത്തിൽ ചെയ്തിരിക്കുന്നത് നിലവിലുള്ള പൗരത്വത്തിന്റെ സാധ്യതകളെ സങ്കോചിപ്പിക്കുകയാണ്, പൗരത്വത്തെ പരിമിതപ്പെടുത്തുകയാണ്, നിലവിലുള്ള പൗരത്വത്തെ തന്നെ ശിഥിലമാകുകയാണ് ചെയ്തിരിക്കുന്നത്. അതുകൊണ്ട് ഞാൻ എല്ലായ്പ്പോഴും പറഞ്ഞുകൊണ്ടിരിക്കുന്നത്; പൗരത്വഭേദഗതി നിയമം എന്നുള്ളത് ഇന്ത്യൻ ഫാഷിസത്തിന്റെ ഒരു പരസ്യ വാചകമാണ്, അതിന് യാഥാർഥ്യവുമായി ഒരു പൊരുത്തവുമില്ല, സത്യത്തിൽ ഇതിനെ വിളിക്കേണ്ടത് പൗരത്വവിരുദ്ധബിൽ എന്ന് തന്നെയാണ്. വേണമെങ്കിൽ കുറച്ചുകൂടി ഒന്ന് മയപ്പെടുത്തിയിട്ട് 'പൗരത്വ വിവേചന നിയമ'മെന്ന് വിളിക്കാം. പക്ഷേ, പൗരത്വ വിവേചന നിയമം എന്ന് വിളിക്കുമ്പോൾ അത് പ്രത്യക്ഷത്തിൽ ശരിയാകും. എന്നാൽ സൂക്ഷ്മാർഥത്തിൽ ശരിയാകണമെങ്കിൽ ഞാനിപ്പോഴും കരുതുന്നത് ഇതിനെ പൗരത്വ വിരുദ്ധ നിയമം എന്ന് തന്നെ വിളിക്കണം എന്നാണ്.



സത്യത്തിൽ ഇന്ത്യൻ ഫാഷിസം ചെയ്തുകൊണ്ടിരിക്കുന്നത് പൗരത്വത്തിന്റെ സാധ്യതകളെ പരിമിതപ്പെടുത്തുന്ന, ഒരു പൗരത്വ വിരുദ്ധ ബിൽ അവതരിപ്പിച്ചിട്ട് ആ പൗരത്വ വിരുദ്ധ ബില്ലിന്റെ പിതൃത്വം സംഘ്പരിവാർ കൊന്ന് കൊലവിളിച്ച മഹാത്മാഗാന്ധിയുടെ ശിരസ്സിലിടുക എന്ന ഏറ്റവും വികൃതമായ കാര്യമാണ്.

ഈ ബില്ല് അവതരിപ്പിച്ചു എന്നുള്ളത് തന്നെ ജനാധിപത്യ പശ്ചാത്തലത്തിൽ നോക്കിയാൽ ജനാധിപത്യ വിരുദ്ധ കുറ്റകൃത്യമാണ്. അത് മഹാത്മാഗാന്ധിയുടെ ശിരസ്സിലിടുക എന്ന് പറഞ്ഞാൽ അതിനെക്കാൾ വലിയ കുറ്റകൃത്യമാണ്. കാരണമെന്താണെന്ന്

വെച്ചാൽ മഹാത്മാഗാന്ധി തന്റെ ജീവിതത്തിലുടനീളം പറഞ്ഞുകൊണ്ടിരുന്നത് മതപരമായ വിവേചനം പാടില്ല എന്നാണ്. എന്റെ ഒരു കണ്ണ് ഹിന്ദുവാണെങ്കിൽ മറ്റേകണ്ണ് മുസ്‌ലിമാണ് എന്നു പറഞ്ഞ മഹാത്മാഗാന്ധി, മതമൈത്രിയുടെ മുദ്രാവാക്യം മുഴക്കിയ മഹാത്മാഗാന്ധി. സ്വാതന്ത്ര്യസമരം കത്തിനിൽക്കുമ്പോൾ ഗാന്ധിയോട് ലൂയി ഫിഷർ ചോദിക്കുന്നുണ്ട്; അങ്ങയുടെ ലക്ഷ്യം എന്താണെന്ന്. അപ്പോൾ ഗാന്ധി പറഞ്ഞു: 'ഒന്ന് മതമൈത്രി, രണ്ട് സ്വദേശിവൽക്കരണം, മൂന്ന് അയിത്തോച്ചാടനം. ഇത് മൂന്നുമാണ് എന്റെ ലക്ഷ്യം.' അപ്പോൾ ലൂയി ഫിഷർ ചോദിച്ചു: 'സ്വാതന്ത്ര്യമോ?' കാരണം സാമ്രാജ്യത്വത്തിനെതിരെ സമരം നടക്കുകയാണല്ലോ. അതിന് ഗാന്ധി 'അയിത്തോച്ചാടനവും മതമൈത്രിയും അതുപോലെ തന്നെ സ്വദേശിവൽക്കരണവുമുണ്ടെങ്കിൽ സ്വാതന്ത്ര്യം താനെ ഉണ്ടാകും' എന്ന് മറുപടി പറയുന്നുണ്ട്. മതപരമായ വിവേചനം പാടില്ല എന്ന് പറഞ്ഞ മഹാത്മാഗാന്ധിയുടെ ശിരസ്സിൽ, കൃത്യമായും മതവിവേചനത്തിലധിഷ്ഠിതമായുള്ള ഒരു പൗരത്വ വിരുദ്ധ നിയമത്തിന്റെ പിതൃത്വം ആരോപിക്കുക എന്ന് പറഞ്ഞാൽ മഹാത്മാഗാന്ധിയെ സംഘ്പരിവാർ ഫാഷിസ്റ്റുകൾ വെടിവെച്ച് കൊന്നതിന് ശേഷവും നിരവധി തവണ വീണ്ടും കൊന്നുകൊണ്ടിരിക്കുന്നതിന്റെ ഒരു ഭാഗമായിട്ട് മാത്രമെ ഇതിനെ കാണാൻ പറ്റുകയുള്ളൂ.

എന്തിനാണിക്കാര്യത്തിൽ അവർ ഗാന്ധിയെ തിരിച്ചു കൊണ്ടുവരുന്നത്? ഗാന്ധിയുടെ കഥ കഴിക്കുകയും ഗാന്ധി സ്മരണകളെ നിരന്തരം അവഹേളിക്കുകയും ചെയ്യുന്നവരാണിവർ. എന്തിനാണ് 2019ൽ കൊണ്ടുവന്ന ഈ മനുഷ്യത്വ വിരുദ്ധമായുള്ള നിയമത്തെ മാനവികതക്കുവേണ്ടി ജീവൻ ബലിയർപ്പിച്ച മഹാത്മാഗാന്ധിയുടെ തലയിൽ കെട്ടിവെക്കുന്നത്? എന്തുകൊണ്ട് ഇവർക്കത് സ്വന്തമായി ഏറ്റെടുത്തു കൂടാ? കാരണമെന്താണെന്ന് വെച്ചാൽ 2019ൽ അല്ലല്ലോ സംഘ്പരിവാർ ഈ ബില്ലിന്റെ ആശയം മുന്നോട്ടുവെക്കുന്നത്. മറിച്ച് ആർ.എസ്.എസ് എന്ന് രൂപപ്പെട്ടോ അന്നുമുതൽ ഈ ആശയം സംഘ്പരിവാറിന്റെ ആശയലോകത്തുണ്ട്. അതെന്തിന് ഗാന്ധിയുടെ മേൽ കെട്ടിവെക്കുന്നു? ഇവിടെയാണ് ഹിറ്റ്ലറുടെ വളരെ പ്രസിദ്ധമായ 'മെയിൻ കാംഫി'ൽ ഒരു പ്രസ്താവനയുള്ളത് നാം ശ്രദ്ധിക്കേണ്ടത്. 'നമ്മൾ നുണ പറയുമ്പോൾ ഏറ്റവും വലിയ നുണകൾ പറയണം' എന്ന് ഹിറ്റ്ലർ പറഞ്ഞിട്ടുണ്ട്. അതിന്റെ കാരണമെന്തെന്ന് വെച്ചാൽ ചെറിയ നുണകളാകുമ്പോൾ ആളുകൾക്ക് ഇത് സത്യമാണോ അല്ലേയെന്ന് ഒരു സംശയം തോന്നും. അതാണ് പൊതു മാനസികാവസ്ഥ. വലിയ നുണയാകുമ്പോൾ 'ഏയ് അങ്ങനെയുള്ള ഒരു നുണ പറയാൻ പറ്റുമോ' എന്ന് വിചാരിച്ച് ജനങ്ങൾ സൽബുദ്ധിയോടെ ചിന്തിച്ച് പോകും. ജനങ്ങളുടെ സൽബുദ്ധിയെ മുതലെടുക്കാൻ ഏറ്റവും വലിയ ഫാഷിസ്റ്റായ ഹിറ്റ്ലർ നിർദേശിച്ച തരത്തിലുള്ള ഏറ്റവും വലിയ നുണയാണ് ഈ പൗരത്വ ബില്ലിന്റെ പശ്ചാലത്തിൽ അതിന്റെ പിതൃത്വം ഗാന്ധിയുടെ ശിരസ്സിൽ ഇടുന്ന ഈ പ്രസ്താവന.

*ഒട്ടും ജനാധിപത്യപരമായി ചിന്തിക്കാത്ത, ഡിപ്ലോമാറ്റിക്കായി ഇടപെടാത്ത ഒരു ഭരണകൂടവും ഭരണാധികാരികളും നിലനിൽക്കുന്ന സാഹചര്യത്തിൽ ജനാധിപത്യപരമായ സഹന സമരങ്ങൾ എത്രമാത്രം വിജയിക്കും എന്നൊരു ആശങ്ക പൊതുവിൽ രൂപപ്പെട്ടുവരുന്നുണ്ടോ? ആ രംഗത്ത് നിർദേശിക്കാവുന്ന കാര്യങ്ങൾ എന്താണ്?*

ഒന്നാമത് ഈ സമരങ്ങൾ തന്നെയാണ് വിജയം. അതായത് ഈ സമരത്തിന്റെ ഫലം എന്തായിരിക്കു



> **2016ലെ ഓക്സ്ഫോർഡ് ഡിക്ഷ്ണറിയിലാണ് 'പോസ്റ്റ് ട്രൂത്ത് എന്നുള്ളത് ഈ കാലത്തെ ഏറ്റവും പ്രധാനപ്പെട്ട ഒരു പരികൽപനയാണെന്നുള്ള നിരീക്ഷണം വന്നത്. 2020ൽ ലോകത്തിലേറ്റവും പ്രധാനപെട്ട ഒരു പദമായിട്ട്, പദാവലിയായിട്ട് ഷഹീൻബാഗ് ഫ്രഞ്ച് ഡിക്ഷ്ണറിയിലും ജർമൻ ഡിക്ഷ്ണറിയിലും ഓക്സ്ഫോർഡ് ഡിക്ഷ്ണറിയിലും ഇടംപിടിക്കും. ജർമൻകാർ അതിനെ എങ്ങനെയാണ് ഉച്ചരിക്കുക എന്നുള്ളത് എനിക്കറിയില്ല, ഫ്രഞ്ചുകാർ എങ്ങനെ ഉച്ചരിക്കും എന്നറിഞ്ഞു കൂടാ. പക്ഷേ, ഒരു കാര്യം ഉറപ്പാണ്. സമാനതകളില്ലാത്ത ഒരു സമരകേന്ദ്രം എന്ന് അർഥംവരുന്ന വാക്കായിട്ട്, പദാവലിയായിട്ട് ഇത് മാറും. കാരണം ഷഹീൻബാഗ് ഇനി മുതൽ ഒരു സ്ഥലത്തിന്റെ പേരല്ല. അത് സമാനതകളില്ലാത്ത ഒരു പ്രക്ഷോഭത്തിന്റെ പര്യായമാണ്. ആ അർഥത്തിൽ ഡിക്ഷ്ണറിയിൽ രേഖപ്പെടുത്തപ്പെടും എന്നാണ് ഞാൻ വിചാരിക്കുന്നത്.**

മെന്നത് പ്രധാനമാണ് എങ്കിലും ഇത്തരം സമരം ഇന്ത്യയിൽ ഉണ്ടായിത്തീർന്നു എന്നുള്ളത് തന്നെ വൻ വിജയമാണ്. ജനാധിപത്യത്തിന്റെ വൻ വിജയം. അത് വിജയമാകുന്നതിന്റെ പശ്ചാത്തലമെന്തെന്ന് പറഞ്ഞാൽ, ഈ ബില്ല് നിയമമാക്കുമ്പോൾ, വിജ്ഞാപനമാക്കുമ്പോൾ ഇന്ത്യൻ ഫാഷിസത്തിന് വലിയ ശുഭപ്രതീക്ഷയായിരുന്നു. ആ പ്രതീക്ഷ എന്താണെന്ന് പറഞ്ഞാൽ; ഇതിനോട് ഇന്ത്യൻ ജനത പൊരുത്തപ്പെടും എന്ന് അവർ കരുതി. അങ്ങനെ ഇന്ത്യൻ ജനത പൊരുത്തപ്പെടും എന്നവർ കരുതാൻ അവർക്ക് ന്യായമുണ്ട്. കാരണം ഇത്രതന്നെ ഭീകരമായുള്ള ജനാധിപത്യ വിരുദ്ധ നിയമങ്ങൾ തൊട്ട് മുൻപ് വന്നപ്പോഴും ഇന്ത്യൻജനത ചെറിയ രീതിയിൽ മാത്രം പ്രതികരിച്ചു. ആ പ്രതികരണം പെട്ടെന്ന് അവസാനിച്ചു പോകുകയാണ് ഉണ്ടായത്. ഇതാണ് ഇന്ത്യൻ ഫാഷിസത്തിന് പ്രതീക്ഷ നൽകിയത്.

അപ്പോൾ അവർ വിചാരിച്ചു; ഇതിനോടും ചെറിയ പ്രതികരണമൊക്കെ ഉണ്ടാകും, പെട്ടെന്ന് അത് അവസാനിച്ചു പോകും എന്ന്. പക്ഷേ, അവരുടെ പ്രതീക്ഷകൾ പൊളിച്ചുകൊണ്ട് ഇന്ത്യൻ ജനത ഒരുമിച്ചു നിന്ന് നടത്തുന്ന വലിയ ഒരു സമരമായിട്ട് ഇതങ്ങു വളർന്നു. അതും ഇവരെ വല്ലാതെ പരിഭ്രാന്തരാക്കിയിട്ടുണ്ട്. ഇവരാദ്യം വിചാരിച്ചത് മുസ്‌ലിംകളുടെ പൗരത്വമാണല്ലോ ഞങ്ങൾ എടുത്തുകളയുന്നത്, മുസ്‌ലിംകൾ അല്ലാത്തവരുടെ പൗരത്വം ഞങ്ങൾ ഓഫർ ചെയ്തിട്ടുണ്ടല്ലോ. അതുകൊണ്ട് പൗരത്വം ലഭിക്കുന്നവർ ഞങ്ങൾക്കൊപ്പം നിൽക്കും. പൗരത്വം നിഷേധിക്കപ്പെടുന്ന ഒരു വിഭാഗം ചെറിയ ചില പ്രതിഷേധമൊക്കെ നടത്തും, അത് താനെ അവസാനിച്ചു പോകും. അങ്ങനെ ജനങ്ങളെ മതാടിസ്ഥാ നത്തിൽ ഭിന്നിപ്പിക്കാനുള്ള ഫാഷിസത്തിന്റെ അജണ്ട വിജയിക്കും. ഇതായിരുന്നു വിചാരിച്ചത്. പക്ഷേ, ഇന്ത്യൻ ജനത ആദ്യം തന്നെ പൊളിച്ചത് ഇവരുടെ അജണ്ടയാണ്. ഇതൊരു മതവിഭാഗത്തിന്റെ പ്രശ്നമല്ല, ഇന്ത്യൻ ജനതയുടെ മൊത്തം പ്രശ്നമാണ് എന്ന തിരിച്ചറിവിൽ എല്ലാ വിഭാഗം ജനങ്ങളും ഒരുമിച്ച് ചേർന്ന് വന്നു. അതുകൊണ്ടാണ് ഞാൻ തുടക്കത്തിൽ പറഞ്ഞത്; ഈ സമരം തന്നെ ഒരു വിജയമാണ്.

ഇനി രണ്ടാമത്തെ ചോദ്യം; അത് വളരെ പ്രസക്തമാണ്. അതായത് ഈ സമരത്തിന്റെ അനന്തരഫലം എന്തായിരിക്കും? ഒരു സംശയവുമില്ല! ഈ സമരത്തിന്റെ മുമ്പിൽ ഇന്ത്യൻ ഫാഷിസ്റ്റുകൾക്ക് മുട്ടുമടക്കേണ്ടി വരും. ഇപ്പോൾ ഈ സമരം നടക്കുന്ന ഷഹീൻബാഗ് നോക്കിയാൽ മതി. ഷഹീൻബാഗിനെ കുറിച്ച് എന്റെ ഒരു നിരീക്ഷണം എന്താണെന്ന് പറയാം. 2016ലെ ഓക്സ്ഫോർഡ് ഡിക്ഷ്ണറിയിലാണ് 'പോസ്റ്റ് ട്രൂത്ത്' എന്നുള്ളത് ഈ കാലത്തെ ഏറ്റവും പ്രധാനപ്പെട്ട ഒരു പരികൽപനയാണെന്നുള്ള നിരീക്ഷണം വന്നത്. അതിനോട് പൂർണ യോജിപ്പുള്ള ആളല്ല ഞാൻ. പക്ഷേ, എങ്കിൽ തന്നെയും പോസ്റ്റ് ട്രൂത്ത് വ്യാപകമായിട്ട് ചർച്ച ചെയ്യപ്പെടുന്നുണ്ട്. പക്ഷേ, എനിക്ക് ഉറപ്പിച്ചു പറയാൻ പറ്റുന്ന ഒരു കാര്യമുണ്ട്. 2020ൽ ലോകത്തിലേറ്റവും പ്രധാനപെട്ട ഒരു പദമായിട്ട്, പദാവലിയായിട്ട് ഷഹീൻബാഗ് ഫ്രഞ്ച് ഡിക്ഷ്ണറിയിലും ജർമൻ ഡിക്ഷ്ണറിയിലും ഓക്സ്ഫോർഡ് ഡിക്ഷ്ണറിയിലും ഇടംപിടിക്കും. ജർമൻകാർ അതിനെ എങ്ങനെയാണ് ഉച്ചരിക്കുക എന്നുള്ളത്

എനിക്കറിയില്ല, ഫ്രഞ്ചുകാർ എങ്ങനെ ഉച്ചരിക്കും എന്നറിഞ്ഞു കൂടാ. പക്ഷേ, ഒരു കാര്യം ഉറപ്പാണ്. സമാനതകളില്ലാത്ത ഒരു സമരകേന്ദ്രം എന്ന് അർഥംവരുന്ന വാക്കായിട്ട്, പദാവലിയായിട്ട് ഇത് മാറും. കാരണം ഷഹീൻബാഗ് ഇനി മുതൽ ഒരു സ്ഥലത്തിന്റെ പേരല്ല. അത് സമാനതകളില്ലാത്ത ഒരു പ്രക്ഷോഭത്തിന്റെ പര്യായമാണ്. ആ അർഥത്തിൽ ഡിക്ഷ്ണറിയിൽ രേഖപ്പെടുത്തപ്പെടും എന്നാണ് ഞാൻ വിചാരിക്കുന്നത്. രേഖപ്പെടുത്തപ്പെട്ടിട്ടില്ലെങ്കിൽ അത് ആ ഡിക്ഷ്ണറിക്ക് നഷ്ടം എന്ന് മാത്രമെ പറയാൻ പറ്റൂ. കാരണം അത്ര വലിയ സമരമാണത്. ഈ സമരം ഏറ്റവും വലുതാണ് എന്ന് ഞാൻ വിചാരിക്കുന്നതിന്റെ കാരണമെന്താണെന്ന് വെച്ചാൽ സാധാരണഗതിയിൽ നമ്മുടെ ജീവിതവും സമരവും തമ്മിൽ ഒരു ചെറിയ അതിർത്തി ഉണ്ട്. നമ്മൾ ഒരു ജാഥക്ക് പോകുകയാണെങ്കിൽ, ഒരു പിക്കറ്റിങ്ങിന് പോകുകയാണെങ്കിൽ; നമ്മൾ വീട്ടിൽ നിന്ന് പിക്കറ്റിങ്ങിനു പോകുന്നു. പിക്കറ്റിങ് കഴിഞ്ഞ് വീട്ടിലേക്ക് തിരിച്ചുവരുന്നു. അല്ലെങ്കിൽ പിക്കറ്റിങ്ങിൽ അറസ്റ്റ് ചെയ്യപ്പെട്ട് നമ്മൾ ജയിലിലേക്ക് പോകുന്നു. ഇത്രയാണ് സംഭവിക്കുക. പക്ഷേ, ഷഹീൻബാഗിൽ അങ്ങനെയല്ല. ഷഹീൻബാഗിൽ അവിടെത്തന്നെയാണ് അവർ സമരം ചെയ്യുന്നത്. അവിടെത്തന്നെയാണ് അവർ ഭക്ഷണം കഴിക്കുന്നത്. അവിടെത്തന്നെയാണ് അവർ പാട്ടുപാടുന്നത്. അവിടെത്തന്നെയാണ് അവരുടെ കുട്ടികൾ പഠിക്കുന്നത്. കുട്ടികൾ സ്കൂളിൽ പോകുന്നത് ഷഹീൻബാഗിൽ നിന്നാണ്. കുട്ടികൾ സ്കൂൾ വിട്ട് വരുന്നത് ഷഹീൻബാഗിലേക്കാണ്, അവർ ഗൃഹപാഠം ചെയ്യുന്നത് ഷഹീൻബാഗിൽ നിന്നാണ്. അവർ മുദ്രാവാക്യം വിളിക്കുന്നതും ഷഹീൻബാഗിൽ തന്നെയാണ്.

അപ്പോൾ കുട്ടികളും മുതിർന്നവരും ഭിന്നശേഷിക്കാരും പ്രായമുള്ളവരും എല്ലാവരും എവിടെ? എവിടെ പഠനം? എവിടെ സമരം? എവിടെ ഭക്ഷണം? എവിടെ രോഗം? ഈ അതിർത്തിയൊക്കെ അപ്രസക്ത മായിട്ട് മാറുകയാണ്. ഒരു സമരത്തിന്റെ ഏറ്റവും വലിയ വിജയം അതാണ്. ആ അർഥത്തിൽ ഷഹീൻബാഗ് ഒരു പ്രതിഷേധത്തിന്റെ പ്രതീകമായി മാറിയിരിക്കുന്നു.

മാത്രമല്ല ഷഹീൻബാഗ് ഇന്ത്യയിലെ മറ്റു പല സ്ഥലങ്ങളിലും ഉയർന്നുവരുന്നു. ഒരു ഷഹീൻബാഗിൽ നിന്ന് ആയിരം ഷഹീൻബാഗുകൾ ഉയർന്നുവരുന്നു! വേറൊരു പ്രത്യേകത കൂടിയുണ്ട്. പലവിധ കാരണങ്ങളാൽ വീടുകളിൽ ഒതുങ്ങിക്കഴിഞ്ഞിരുന്ന സ്ത്രീകളാണ് ഈ സമരത്തിന്റെ നേതൃത്വം. മൂന്നാമതൊരു പ്രത്യേകത കൂടിയുണ്ട്, സാധാരണ ഒരു എഴുപത് എൺപത് വയസ്സ് ഒക്കെ കഴിഞ്ഞാൽ നമ്മുടെ പ്രതികരണത്തിൽ മനസ്സ് വെമ്പിയാലും ശരീരം നമ്മളെ പിന്തുണക്കില്ല. അതുകൊണ്ട് തന്നെ പ്രായമാകുന്തോറും മനുഷ്യർക്ക് പ്രതികരണമൊക്കെ ഉണ്ടെങ്കിലും അതൊക്കെ ഒതുക്കി വെക്കാൻ നിർബന്ധിതമാകും. പക്ഷേ, ഈ സമരത്തിന് നേതൃത്വം നൽകുന്നത് 80 വയസ്സ് കഴിഞ്ഞ, 90 അടുത്ത സ്ത്രീകളാണ്.

സമാനതകളില്ലാത്ത സമാധാന സമരമാണിത്. കാരണം അവർ പാട്ട് പാടുന്നു, കവിത എഴുതുന്നു, ചിത്രം വരക്കുന്നു! ഷഹീൻബാഗ് സമരത്തിന്റെ ഒരു മൂല സന്ദർശിച്ച ആളുകൾ എഴുതിയത് ഞാൻ വായിച്ചതാണ്. അവർ പറഞ്ഞിരുന്നത് അത് ഒരു ബസ്സ്റ്റോപ് ആണ് എന്നാണ്. ആ ബസ്സ്റ്റോപ് വായനാമുറിയായിട്ട് അവർ പ്രഖ്യാപിച്ചിരിക്കുകയാണ്. അവിടെ നടക്കുന്നത് വിപ്ലവത്തിന് വേണ്ടിയുള്ള വായനയാണ്; പരീക്ഷക്ക് വേണ്ടിയുള്ള സാധാരണ വായനയല്ല. ആവിഷ്കാരത്തിന് വേണ്ടിയുള്ള വായനയല്ല. ആവിഷ്കാരത്തിന് വേണ്ടിയാണ്; അതേസമയം അത് സമര വായനയാണ്, വിപ്ലവ വായനയാണ്. അതിന്റെ തൊട്ടപ്പുറത്തുള്ള ബസ്സ്റ്റോപ് ഫാത്തിമാഷേഖ് സാവിത്രി ലൈബ്രറിയാക്കിരിക്കുകയാണ്. അത്ഭുതമാണ് സത്യത്തിൽ! അപ്പോൾ സമാനതകളില്ലാത്ത സമരമാണത്. മാത്രമല്ല ഇന്ത്യൻ സുപ്രീം കോടതി, ഞാൻ മനസ്സിലാക്കിയടത്തോളം ഒരു പക്ഷേ, സമീപകാലത്ത് ആദ്യമായിട്ടാണ് ഒരു സമരത്തിൽ ഇടപെടാൻ മധ്യസ്ഥൻമാരെ അയക്കുന്നത്. അപ്പോൾ ആ അർഥത്തിൽ ഷഹീൻബാഗ് എന്നുള്ളത് ഇന്ത്യയിലെ സമരത്തിന്റെ സമാനതകളില്ലാത്ത ഒരു അപൂർവ മാതൃകയായി കഴിഞ്ഞു. ഈ സമരത്തിന്റെ അനന്തര ഫലം, അതേകുറിച്ചാണ് ഞാൻ പറഞ്ഞത്. തീർച്ചയായിട്ടും ഈ സമരം വ്യാപിക്കും എന്ന് മാത്രമല്ല ഈ സമരം വലിയ വിജയത്തിലേക്ക് കുതിക്കും എന്ന കാര്യം ഉറപ്പാണ്. അതിനപ്പുറം ജനങ്ങൾ ഒരു കാര്യം തിരിച്ച റിഞ്ഞിട്ടുണ്ട്; ഈ ബില്ല് അപകടമാണ്, ഈ ബില്ലിനെക്കാൾ അപകടമാണ് ഇതുപോലെ നിരവധി ബില്ലുകൾക്ക് രൂപം നൽകാൻ കഴിവുള്ള ഇന്ത്യൻ ഫാഷിസം. അതുകൊണ്ട് ഫാഷിസത്തിന് എതിരെയുള്ള അനിശ്ചിതകാല സമരം കൂടിയായി ഇത് മാറുകയെന്നുള്ളതാണ്, ഇതിനെ മാറ്റുകയെന്നുള്ളതാണ് ഏറ്റവും പ്രധാനം. **(അവസാനിച്ചില്ല)**

മെഹബൂബ് മദനി ഒറ്റപ്പാലം
mail@nerpatham.com

ലേഖനം



# ക്ഷണികമീ ജീവിതം

**കാ**രുണ്യത്തിന്റെ തിരുദൂതർﷺ നാമെല്ലാം ജീവിച്ചുകൊണ്ടിരിക്കുന്ന ഈ ദുൻയാവിലെ ജീവിതത്തെ വിശേഷിപ്പിച്ചത് ഒരു മരത്തണലിൽ ഇത്തിരി നേരം വിശ്രമിക്കുന്നതിനോടാണ്. ഈയൊരു ജീവിത കാഴ്ചപ്പാടുമായി മുന്നോട്ട് പോകുന്ന മുസ്‌ലിമിന് മാനസികമായി അനുഭവിക്കാൻ കഴിയുന്ന നിർവൃതി പറഞ്ഞറിയിക്കാനാവാത്തതാണ്. നബിﷺ ഇക്കാര്യം വിശദീകരിക്കാനുണ്ടായ സാഹചര്യം സ്വഹാബത്ത് ഉദ്ധരിക്കുന്നത് കാണുക:

അബ്ദുല്ലാഹിബ്നു മസ്ഊദ്ؓവിൽനിന്ന് നിവേദനം: "ഒരവസരത്തിൽ നബിﷺ ഒരു പായിൽ കിടന്നുറങ്ങി എഴുന്നേറ്റു. ആ പായ തിരുദൂതന്റെ ശരീരത്തിൽ അടയാളങ്ങളുണ്ടാക്കിയിരുന്നു. ഞങ്ങളപ്പോൾ അദ്ദേഹത്തോട് ചോദിച്ചു: 'അല്ലാഹുവിന്റെ പ്രവാചകരേ, അങ്ങേക്ക് ഞങ്ങളൊരു മാർദവമുള്ള വിരിപ്പുണ്ടാക്കിത്തന്നാലോ?' അന്നേരം തിരുദൂതർﷺ പറഞ്ഞു: 'ദുൻയാവുമായി എനിക്കെന്തു ബന്ധമാണ്? ഒരു മരച്ചുവട്ടിൽ കുറച്ചുസമയം നിഴലേറ്റു വിശ്രമിച്ച, പിന്നീട് അത് ഉപേക്ഷിച്ച്പോയ ഒരു യാത്രക്കാരനെപ്പോലെ മാത്രമാണ് ഞാനീ ലോകത്തിൽ" (മുസ്‌ലിം).

ദുൻയാവിലെ വിഭവങ്ങളെന്തായിരുന്നാലും അതൊന്നും ശാശ്വതമല്ലെന്ന തിരിച്ചറിവുണ്ടാകുന്നതിലൂടെ ശക്തമായ പരീക്ഷണങ്ങളിൽ പോലും റബ്ബിനെയോർത്ത് സംതൃപ്തിയടയാനുള്ള കരുത്താണ് വിശ്വാസികൾക്കുണ്ടാകുന്നത്. റബ്ബിന്റെ വചനങ്ങളും ഐഹികജീവിതത്തെക്കുറിച്ച് ഇത്തരുണത്തിലാണ് വിശദീകരിക്കുന്നത്. അല്ലാഹു പറയുന്നു:

"നാം ആകാശത്ത് നിന്ന് വെള്ളം ഇറക്കിയിട്ട് അതുമൂലം മനുഷ്യർക്കും കാലികൾക്കും ഭക്ഷിക്കാനുള്ള ഭൂമിയിലെ സസ്യങ്ങൾ ഇടകലർന്നു വളർന്നു. അങ്ങനെ ഭൂമി അതിന്റെ അലങ്കാരമണിയുകയും, അത് അഴകാർന്നതാകുകയും, അവയൊക്കെ കരസ്ഥമാക്കാൻ തങ്ങൾക്ക് കഴിയുമാറായെന്ന് അതിന്റെ ഉടമസ്ഥർ വിചാരിക്കുകയും ചെയ്തപ്പോഴതാ ഒരു രാത്രിയോ പകലോ നമ്മുടെ കൽപന അതിന് വന്നെത്തുകയും, തലേദിവസം അവയൊന്നും അവിടെ നിലനിന്നിട്ടേയില്ലാത്ത മട്ടിൽ നാമവയെ ഉൻമൂലനം ചെയ്യപ്പെട്ട അവസ്ഥയിലാക്കുകയും ചെയ്യുന്നു. ഇതുപോലെ മാത്രമാകുന്നു ഐഹിക ജീവിതത്തിന്റെ ഉപമ. ചിന്തിക്കുന്ന ആളുകൾക്കു വേണ്ടി അപ്രകാരം നാം തെളിവുകൾ വിശദീകരിക്കുന്നു" (10:24).

ദുൻയാവിനെ പാടെ കയ്യൊഴിഞ്ഞ് ജീവിക്കണമെന്നല്ല ഇസ്‌ലാം അനുശാസിക്കുന്നത്. മറിച്ച് നശ്വരമായ ഐഹികജീവിതത്തെക്കാൾ ഏറെ പ്രാധാന്യം പാരത്രിക ജീവിതത്തിനും അവിടുത്തേക്ക് വേണ്ട പാഥേയമൊരുക്കാനും വിശ്വാസികൾ ശ്രദ്ധിക്കണമെന്നാണ് സത്യമതത്തിന്റെ അധ്യാപനം. അല്ലാഹു പറയുന്നു:

"(നബിയേ,) നീ അവർക്ക് ഐഹികജീവിതത്തിന്റെ ഉപമ വിവരിച്ചുകൊടുക്കുക: ആകാശത്ത് നിന്ന് നാം വെള്ളം ഇറക്കി. അതുമൂലം ഭൂമിയിൽ സസ്യങ്ങൾ ഇടകലർന്ന് വളർന്നു. താമസിയാതെ അത് കാറ്റുകൾ പറത്തിക്കളയുന്ന തുരുമ്പായിത്തീർന്നു. (അതുപോലെയത്രെ ഐഹികജീവിതം). അല്ലാഹു ഏത് കാര്യത്തിനും കഴിവുള്ളവനാകുന്നു. സ്വത്തും സന്താനങ്ങളും ഐഹികജീവിതത്തിന്റെ അലങ്കാരമാകുന്നു. എന്നാൽ നിലനിൽക്കുന്ന സൽകർമങ്ങളാണ് നിന്റെ രക്ഷിതാവിങ്കൽ ഉത്തമമായ പ്രതിഫലമുള്ളതും ഉത്തമമായ പ്രതീക്ഷ നൽകുന്നതും" (18:45,46).

മനുഷ്യർക്ക് അല്ലാഹു ഐഹിക വിഭവങ്ങൾ നൽകുന്നത് അവനോടുള്ള സാമീപ്യത്തിന്റെ അടയാളമായി ആരും കരുതേണ്ടതില്ല. അതെല്ലാം പരീക്ഷണം മാത്രമാണ്. ഇതിലേക്ക് വെളിച്ചം വീശുന്ന സ്രഷ്ടാവിന്റെ വചനങ്ങൾ കാണുക:

"അവർ പറഞ്ഞു: ഞങ്ങൾ കൂടുതൽ സ്വത്തുക്കളും സന്താനങ്ങളുമുള്ളവരാകുന്നു. ഞങ്ങൾ ശിക്ഷിക്കപ്പെടുന്നവരല്ല. നീ പറയുക: തീർച്ചയായും എന്റെ രക്ഷിതാവ് താൻ ഉദ്ദേശിക്കുന്നവർക്ക് ഉപജീവനം വിശാലമാക്കുകയും (താൻ ഉദ്ദേശിക്കുന്നവർക്ക്) അത് ഇടുങ്ങിയതാക്കുകയും ചെയ്യുന്നു. പക്ഷേ, ജനങ്ങളിൽ അധികപേരും അറിയുന്നില്ല.നിങ്ങളുടെ സമ്പത്തുക്കളും നിങ്ങളുടെ സന്താനങ്ങളുമൊന്നും നമ്മുടെ അടുക്കൽ നിങ്ങൾക്ക് സാമീപ്യമുണ്ടാക്കിത്തരുന്നവയല്ല. വിശ്വസിക്കുകയും നല്ലത് പ്രവർത്തിക്കുകയും ചെയ്തവർക്കൊഴികെ. അത്തരക്കാർക്ക് തങ്ങൾ പ്രവർത്തിച്ചതിന്റെ ഫലമായി ഇരട്ടി പ്രതിഫലമുണ്ട്. അവർ ഉന്നത സൗധങ്ങളിൽ നിർഭയരായി കഴിയുന്നതുമാണ്" (34:35-37).

നബിﷺ തന്റെ പ്രിയ അനുചരന് കൊടുക്കുന്ന ഉപദേശവും എഹികജീവിതത്തെക്കുറിച്ച് നമുക്കുണ്ടായിരിക്കേണ്ട കാഴ്ചപ്പാട് മനസ്സിലാക്കാൻ പോന്നതാണ്. ഇബ്നുഉമർ(റ)വിൽനിന്ന്: "ഒരവസരത്തിൽ തിരുദൂതൻﷺ എന്റെ രണ്ടു ചുമലുകൾ പിടിച്ചുകൊണ്ട് അരുൾ ചെയ്തു: "നീ ഇഹലോകത്ത് ഒരു വിദേശിയെ പോലെയോ ഒരു വഴിപോക്കനെ പോലെയോ ജീവിച്ചുകൊള്ളുക" (ബുഖാരി).

ഈ ഉപദേശത്തിന്റെ അകക്കാമ്പുൾക്കൊണ്ട് ഇബ്നുഉമർ(റ) ഇപ്രകാരം പറയാറുണ്ടായിരുന്നു: "വൈകുന്നേരമായാൽ നീ പ്രഭാതത്തെ പ്രതീക്ഷിക്കരുത്. പ്രഭാതമായാൽ പ്രദോഷത്തെയും നീ പ്രതീക്ഷിക്കേണ്ട. നിന്റെ ആരോഗ്യഘട്ടത്തിൽ നിന്ന് അനാരോഗ്യഘട്ടത്തിലേക്ക് വേണ്ടത് നീ സംഭരിക്കുക. നിന്റെ ജീവിതഘട്ടത്തിൽ മരണഘട്ടത്തിലേക്ക് വേണ്ടതും നീ നേടിയെടുക്കുക" (ബുഖാരി).

അല്ലാഹു ഇഷ്ടപ്പെടുന്ന ഒരു കാര്യം അന്വേഷിച്ചു വന്നയാളോട് നബിﷺ പറഞ്ഞതും ഇത്തരുണത്തിൽ പ്രസക്തമാണ്. സഹ്ൽ(റ)വിൽനിന്ന്: "ഒരാൾ നബിﷺയുടെ സന്നിധിയിൽ വന്നു പറഞ്ഞു: 'പ്രവാചകരേ, എനിക്കൊരു സൽകർമം അവിടുന്ന് പഠിപ്പിച്ചുതരണം. ഞാനത് പ്രവർത്തിച്ചാൽ അല്ലാഹുവും മനുഷ്യരും എന്നെ ഇഷ്ടപ്പെടണം.' റസൂൽﷺ പറഞ്ഞു: 'ഐഹികാഡംബരങ്ങളെ നീ കൈവെടിയുക. എന്നാൽ അല്ലാഹു നിന്നെ ഇഷ്ടപ്പെടും. ജനങ്ങളുടെ പക്കലുള്ളത് നീ മോഹിക്കാതിരിക്കുക. എന്നാൽ ജനങ്ങളും നിന്നെ തൃപ്തിപ്പെടും" (ഇബ്നുമാജ).

ദുൻയാവിനെക്കുറിച്ചും അതിന്റെ ക്ഷണികതയക്കുറിച്ചും മനസ്സിലാക്കാൻ നബിﷺ ഉപയോഗിച്ച ഉപമകളും ഏറെ ശ്രദ്ധേയമാണ്. മുസ്തൗരിദ്ബ്നു ശദ്ദാദ്ؓവിൽനിന്ന് നിവേദനം. റസൂൽﷺ പറഞ്ഞു: "പരലോകത്തെ അപേക്ഷിച്ച് ഇഹലോകത്തിന്റെ അവസ്ഥ നിങ്ങളിലൊരാൾ സ്വന്തം വിരൽ സമുദ്രത്തിൽ മുക്കിയെടുത്തത് പോലെയാണ്. (അതിൽനിന്ന്) അവൻ എന്തുമായി മടങ്ങിയെന്ന് നോക്കട്ടെ" (മുസ്‌ലിം).

നബിﷺ പറഞ്ഞ മറ്റൊരു ഉപമ കാണുക: ജാബിർؓവിൽനിന്ന്. "നിശ്ചയം റസൂൽﷺ ഒരിക്കൽ അങ്ങാടിയിലൂടെ നടന്നുപോയി. ഇരുപാർശ്വങ്ങളിലും കുറെ ജനങ്ങളുമുണ്ട്. അങ്ങനെ ചെവി മുറിക്കപ്പെട്ട ചത്ത ഒരു ആടിന്റെ അരികിലൂടെ നടന്നുപേകാനിടയായി. അതിന്റെ ചെവി പിടിച്ചുകൊണ്ട് നബിﷺ പറഞ്ഞു: 'നിങ്ങളിലാരാണ് ഒരു ദിർഹമിന് ഇത് വാങ്ങാനിഷ്ടപ്പെടുന്നത്?' അവർ പറഞ്ഞു: 'യാതൊന്നും കൊടുത്ത് അതു വാങ്ങാൻ ഞങ്ങളിഷ്ടപ്പെടുന്നില്ല. അതുകൊണ്ട് ഞങ്ങൾ എന്തുചെയ്യാനാണ്?' വീണ്ടും നബിﷺ ചോദിച്ചു: 'എന്നാൽ ഒരു പ്രതിഫലവും കൂടാതെ നിങ്ങൾക്കിത് ലഭിക്കുന്നത് നിങ്ങൾ ഇഷ്ടപ്പെടുന്നുവോ?' അവർ പറഞ്ഞു: 'അല്ലാഹുവാണെ! അത് ചെവി മുറിക്കപ്പെട്ടതുകൊണ്ട് ജീവനുള്ളപ്പോൾ തന്നെ ന്യൂനതയുള്ളതാണല്ലോ. ചത്തുകഴിഞ്ഞാൽ പിന്നെ പറയാനുമുണ്ടോ!' അപ്പോൾ നബിﷺ പറഞ്ഞു: 'ഇത് നിങ്ങൾക്ക് എത്ര നിസ്സാരമാണോ അതിലുപരി ഇഹലോകം അല്ലാഹുവിങ്കൽ നിസ്സാരമാണ്" (മുസ്‌ലിം).

ഐഹികജീവിതത്തിന്റെ വിനോദങ്ങളിൽ മതിമറക്കാതെ അനന്തമായ പാരത്രിക ജീവിതത്തിൽ മുന്നേറാനുള്ള നമ്മുടെ നാഥന്റെ കൽപന സൂറത്തുൽ ഹദീദിൽ ഇങ്ങനെ വായിക്കാം:

"നിങ്ങൾ അറിയുക: ഇഹലോകജീവിതമെന്നാൽ കളിയും വിനോദവും അലങ്കാരവും നിങ്ങൾ പരസ്പരം ദുരഭിമാനം നടിക്കലും സ്വത്തുകളിലും സന്താനങ്ങളിലും പെരുപ്പം കാണിക്കലും മാത്രമാണ്– ഒരു മഴ പോലെ. അതു മൂലമുണ്ടായ ചെടികൾ കർഷകരെ ആശ്ചര്യപ്പെടുത്തി. പിന്നീടതിന് ഉണക്കം ബാധിക്കുന്നു. അപ്പോൾ അത് മഞ്ഞനിറം പൂണ്ടതായി നിനക്ക് കാണാം. പിന്നീടതു തുരുമ്പായിപ്പോകുന്നു. എന്നാൽ പരലോകത്ത് (ദുർവൃത്തർക്ക്) കഠിനമായ ശിക്ഷയും (സദ്വൃത്തർക്ക്) അല്ലാഹുവിങ്കൽ നിന്നുള്ള പാപമോചനവും പ്രീതിയും ഉണ്ട്. ഐഹികജീവിതം വഞ്ചനയുടെ വിഭവമല്ലാതെ മറ്റൊന്നുമല്ല."

"നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള പാപമോചനത്തിലേക്കും സ്വർഗത്തിലേക്കും നിങ്ങൾ മുൻകടന്നു വരുവിൻ. അതിന്റെ വിസ്താരം ആകാശത്തിന്റെയും ഭൂമിയുടെയും വിസ്താരം പോലെയാണ്. അല്ലാഹുവിലും അവന്റെ ദൂതൻമാരിലും വിശ്വസിച്ചവർക്കു വേണ്ടി അത് സജ്ജീകരിക്കപ്പെട്ടിരിക്കുന്നു. അത് അല്ലാഹുവിന്റെ അനുഗ്രഹമത്രെ. അവൻ ഉദ്ദേശിക്കുന്നവർക്ക് അതവൻ നൽകുന്നു. അല്ലാഹു മഹത്തായ അനുഗ്രഹമുള്ളവനാകുന്നു" (57:20,21).

പരിധിവിട്ട് ഭൗതിക സുഖങ്ങളിൽ മുഴുകുന്നത് മനുഷ്യന്റെ ആത്മീയവും ധാർമികവുമായ മൂല്യങ്ങൾക്ക് ക്ഷതമേൽപിക്കും. മാത്രമല്ല ഈ ആഗ്രഹങ്ങളും സുഖങ്ങളും മനുഷ്യനെ കീഴ്പെടുത്തും. അതോടെ അവൻ പാരത്രിക ലോകത്തെ വിസ്മരിക്കും. അതിനെക്കുറിച്ച് ചിന്തിക്കാൻ പിന്നെ അവന് കഴിയില്ല. അങ്ങനെ ദേഹേഛകളുടെ അടിമകളായി മാറിയവരെക്കുറിച്ച് അല്ലാഹു പറയുന്നു:

"അതല്ല, അവരിൽ അധികപേരും കേൾക്കുകയോ ചിന്തിക്കുകയോ ചെയ്യുമെന്ന് നീ വിചാരിക്കുന്നുണ്ടോ? അവർ കന്നുകാലികളെപ്പോലെ മാത്രമാകുന്നു. അല്ല, അവരാകുന്നു കൂടുതൽ വഴിപിഴച്ചവർ" (25:44).


മറ്റൊരിടത്ത് ഇത്തരക്കാരെക്കുറിച്ച് ക്വുർആൻ പറയുന്നു:

"(നബിയേ,) പറയുക: കർമങ്ങൾ ഏറ്റവും നഷ്ടകരമായി തീർന്നവരെ സംബന്ധിച്ച് നാം നിങ്ങൾക്ക് പറഞ്ഞുതരട്ടെയോ? ഐഹികജീവിതത്തിലെ തങ്ങളുടെ പ്രയത്നം പിഴച്ചുപോയവരത്രെ അവർ. അവർ വിചാരിക്കുന്നതാകട്ടെ തങ്ങൾ നല്ല പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്നു എന്നാണ്. തങ്ങളുടെ രക്ഷിതാവിന്റെ ദൃഷ്ടാന്തങ്ങളിലും അവനുമായി കണ്ടുമുട്ടുന്നതിലുംവിശ്വസിക്കാത്തവരത്രെ അവർ. അതിനാൽ അവരുടെ കർമങ്ങൾ നിഷ്ഫലമായിപ്പോയിരിക്കുന്നു. അതിനാൽ നാം അവർക്ക് ഉയിർത്തെഴുന്നേൽപിന്റെ നാളിൽ യാതൊരു തൂക്കവും (സ്ഥാനവും) നിലനിർത്തുകയില്ല" (18: 103–105).

"തീർച്ചയായും ഇക്കൂട്ടർ ക്ഷണികമായ ഐഹികജീവിതത്തെ ഇഷ്ടപ്പെടുന്നു. ഭാരമേറിയ ഒരു ദിവസത്തിന്റെ കാര്യം അവർ തങ്ങളുടെ പുറകിൽ വിട്ടുകളയുകയും ചെയ്യുന്നു" (76:27). ●

ഡോ.സബീൽ പട്ടാമ്പി
drsabeel555@gmail.com

ലേഖനം



# പൗരത്വഭേദഗതി നിയമം: ഫാഷിസം ലക്ഷ്യം വെക്കുന്നത്

ഇന്ത്യയിൽ ഇന്ന് കത്തിനിൽക്കുന്ന വിഷയമാണല്ലോ പൗരത്വഭേദഗതി നിയമം. സംഘ്പരിവാറിന്റെ അജണ്ടകളിൽ മുഖ്യമായതാണ് ഇത്. യഥാർഥത്തിൽ ഇത് അവരുടെ കണക്കുപുസ്തകത്തിലെ ആദ്യത്തെ അജണ്ടയാണ്. എന്നാൽ ഇന്ത്യയുടെ ഭരണഘടനയുടെയും ജനാധിപത്യ സംവിധാനത്തിന്റെയും കെട്ടുറപ്പ് കാരണം ഈ അജണ്ട നടപ്പിലാക്കാനുള്ള ശ്രമം നീണ്ടുപോയി എന്നു മാത്രം.

വിഷയത്തിലേക്ക് കടക്കുന്നതിനു CAA, NPR, NRC എന്നിവ എന്താണെന്നും അവ തമ്മിലുള്ള ബന്ധം എന്താണെന്നും അവയിൽ ഒളിഞ്ഞിരിക്കുന്ന കെണികൾ എന്തെല്ലാം എന്നുമൊക്കെ ഹ്രസ്വമായി പറയാം.

ഇന്ത്യയുടെ ആദ്യത്തെ പൗരത്വനിയമം രൂപീകരിച്ചത് 1955ൽ ആണ്. ഈ നിയമപ്രകാരം സ്വാതന്ത്ര്യാനന്തരം ഇന്ത്യയിൽ ജീവിക്കുന്ന എല്ലാവരും (മതഭേദമില്ലാതെ) ഇന്ത്യക്കാരാണ് എ

ന്നതായിരുന്നു നിയമം. ഈ നിയമത്തിൽ പിന്നീട് പലപ്പോഴായി ചെറിയ മാറ്റങ്ങൾ വരുത്തി പരിഷ്‌കരിച്ചിട്ടുണ്ട്. ഉദാഹരണമായി ബംഗ്ലാദേശിൽ നിന്ന് നിരവധിപേർ അനധികൃതമായി ഇന്ത്യയിൽ കുടിയേറി താമസിക്കുന്നു എന്ന വിവരത്തെ തുടർന്ന് രാജീവ് ഗാന്ധി 1985 ഈ നിയമത്തിൽ ചെറിയ മാറ്റം വരുത്തി. ഇതാണ് പൗരത്വ നിയമത്തിൽ വരുത്തുന്ന ആദ്യത്തെ മാറ്റം. ഇതു പ്രകാരം അന്ന് (1985) മതഭേദമില്ലാതെ എല്ലാ അനധികൃത കുടിയേറ്റക്കാരെയും പൗരന്മാരല്ലാത്തവരായി രേഖപ്പെടുത്തി. ഇതിനു ശേഷം 1992ലും 2003ലും 2005ലും 2015ലുമൊക്കെ പല ഗവണ്മെന്റുകളും ഈ നിയമത്തിൽ മാറ്റങ്ങൾ അഥവാ ഭേദഗതി വരുത്തിയിട്ടുണ്ട്. ഈ മാറ്റങ്ങളിലൊന്നും പൗരത്വം നൽകുന്നതിനോ ഒഴിവാക്കുന്നതിനോ 'മതം' ഒരു അടിസ്ഥാനമായി പറഞ്ഞിരുന്നില്ല. എന്നാൽ 2019 ൽ ബി.ജെ.പി സർക്കാർ കൊണ്ടുവന്ന ഭേദഗതിയിൽ ആദ്യമായി പൗരത്വം തീരുമാനിക്കുന്നതിന്റെ അടിസ്ഥാനമായി 'മതം' എന്നത് കടന്നുകൂടി.

ഏറ്റവും അവസാനം (ഡിസംബർ 2019) വന്ന ഭേദഗതിയുടെ (CAA) ചുരുക്കം ഇതാണ്: "പാക്കിസ്ഥാൻ, അഫ്ഗാനിസ്ഥാൻ, ബംഗ്ലാദേശ് എന്നീ രാജ്യങ്ങളിലെ പീഡനങ്ങളനുഭവിക്കുന്ന മത ന്യൂനപക്ഷങ്ങൾക്ക് അവർ ആവശ്യപ്പെട്ടാൽ ഇന്ത്യൻ പൗരത്വം നൽകും; 'മുസ്‌ലിംകൾക്കൊഴികെ.''

അപ്പോൾ ഈ നിയമപ്രകാരം ഈ മൂന്ന് രാജ്യങ്ങളിൽ നിന്നുള്ള മുസ്‌ലിം പൗരന്മാർക്ക് ഇന്ത്യയിൽ പൗരത്വം കിട്ടില്ല. ഇത് വ്യക്തമായ വേർതിരിവാണ് എന്ന് പറയേണ്ടതില്ലല്ലോ. എന്നാൽ വലിയ അപകടം ഒളിഞ്ഞിരിക്കുന്നത് ഇതിലല്ല. അത് CAAയുടെ ഭാഗമായി തയ്യാറാക്കുന്ന NRC (National Register Of Citizens) യിൽ ആണ്. NRCയുടെ ആശയച്ചുരുക്കം ഇതാണ്: 'ഇന്ത്യയിൽ നിലവിൽ കുറെ വിദേശികൾ അനധികൃതമായി താമസിക്കുന്നുണ്ട്. ഇവരെ തിരിച്ചറിഞ്ഞ് പുറത്താക്കണം. ഇങ്ങനെ തിരിച്ചറിയാൻ ഒരു കണക്കെടുപ്പ് നടത്തി ഒരു പട്ടിക തയ്യാറാക്കണം.' ഈ പട്ടികയുടെ പേരാണ് NRC.

ഇത് നടപ്പാക്കിയാൽ എങ്ങനെയുണ്ടാകും എന്നതിന്റെ ഒരു ഏകദേശ ചിത്രം നമുക്ക് ആസാമിൽ നിന്ന് ലഭ്യമാണ്. അവിടെ പൗരത്വ പട്ടിക തയ്യറാക്കുന്നതിന്റെ ഭാഗമായി ഓരോ അപേക്ഷകനോടും തന്റെ മാതാവോ പിതാവോ 1971നു മുമ്പ് ഇന്ത്യയിൽ താമസിച്ചിരുന്ന പൗരൻമാരായിരുന്നു എന്നതിന്റെ ഗവൺമന്റ് രേഖകൾ (ഉദാ: ഭൂമിയുടെ രേഖകൾ, വിദ്യാഭ്യാസ രേഖകൾ) ആണ് ആവശ്യപ്പെട്ടത്. മാതാപിതാക്കളുടെ ഇത്തരത്തിലുള്ള ഏതെങ്കിലുമൊരു രേഖ ഹാജരാക്കാൻ സാധിച്ചാൽ ആ വ്യക്തിയെ പൗരനായി കണക്കാക്കും, ഇല്ലെങ്കിൽ അയാളെ കുടിയേറ്റക്കാരനായി കണക്കാക്കും. എന്നാൽ 1971നു മുമ്പുള്ള രേഖകൾ സംഘടിപ്പിക്കുക എന്നത് ഏറെക്കുറെ അസാധ്യമാണെന്ന് അറിയാമല്ലോ. അതുകൊണ്ട് തന്നെ നിരവധി പേർ പട്ടികക്ക് പുറത്തായി, അവർ ഇന്ന് പൗരത്വം നഷ്ടപ്പെടുന്നതിന്റെ വക്കിലാണുള്ളത്.

ഇങ്ങനെ പട്ടികക്ക് പുറത്ത് നിൽക്കുന്ന 19 ലക്ഷം പേരിൽ 13 ലക്ഷത്തോളം ഹിന്ദുക്കളും 5 ലക്ഷത്തോളം മുസ്‌ലിംകളുമാണ്. ഇത് ആസാമിലെ ഹിന്ദു സംഘടനകളിൽ നിന്നുള്ള വമ്പിച്ച എതിർപ്പിനു കാരണമാ യി. ഇതിനെ തുടർന്ന് ആഭ്യന്തര മന്ത്രിയുടെ രണ്ട് പ്രസ്താവനകൾ വന്നു:

(1) നിയമം ഹിന്ദു, ക്രിസ്ത്യൻ, ജൈനൻ, ബുദ്ധൻ, പാർസി, സിഖ് എന്നിവരെ ബാധിക്കില്ല. (മുസ്‌ലിംകളെ മാത്രമാണ് ഉന്നം വെക്കുന്നത് എന്നുദ്ദേശം).

(2) രാജ്യം മുഴുവൻ പട്ടിക (NRC) തയ്യാറാക്കും. മുകളിൽ പറഞ്ഞ 6 മതക്കാരല്ലാത്ത എല്ലാ നുഴഞ്ഞുകയറ്റക്കാരെയും പുറത്താക്കും.

ഈ പറഞ്ഞ കാര്യങ്ങൾ വളച്ചുകെട്ടില്ലാതെ ചുരുക്കിപ്പറഞ്ഞാൽ ഇങ്ങനെയിരിക്കും: '(മുകളിൽ പറഞ്ഞ) 6 മതക്കാർ ഒഴികെയുള്ള, 1971നു മുമ്പുള്ള രേഖകളില്ലാത്തവർ ഇന്ത്യൻ പൗരന്മാരല്ല.' 1971നു മുമ്പുള്ള രേഖയില്ലാ



ത്ത മുസ്‌ലിംകൾ നുഴഞ്ഞു കയറ്റക്കാരാണെന്നർഥം. (ഈ നിയമം കൊണ്ടുവരുന്ന ബി.ജെ.പി സർക്കാറിനു തന്നെ നന്നായി അറിയാം; ഇവിടെയുള്ളരിൽ 90 ശതമാനം പേരുടെ കയ്യിലും 1971 നു മുമ്പുള്ള രേഖകൾ കാണില്ല എന്ന്).

**പ്രതിഷേധം കനത്തപ്പോളുള്ള കരണം മറിച്ചിൽ**

രാജ്യമൊട്ടുക്കും പ്രതിഷേധം തുടങ്ങിയപ്പോൾ നിയമം കൊണ്ടുവന്നവർ മുമ്പ് പറഞ്ഞ പലതും മാറ്റിപ്പറയുന്നതാണു നാം കണ്ടത്.

രാജ്യം മുഴുവൻ NRC 'ഇപ്പോൾ ഇല്ല' എന്ന് ആഭ്യന്തര മന്ത്രി മാറ്റിപ്പറഞ്ഞു. (പ്രതിഷേധമുള്ളത് കൊണ്ട് 'ഇപ്പോഴില്ല' പിന്നെ നടത്താം എന്നൊരു ധ്വനി കൂടി ഇതിലുണ്ട്).

NRC നടത്തുന്നതിനെ കുറിച്ച് ചർച്ച ചെയ്തിട്ടേയില്ല' എന്ന് പ്രധാനമന്ത്രി പറഞ്ഞു. അവസാനം ആഭ്യന്ത്ര മന്ത്രി പറയുന്നതോ 'NRC ഇല്ല NPR മത്രമെ നടപ്പാക്കുന്നുള്ളൂ, NRCഉം NPRഉം തമ്മിൽ ബന്ധമില്ല എന്നും! എന്നാൽ ഇത് ശുദ്ധകളവാണെന്നത് വ്യക്തമാക്കുന്ന തെളിവുകൾ ഇവയാണ്:

(1) NRCയുടെ മുന്നോടിയായി നടത്തുന്ന കണക്കെടുപ്പാണു NPR എന്നും അത് NRCയുടെ ആദ്യപടി ആണെന്നും MHA വെബ്സൈറ്റിൽ വ്യക്തമായി കാണാം. ആ ഭാഗം ഇങ്ങനെയാണ്:

"National Population Register (NPR) is the first step towards the creation of the National Register of Indian Citizens (NRIC) under the provisions of the aforementioned Statute" (Chapter 15 of MHA's Annual Report 201819 (MHA = Ministry Of Home Affairs).

(2) പാർലിമെന്റിൽ തന്നെ മുമ്പ് പല തവണ NRCഉം NPRഉം പരസ്പര ബന്ധമുണ്ടെന്ന് ബി.ജെ.പി അംഗങ്ങൾ തന്നെ പറഞ്ഞിട്ടുണ്ട്.

(3) NPRലെ ചോദ്യങ്ങളിൽ മാതാപിതാക്കളുടെ ജനനസ്ഥലം, ജനിച്ച വർഷം എന്നീ ചോദ്യങ്ങൾ ചോദിക്കുന്നുണ്ട്. ഈ രണ്ട് ചോദ്യങ്ങൾ ഈ




വർഷം കൂട്ടി ചേർത്തതാണ് (2010ലും 2015ലും NPR നടന്നിട്ടുണ്ട്, എന്നാൽ അവയിലൊന്നും ഈ രണ്ട് ചോദ്യങ്ങളില്ല).

ഈ അപകടം വ്യക്തമായതോടെ കേരളമടക്കം ചില സംസ്ഥനങ്ങൾ NPRഉം നടപ്പാക്കില്ലെന്ന് വ്യക്തമാക്കി മുന്നോട്ട് വന്നിരിക്കുകയാണ്. ഇതാണു ഇപ്പോൾ എത്തിനിൽക്കുന്ന അവസ്ഥ. പ്രതിഷേധങ്ങൾ ഇപ്പോഴും തുടർന്നുകൊണ്ടേയിരിക്കുന്നു. കേന്ദ്ര ഗവണ്മെന്റിന്റെ അടുത്ത നീക്കം എന്തെന്നത് കണ്ടറിയേണ്ടിയിരിക്കുന്നു.

**പൗരത്വ ഭേദഗതി നിയമം നടപ്പിലാക്കാൻ ബി.ജെ.പി പറയുന്ന ന്യായം:**

ഈ നിയമം (CAA) നടപ്പിലാക്കാൻ ബി.ജെ.പി പറയുന്ന ഒരു പ്രധാന ന്യായം ഇതാണ്: പാക്കിസ്ഥാൻ, ബംഗ്ലാദേശ്, അഫ്ഗാനിസ്ഥാൻ എന്നിവിടങ്ങളിലെ ന്യൂനപക്ഷം ഹിന്ദുക്കളാണ്. അവർ അവിടെ പീഡിപ്പിക്കപ്പെടുന്നു, അവർക്ക് ഇന്ത്യയിൽ പൗരത്വം നൽകണം. അവയൊക്കെ മുസ്‌ലിം രാഷ്ട്രങ്ങളായത് കൊണ്ട് മുസ്‌ലിംകൾക്കവിടെ പീഡനമില്ല. അതുകൊണ്ടാണ് അവർക്ക് ഇന്ത്യയിൽ പൗരത്വം കൊടുക്കാത്തത്.

ഇതാണ് ബി.ജെ.പി പറയുന്ന ന്യായമെങ്കിൽ, ഇവിടെ ചില സംശയങ്ങൾ ബാക്കിയാവുന്നുണ്ട്:

കണക്കുകൾ പറയുന്നത് മുകളിൽ പറഞ്ഞ രാജ്യങ്ങളെക്കാൾ ഹിന്ദുക്കൾ പീഡിപ്പിക്കപ്പെടുന്നത് ഇന്ത്യയിൽ തന്നെയാണ് എന്നാണ്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ പീഡനമനുഭവിക്കുന്നത് 'ദലിത് ഹി

ന്ദുക്കളാണ്.' അവരെ പീഡിപ്പിക്കുന്നത് ബി.ജെ.പിയും സംഘ്പരിവാറും തന്നെ. 2018 ൽ ഗുജറാത്തിൽ മാത്രം 1500 ദലിത് ആക്രമണ കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. അതായത് ദിവസം ഏകദേശം 5 ആക്രമണം. ഇത്രയും ആക്രമണം മുകളിൽ പറഞ്ഞ 3 രാജ്യങ്ങളിലെ കണക്കുകൾ മുഴുവൻ കൂട്ടിയാലും ഉണ്ടാകില്ല. ഈ പറഞ്ഞ കണക്ക് പ്രധാനമന്ത്രിയുടെ നാടായ ഗുജറാത്തിലേത് മാത്രമാണ്. ഉത്തർ പ്രദേശ് പോലുള്ള സംസ്ഥാനങ്ങളിലെ കണക്ക് ഇതിലും ഭീകരമായിരിക്കും.

ഒരു വശത്ത് ഇന്ത്യയിൽ ദലിതനെ സംഘ്പരിവാർ പീഡിപ്പിക്കുന്നു. എന്നിട്ട് അവർ തന്നെ പാക്കിസ്ഥാനിലെയും ബംഗ്ലാദേശിലെയും അഫ്ഗാനിസ്ഥാനിലെയും ഹിന്ദുക്കൾ പീഡിപ്പിക്കപ്പെടുന്നതിന്റെ പേരിൽ മുതലക്കണ്ണീരൊഴുക്കുന്നു! ഇത് കാപട്യമല്ലെങ്കിൽ പിന്നെന്താണ്?

ഇനിയൊരു സംശയം; മുകളിൽ പറഞ്ഞ 3 രാജ്യങ്ങളിലെ സവർണ ഹിന്ദുക്കൾക്ക് മാത്രമാണോ പൗരത്വം കിട്ടുക, അതോ ദലിതർക്കും കിട്ടുമോ? ഇനി ദലിതർക്ക് പൗരത്വം കിട്ടിയാൽ തന്നെ അവർ ഇന്ത്യയിൽ ബി.ജെ.പിക്ക് കീഴിൽ സുരക്ഷിതരാവുമോ? അതോ പാക്കിസ്ഥാനിലും അഫ്ഗാനിസ്ഥാനിലുള്ളും ഉള്ളതിനെക്കാൾ പീഡനം ഇവിടെ വന്ന ശേഷം അനുഭവിക്കേണ്ടി വരുമോ?

1990കൾ മുതൽ ഇവിടെ കുടിയേറി താമസിക്കുന്ന തമിഴ് ഹിന്ദുക്കളെ എന്തുകൊണ്ട് ഈ നിയമത്തിൽ ഉൾപ്പെടുത്തി പൗരത്വം കൊടുക്കുന്നില്ല? അവർ ശ്രീലങ്കയിൽ നിന്ന് പീഡനം സഹിക്കാതെ ഇന്ത്യയിൽ വന്ന ഹിന്ദുക്കളാണല്ലോ!

പീഡിപ്പിക്കപ്പെടുന്ന ന്യൂനപക്ഷങ്ങൾക്ക് പൗരത്വം കൊടുക്കുക എന്നതാണു മാനദണ്ഡം എങ്കിൽ എന്തുകൊണ്ട് പാക്കിസ്ഥാനിൽ പീഡിപ്പിക്കപ്പെടുന്ന ന്യൂനപക്ഷമായ അഹ്മദികൾ, ഹസാരെകൾ എന്നിവർക്കും മ്യാന്മറിൽ പീഡിപ്പിക്കപ്പെടുന്ന ന്യൂനപക്ഷമായ റോഹിങ്ക്യൻ മുസ്‌ലിംകൾ എന്നിവർക്കെന്തുകൊണ്ട് പൗരത്വം കൊടുക്കുന്നില്ല?

### ചിന്തയുടെ വേരുകൾ

ഈ ചിന്ത 2019ൽ ഉണ്ടായ ഒരു 'ചാണക്യചിന്ത' അല്ല. ഇതിനു മുമ്പുള്ള പല സംഘ്പരിവാര ചാണക്യന്മാരും ഈ ചിന്ത രേഖപ്പെടുത്തിവച്ചിട്ടുണ്ട്. അത് ഇപ്പോൾ നടപ്പാക്കുന്നു എന്ന് മാത്രം. ഒരു 'ചാണക്യ മഹദ് ചിന്ത' കാണാം:

"The nonHindu people of Hindustan must either adopt Hindu culture and language, must learn and respect and hold in reverence the Hindu religion, must entertain no idea but of those of glorification of the Hindu race and culture... In a word they must cease to be foreigners, or may stay in the coutnry, wholly subordinated to the Hindu nation, claiming nothing, deserving no privileges, far less any preferential treatment not even citizenship rights."

"ഹിന്ദുസ്ഥാനിലുള്ള അഹിന്ദുക്കൾ ഇന്ത്യയുടെ ഭാഷയും സംസ്കാരവും സ്വീകരിക്കുക. ഹിന്ദു മതത്തെ പറ്റി പഠിക്കുകയും ബഹുമാനിക്കുകയും ചെയ്യുക. ഒറ്റവാക്കിൽ പറഞ്ഞാൽ അവർ വിദേശികളല്ലാതാകണം. അല്ലെങ്കിൽ ഹിന്ദു രാഷ്ട്രത്തിനു പൂർണമായി കീഴൊതുങ്ങിക്കൊണ്ട് ഇവിടെ കഴിയാം. ഒന്നും ചോദിക്കാതെ, അവകാശങ്ങളില്ലാതെ, ഒരു പരിഗണയുമില്ലാതെ, പൗരത്വാവകാശം പോലുമില്ലാതെ" (RSSന്റെ രണ്ടാമത്തെ സർസംഘ്ചാലക് ആയിരുന്ന ഗോൾവാൾക്കറിന്റെ We or Our Nationhood defined എന്ന പുസ്തകം).

ഈ 'അതിമനോഹരമായ' സിദ്ധാന്തത്തിന്റെ പൂർത്തീകരണത്തിലേക്കുള്ള കുതിപ്പിലാണ് കേന്ദ്ര സർക്കാർ!

### ലക്ഷ്യം മുസ്‌ലിംകൾ മാത്രമോ?

തീർച്ചയായും അല്ല! ഗോൾവാൾക്കർ പറഞ്ഞത് 'വിദേശികൾ' എന്നാണ്. സവർക്കറും പറഞ്ഞത് 'വിദേശ മതങ്ങളായ ഇസ്‌ലാമും ക്രൈസ്തവരും' എന്നാണ്. മുസ്‌ലിംകൾ അവർക്ക് ഏറ്റവും പ്രിയപ്പെട്ട ഇരകൾ ആണെന്നതിനാൽ ആദ്യം വേട്ടയാടുന്നു എന്ന് മാത്രം. ലിസ്റ്റിൽ തൊട്ടടുത്തുള്ളത് വൈദേശിക ചിന്തകളായ ക്രൈസ്തവരും കമ്യൂണിസ്റ്റുകളുമാണ്. മുകളിൽ നാം ഉദ്ധരിച്ച അതേ ഗോൾവാൾക്കർ തന്റെ 'വിചാരധാര' (Bunch of thoughts) എന്ന പുസ്തകത്തിൽ 'ആഭ്യന്തര ഭീഷണികൾ' (Internal threats) എന്ന പേരിൽ ഒരു അധ്യായം കൊടുത്തത് കാണാം, അതിൽ ഈ ആഭ്യന്തര ഭീഷണികൾ ആരെല്ലാമാണെന്ന ക്രമം കൊടുത്തത് ഇപ്രകാരമാണ്:

(1) മുസ്‌ലിംകൾ.
(2) ക്രൈസ്തവർ.
(3) കമ്യൂണിസ്റ്റുകൾ.

ഇത് ഹിറ്റ്ലർ തന്റെ Mein Kampf എന്ന പുസ്തകത്തിൽ എഴുതിയതിനോട് വളരെയധികം സാമ്യമുണ്ട്. ഹിറ്റ്ലർ ജർമനിയുടെ അഭ്യന്തര ശത്രുക്കളായി

പരിചയപ്പെടുത്തിയത് (ക്രമപ്രകാരം).

(1) ജൂതന്മാർ.

(2) കമ്യൂണിസ്റ്റുകൾ.

(3) ക്രൈസ്തവർ, ജനാധിപത്യവാദികൾ.

(4) ജിപ്സികൾ, റോമനികൾ എന്നിങ്ങനെ...

ഇവരെയെല്ലാം കൂടി ഒന്നിച്ച് ഇല്ലാതാക്കാനാവില്ലല്ലോ. അതുകൊണ്ട് ഹിറ്റ്ലർ ഇവരെ ഭിന്നിപ്പിച്ച് ജൂതന്മാരെ ആദ്യം ഒറ്റപ്പെടുത്തി. അവരെ Neuramberg നിയമം വഴി 'പൗരന്മാരല്ലാതാക്കി' കൊല്ലുകയും നാടുകടത്തുകയും ചെയ്തു.

മറ്റൊരു ഉദാഹരണം മ്യാന്മറിലേതാണ്. അവിടെ 1982ലെ പുതുക്കിയ പൗരത്വ പട്ടികയിൽ നിന്ന് റോഹിങ്ക്യൻ മുസ്‌ലിംകൾ പുറത്തായി. ശേഷം സംഭവിച്ചത് നമുക്കറിയാമല്ലോ. കുറെപേരെ കൊന്നു കളഞ്ഞു. ബാക്കിയുള്ളവർ ഇന്ന് പല രാജ്യങ്ങളുടെയും ഔദാര്യത്തിൽ കഴിഞ്ഞുകൂടുന്നു.



**അന്യരോടുള്ള സമീപനം: ഹിന്ദുമതം പഠിപ്പിക്കുന്നത്**

ഹിന്ദുത്വത്തിൽ നിന്ന് ഹിന്ദുമതത്തിന്റെ വ്യത്യാസം നാം മുമ്പേ പറഞ്ഞല്ലോ. 'ഹിന്ദുത്വം' വെറുപ്പിന്റെയും അന്യവൽക്കരണത്തിന്റെയും സിദ്ധാന്തമാണെങ്കിൽ ഹിന്ദുവേദഗ്രന്ഥങ്ങൾ പഠിപ്പിക്കുന്നത് വസുധൈവ കുടുംബകം (ഭൂമി മുഴുവൻ ഒരു കുടുംബം) എന്നാണ്. ഈ ആശയം പ്രത്യക്ഷപ്പെടുന്നത് 'മഹാ ഉപനിഷത്തി'ലാണ്. ആ ഭാഗം ഇങ്ങനെയാണ്:

"ചെറിയ മനുഷ്യർ (ഇടുങ്ങിയ മനസ്സുള്ളവർ) ആണ് ഇന്നവ്യക്തി എന്റെ ബന്ധുവും മറ്റയാൾ അന്യനും ആണെന്ന് പറയുക. വലിയവൻ (വിശാല മനസ്സുള്ളവൻ) പറയും; ഭൂമി മുഴുവൻ എന്റെ കുടുംബമാണെന്ന്' (മഹാ ഉപനിഷത്ത് 6:72).

'ഭൂമിയിലുള്ളവർ മുഴുവൻ' എന്ന് പറയുമ്പോൾ അതിൽ മുസ്‌ലിമും ക്രൈസ്തവനും കമ്യൂണിസ്റ്റും ദലിതനും പെടില്ലേ? ഈ ഭൂമിയിലാണല്ലോ അവരും ജീവിക്കുന്നത്. ഈ വാക്യം ഇന്ത്യൻ പാർലിമെന്റിന്റെ കവാടത്തിൽ വലുതായി എഴുതിവച്ചിട്ടുണ്ട്. ആ സൂക്തമൊക്കെ 'അങ്ങ് ഉപനിഷത്തിൽ വെച്ചാൽ മതി, ഞങ്ങളോട് പറയണ്ട' എന്നതാണ് 'സംഘ നയം' എന്ന് തോന്നുന്നു. എന്നാൽ ഇവരാകട്ടെ പഴയ വേദ- ഉപനിഷത് കാലത്തെ രാഷ്ട്രം ഉണ്ടാക്കാൻ ശ്രമിക്കുന്നവരാണു താനും!

ഇതുപോലെ തന്നെ പ്രസിദ്ധമായ മറ്റൊരു ആപ്ത വാക്യമാണ് 'ലോകാ സമസ്താ സുഖിനോ ഭവന്തു' (സമസ്ത ലോകത്തിനും സുഖമായിരിക്കട്ടെ) എന്നത്. ഈ വാക്യം പല ഹൈന്ദവ മന്ത്രങ്ങളിലും വരുന്നുണ്ട്. ഹിന്ദുമതത്തിന്റെ പാരമ്പര്യത്തിലുള്ള ഒരു രാഷ്ട്രം പടുക്കാൻ ശ്രമിക്കുന്നവരെ ഹിന്ദു പാരമ്പര്യത്തിലെ ചില വചനങ്ങൾ ഓർമിപ്പിച്ചു എന്ന് മാത്രം.

സ്വാമി വിവേകാനന്ദന്റെ വചനങ്ങൾ ഒരിക്കൽ കൂടി ഓർമിപ്പിച്ച് ഈ ലേഖനം അവസാനിപ്പിക്കട്ടെ:

"It is the blind Hindu followers who have made us to believe that the Muslims are foreigners. This very wrong perception has created barrier before the innocent Muslims in uniting with the Hindus." [Ref: Vivekananda Rachana Samagra, P.306, cited in Sikshachintan, Dec.2015, V.9, p.26].

"അന്ധന്മാരായ (വിവരമില്ലാത്ത/മതാന്ധത ബാധിച്ച) ചില ഹിന്ദുക്കൾ മുസ്‌ലിംകൾ വിദേശികളാണെന്ന് നമ്മെ വിശ്വസിപ്പിക്കാൻ നോക്കുന്നുണ്ട്. ഈ തെറ്റായ വിചാരമാണ് നിഷ്കളങ്കരായ മുസ്‌ലിംകളെ ഹിന്ദുക്കളുമായി ഒന്നിച്ചു പോകുന്നതിൽ നിന്ന് തടയുന്നത്."

'മതാന്ധത ബാധിച്ചവർ' എന്ന പ്രയോഗത്തിലൂടെ സ്വാമി വിവേകാനന്ദൻ ഉദ്ദേശിച്ചത് മതാടിസ്ഥാനത്തിൽ രാജ്യം വിഭജിക്കാൻ ശ്രമിക്കുന്ന 'ഹിന്ദുത്വ' വാദികളെയാണ്. ●

അബ്ദുൽ ജബ്ബാർ മദീനി
mail@nerpatham.com

ലേഖനം

ഇസ്‌ലാം പഠിപ്പിക്കുന്ന ഉത്തമ സ്വഭാവങ്ങൾ: 9



# സൽവിചാരം

**തി**ന്മയുടെ ഭാഗത്തെക്കാൾ നന്മയുടെ ഭാഗത്തിന് പ്രാമുഖ്യം കൽപിക്കലാണല്ലോ സൽവിചാരത്തിന്റെ തേട്ടം. സത്യവിശ്വാസിയെ കുറിച്ച് ഒരു വാർത്ത കേട്ടാൽ സൽവിചാരത്തിന്റെ അടിസ്ഥാനത്തിലാണ് അത് വിലയിരുത്തുകയും അതിൽ തീരുമാനം കൈകൊള്ളുകയും ചെയ്യേണ്ടത്. വ്യാജവാർത്തകൾ കേൾക്കുകയായാൽ വിശ്വാസിക്കുണ്ടാകേണ്ട നിലപാട് വ്യക്തമാക്കി അല്ലാഹു പറയുന്നു:

“നിങ്ങൾ അതു കേട്ടസമയത്ത് സത്യവിശ്വാസികളായ സ്ത്രീകളും പുരുഷൻമാരും തങ്ങളുടെ സ്വന്തം ആളുകളെപ്പറ്റി എന്തുകൊണ്ട് നല്ലതു വിചാരിക്കുകയും ഇതു വ്യക്തമായ നുണ തന്നെയാണ് എന്ന് പറയുകയും ചെയ്തില്ല?” (ക്വുർആൻ 24:16).

ആളുകളെ കുറിച്ചുള്ള ദുർവിചാരം വർജിക്കുവാനാവശ്യപ്പെട്ടും അതിന്റെ കാരണം വ്യക്തമാക്കിയും അല്ലാഹു പറയുന്നു:

"സത്യവിശ്വാസികളേ, ഊഹത്തിൽ മിക്കതും നിങ്ങൾ വെടിയുക. തീർച്ചയായും ഊഹത്തിൽ ചിലത് കുറ്റമാകുന്നു. നിങ്ങൾ ചാരവൃത്തി നടത്തുകയുമരുത്. നിങ്ങളിൽ ചിലർ ചിലരെപ്പറ്റി അവരുടെ അഭാവത്തിൽ ദുഷിച്ചുപറയുകയും അരുത്. തന്റെ സഹോദരൻ മരിച്ചുകിടക്കുമ്പോൾ അവന്റെ മാംസം ഭക്ഷിക്കുവാൻ നിങ്ങളാരെങ്കിലും ഇഷ്ടപ്പെടുമോ? എന്നാൽ അത് (ശവം തിന്നുന്നത്) നിങ്ങൾ വെറുക്കുകയാണു ചെയ്യുന്നത്. അല്ലാഹുവെ നിങ്ങൾ സൂക്ഷിക്കുക. തീർച്ചയായും അല്ലാഹു പശ്ചാത്താപം സ്വീകരിക്കുന്നവനും കരുണാനിധിയുമാകുന്നു"(ക്വുർആൻ 49:12).

അബൂഹുറയ്റ(റ)യിൽനിന്ന് നിവേദനം. നബി(സ) പറഞ്ഞു: "ഊഹത്തെ നിങ്ങൾ സൂക്ഷിക്കുക. നിശ്ചയം ഊഹം വർത്തമാനങ്ങളിൽ ഏറ്റവും വ്യാജംനിറഞ്ഞതാണ്...."(ബുഖാരി).

ഇബ്നുഅബ്ബാസി(റ)ൽനിന്ന് നിവേദനം: കഅ്ബയിലേക്ക് നോക്കിക്കൊണ്ടു നബി(സ) പറഞ്ഞു: "കഅ്ബയേ, നിനക്കു സ്വാഗതം. നീ എത്ര മഹനീയമാണ്. നിന്റെ പവിത്രത എത്ര മഹനീയമണ്. ഒരു വിശ്വാസിക്ക് അല്ലാഹുവിങ്കൽ നിന്നെക്കാൾ മഹനീയമായ പവിത്രതയുണ്ട്. അല്ലാഹു നിന്നെത്തൊട്ട് ഒരു കാര്യമാണ് ഹറാമാക്കിയത്. ഒരു വിശ്വാസിയെതൊട്ട് അവൻ മൂന്ന് കാര്യങ്ങൾ ഹറാമാക്കിയിരിക്കുന്നു. അവന്റെ രക്തവും സമ്പത്തും അവനെക്കുറിച്ച് ദുർവിചാരം വെച്ചുപുലർത്തപ്പെടുന്നതും" (സുനനുൽബയ്ഹകി. അൽബാനി സ്വഹീഹെന്ന് വിശേഷിപ്പിച്ചു).

ഇബ്നു ഉമറി(റ)ൽ നിന്നുള്ള മറ്റൊരു റിപ്പോർട്ടർ ഇപ്രകാരമാണുള്ളത്: "വിശ്വാസിയെ കുറിച്ച് സൽവിചാരമേ വെച്ചുപുലർത്താവൂ" (സുനനുഇബ്നിമാജ. അൽബാനി സ്വഹീഹെന്ന് വിശേഷിപ്പിച്ചു).

വിശ്വാസികളുടെ മാതാവായ പ്രവാചക പത്നി സ്വഫിയ്യ(റ) പറയുന്നു: "തിരുനബി(സ) ഇഅ്തികാഫ് ഇരിക്കുന്നവനായിരുന്നു. അപ്പോൾ ഞാൻ രാത്രിയിൽ തിരുമേനിയെ സന്ദർശിക്കുവാൻ ചെന്നു.നബി(സ)യോട് ഞാൻ സംസാരിച്ചു. ശേഷം മടങ്ങിപ്പോരുവാൻ ഞാൻ എഴുന്നേറ്റു. അപ്പോൾ എന്നെ അനുഗമിക്കുവാൻ തിരുമേനിയും എഴുന്നേറ്റു. ഉസാമ ഇബ്നു സെയ്ദിന്റെ വീട്ടിലായിരുന്നു അവരുടെ താമസം. അപ്പോൾ, അൻസ്വാരികളിൽ പെട്ട രണ്ടാളുകൾ നടന്നുവന്നു. അവർ നബി(സ)യെ കണ്ടപ്പോൾ ധൃതികൂട്ടി. നബി(സ) പറഞ്ഞു: 'നിങ്ങൾ സാവകാശത്തിൽ നടന്നാലും. നിശ്ചയം, ഇത് സ്വഫിയ്യ ബിൻത്ഹുയയ്യ് ആകുന്നു.' അവർ രണ്ടു പേരും പറഞ്ഞു: "അല്ലാഹു പരിശുദ്ധനാണ് തിരുദൂതരേ, (ഞങ്ങൾ താങ്കളെ കുറിച്ച് മോശമായി ഒന്നും വിചാരിച്ചില്ല).' തിരുമേനി(സ) പറഞ്ഞു: 'നിശ്ചയം പിശാച്, മനുഷ്യനിൽ രക്തസഞ്ചാരം കണക്കെ സഞ്ചരിക്കും. നിങ്ങളുടെ ഹൃദയങ്ങളിൽ അവൻ വല്ല വിപത്തും ഇട്ടേക്കുമോ എന്ന് ഞാൻ തീർച്ചയായും ഭയപ്പെട്ടു" (ബുഖാരി).

അല്ലാഹുവിനെക്കുറിച്ചുള്ള സദ്വിചാരം നിർബന്ധവും അനിവാര്യവും അത്യന്താപേക്ഷിതവുമാണ്. അവൻ തനിക്കു മാപ്പേകുമെന്നും തന്നോടു പൊറുക്കുമെന്നും കരുണ കാണിക്കുമെന്നുമുള്ള വിചാരമാണത്. ജാബിറി(റ)ൽ നിന്ന് നിവേദനം: "തിരുമേനി വഫാത്താകുന്നതിന്റെ മൂന്നുദിവസം മുമ്പ് പറയുന്നത് ഞാൻ കേട്ടു: 'നിങ്ങളിൽ ഒരാളും അല്ലാഹുവിനെ കുറിച്ച് നല്ല വിചാരമുള്ളവനായിക്കൊല്ലാതെ മരിക്കരുത്"(മുസ്ലിം).

നല്ലവിചാരം വെച്ചുപുലർത്തുകയും പ്രതീക്ഷ വളർത്തുകയും തവക്കുലിൽ (അല്ലാഹുവിൽ ഭരമേൽപിക്കൽ) സത്യസന്ധത പുലർത്തുകയും ചെയ്യുന്ന ഒരു ദാസന്റെയും പ്രതീക്ഷയെ അല്ലാഹു ഇച്ഛാഭംഗ പ്പെടുത്തുകയില്ല. നേതാക്കന്മാരും പ്രജകളും ഭാര്യഭർത്താക്കന്മാർ, സുഹൃത്തുക്കൾ, ഇടപാടുകാർ തുടങ്ങി പടപ്പുകളും അന്യോന്യം നല്ലവിചാരം കൊണ്ടുനടക്കേതുണ്ട്. അമീറുൽ മുഅ്മിനീൻ ഉമർ(റ) പറയാറുായിരുന്നു:

'തന്റെ വിചാരം കൊണ്ട് ഗുണം കൊയ്യാത്തവൻ തന്റെ ശരീരംകൊണ്ടും ഗുണം നേടില്ല.'

മഹതി ഉമ്മുൽമുഅ്മിനീൻ ആഇശ(റ)യെ കുറിച്ച് കപടന്മാർ അപവാദ പ്രചാരണം നടത്തിയ സംഭവം വലിയ ഫിത്നയായിരുന്നു. പലർക്കും അടിതെറ്റിയ പരീക്ഷണമായിരുന്നു അത്. നബി(സ)യുടെ ഒരു സംസാരം ഈ വിഷയത്തിന്റെ ഗൗരവമറിയിക്കുന്നു:

"തിരുദൂതർ എഴുന്നേറ്റു. അബ്ദുല്ലാഹ് ഇബ്നു ഉബയ്യിന്റെ ദുഷ്ചെയ്തികളിൽനിന്ന് അയാൾക്ക് വിലങ്ങിടുവാൻ തീരുമാനിച്ചു. ആഇശ(റ) പറഞ്ഞു: തിരുദൂതർ മിമ്പറിൽ നിന്നുകൊണ്ട് പറഞ്ഞു: 'മുസ്ലിം സമൂഹമേ, എന്റെ ഭാര്യയുടെ വിഷയത്തിൽ എനിക്ക് ദ്രോഹമുണ്ടാക്കിയ ഒരു മനുഷ്യനോട് ഞാൻ പ്രതികാരം ചെയ്താൽ ഞാൻ നീതിയാണ് ചെയ്തതെന്ന് പറയുവാനും എനിക്ക് ഒഴിവ് കഴിവ് അന്വേഷിക്കുവാനും ആരുണ്ട്?" (ബുഖാരി, മുസ്ലിം).

അപവാദപ്രചാരണം വരുത്തിവെച്ച അപകടത്തിന്റെ ആഴമറിയുവാനാണ് ഈ സംസാരം ഉദ്ധരിച്ചത്. പ്രസ്തുത നാളുകളിൽ മദീനയിൽവെച്ച് സ്വഹാബിയായ അബൂഅയ്യൂബിൽഅൻസ്വാരി(റ)യും ഭാര്യ ഉമ്മുഅയ്യൂബും തമ്മിൽ നടന്ന ഒരു സംഭാഷണം സൽവിചാരത്തിന്റെ ഉത്തമ ഉദാഹരണമാണ്. അത് ഇപ്രകാരമാണ്:

ഉമ്മുഅയ്യൂബ്(റ) പറഞ്ഞു: 'ഓ അബൂഅയ്യൂബ്, ആഇശയുടെ വിഷയത്തിൽ ജനങ്ങളുടെ സംസാ

രം താങ്കൾ കേട്ടില്ലേ?' അബൂഅയ്യൂബ് ﷺപറഞ്ഞു: 'അതെ. അത് കളവാകുന്നു. ഉമ്മു അയ്യൂബ്, നിങ്ങളായിരുന്നു അത് എങ്കിൽ നിങ്ങൾ അപ്രകാരം ചെയ്യുമായിരുന്നോ?' ഉമ്മുഅയ്യൂബ് പറഞ്ഞു: 'അല്ലാഹുവാണേ ഇല്ല. ഞാൻ അത് ചെയ്യില്ല.' അബൂഅയ്യൂബ് പറഞ്ഞു: 'എങ്കിൽ നിങ്ങളെക്കാൾ ഉൽകൃഷ്ടയാണ് ആഇശ.'

ഇപ്രകാരമായിരുന്നു സ്വഹാബികൾ. അലി ﷺ യുടെ ഭരണകാലത്ത് മുസ്‌ലിംകൾക്ക് ഇടയിൽ സംജാതമായ ജമൽയുദ്ധത്തിൽ അലിയുടെ എതിർ പക്ഷത്തായിരുന്നു ത്വൽഹത് ഇബ്നു ഉബയ്ദില്ല ﷺ. എന്നിട്ടും ത്വൽഹ ﷺ വധിക്കപ്പെട്ടപ്പോൾ അലി ﷺ കരഞ്ഞതും ചരിത്രത്തിൽ കാണാം:

"ത്വൽഹത്ത് വധിക്കപ്പെടുകയും അദ്ദേഹത്തെ അലി ﷺ കൊല്ലപ്പെട്ടവനായി കാണുകയും ചെയ്തപ്പോൾ അലി ﷺ അദ്ദേഹത്തിന്റെ മുഖത്തുനിന്ന് മണ്ണ് തുടക്കുവാനും ഇപ്രകാരം പറയുവാനും തുടങ്ങി: 'അബൂമുഹമ്മദ്, താങ്കൾ ആകാശ താരങ്ങൾക്ക് കീഴെ നിലംപൊത്തി കിടക്കുന്നത് കാണൽ എനിക്ക് ഏറെ പ്രയാസകരമാണ്.' ശേഷം അദ്ദേഹം പറഞ്ഞു: 'എന്റെ ദുഃഖങ്ങളും വ്യഥകളും ഞാൻ അല്ലാഹുവോട് ബോധിപ്പിക്കുന്നു.' ത്വൽഹത്തിന്റെ ജനാസക്കരികിലിരുന്ന് അദ്ദേഹവും കൂടെയുള്ളവരും ഏറെ കരഞ്ഞു. അദ്ദേഹം പറഞ്ഞു: 'ഈ ദിനം വന്നണയുന്നതിന്റെ ഇരുപത് വർഷം മുമ്പ് ഞാൻ മരണപ്പെട്ടിരുന്നെങ്കിൽ എത്ര നന്നായിരുന്നു!" (ഉസ്ദുൽ ഗാബഃ, ഉബ്നുൽ അഥീർ 3:88,89).

ജമലിൽ അമീറുൽമുഅ്മിനീൻ അലി ﷺ യുടെ എതിർപക്ഷത്തായിരുന്നു ഉമ്മുൽമുഅ്മിനീൻ ആഇശ ﷺ. മുസ്‌ലിംകൾക്കിടയിലെ പ്രശ്നപരിഹാരത്തിന് അവർ അവിടേക്ക് നയിക്കപ്പെടുകയാണുണ്ടായത്. അലിയോട് അവർക്കുണ്ടായിരുന്ന മതിപ്പും ആദരവും നല്ലവിചാരവും അറിയിക്കുന്ന ഒരു സംഭവം ഇപ്രകാരം ചരിത്രത്തിൽ കാണാം. ശുറയ്ഹ് ഇബ്നുഹാനിഅ് ﷺ പറഞ്ഞു:

"ഖുഫ്ഫകൾ തടവുന്നതിനെ കുറിച്ചു ചോദിക്കുവാൻ ഞാൻ ആഇശയുടെ അടുക്കൽ ചെന്നു. അപ്പോൾ അവർ പറഞ്ഞു: 'താങ്കൾ അലിയ്യ് ഇബ്നു അബീത്വാലിബിനെ സമീപിക്കുകയും അദ്ദേഹത്തോടു ചോദിക്കുകയും ചെയ്യുക. കാരണം അല്ലാഹുവിന്റെ റസൂലിനോടൊപ്പം അദ്ദേഹം യാത്ര ചെയ്യുമായി രുന്നു.' അങ്ങനെ ഞങ്ങൾ അദ്ദേഹത്തോട് ചോദിച്ചു. അപ്പോൾ അലി ﷺ പറഞ്ഞു: 'മൂന്നു പകലുകളും അവയുടെ രാവുകളും യാത്രക്കാരനും ഒരു രാവും പകലും നാട്ടിൽ താമസിക്കുന്നവനും (ഖുഫ്ഫഃ തടവുവാൻ) തിരുദൂതർ നിശ്ചയിച്ചിരിക്കുന്നു.' മറ്റൊരു നിവേദനത്തിൽ ആഇശ ﷺ പറഞ്ഞതായി ഇപ്രകാരമുണ്ട്: 'താങ്കൾ അലിയുടെ അടുക്കൽ ചെല്ലുക. കാരണം അദ്ദേഹത്തിനാണ് അതിനെ കുറിച്ച് എന്നെക്കാൾ അറിയുന്നത്.' അപ്പോൾ ഞാൻ അലിയുടെ അടുക്കൽ ചെന്നു. അദ്ദേഹം നബി ﷺ യിൽ നിന്നും ഇതുപോലുള്ള ഒരു ഹദീഥ് പറഞ്ഞു.'

അലി ﷺ യുടെ തന്നെ ഭരണകാലത്ത് മുസ്‌ലിംകൾക്കിടയിൽ സംജാതമായ മറ്റൊരു യുദ്ധമാണ് സ്വിഫ്ഫീൻ യുദ്ധം. ശത്രുക്കളുടെ കുതന്ത്രങ്ങളും കപടന്മാരുടെ ഇരട്ടമുഖങ്ങളും നിഷ്കളങ്കരായ സ്വഹാബത്തിനെ യുദ്ധമുഖത്ത് എത്തിക്കുകയായിരുന്നു എന്നതും പ്രസ്തുത യുദ്ധങ്ങളിൽ പങ്കു കൊണ്ടസ്വഹാബികൾ വളരെ വിരളമായിരുന്നു എന്നതുമാണ് നേര്. അലി ﷺ യും മുആവിയ ﷺ യും ഇരുപക്ഷങ്ങളിലും നേതൃനിരയിലായിരുന്നു.

പിൽകാലത്ത് അലി ﷺ രക്തസാക്ഷിയായ വിവരം മുആവിയ ﷺ ക്ക് എത്തിയപ്പോൾ അദ്ദേഹത്തിന്റെ പ്രതികരണം ഇപ്രകാരം ചരിത്രത്തിലുണ്ട്:

അദ്ദേഹം കരയുകയായിരുന്നു. അദ്ദേഹത്തോട് ഭാര്യ ചോദിച്ചു: 'ഇന്നലെ താങ്കൾ അദ്ദേഹത്തോട് യുദ്ധം ചെയ്തു. ഇന്ന് താങ്കൾ അദ്ദേഹത്തിന് വേണ്ടി കരയുകയോ?' മുആവിയ ﷺ പറഞ്ഞു: 'നിനക്കു നാശം, അദ്ദേഹത്തിന്റെ വിവേകവും വിജ്ഞാനവും മഹത്ത്വവും നന്മയും പുണ്യങ്ങളിലേക്കുള്ള മുന്നേറ്റങ്ങളും ജനങ്ങൾക്ക് നഷ്ടപ്പെട്ടതിനാലാണ് ഞാൻ കരയുന്നത്.'

മറ്റൊരു റിപ്പോർട്ടിലുള്ളത് ഇപ്രകാരമാണ്: 'നിനക്ക് നാശം. ജനങ്ങൾക്ക് എത്ര നന്മയും വിജ്ഞാനവും പാണ്ഡിത്യവുമാണ് (അദ്ദേഹത്തിന്റെ വിയോഗത്തിലൂടെ) നഷ്ടപ്പെട്ടത് എന്ന് നിനക്ക് അറിയില്ല" (അൽബിദായ വന്നിഹായ, ഇബ്നുകഥീർ).

ഉമ്മുൽമുഅ്മിനീൻ ആഇശായുടെ സഹകളത്രിയായിരുന്ന ഉമ്മുൽമുഅ്മിനീൻ സയ്നബ് ബിൻത് ജഹ്ശി ﷺ ന് നബി ﷺ യുടെ അടുത്ത് വലിയ സ്ഥാനമായിരുന്നു. തിരുദൂതരുടെ അമ്മായി ഉമയ്മയുടെ മകളായിരുന്നു അവർ. തന്റെ സഹകളത്രിയായ സയ്നബി ﷺ നെ കുറിച്ച് ആഇശ ﷺ പറഞ്ഞതായ വചനങ്ങൾ നോക്കൂ: "തിരുദൂതരുടെ അടുത്ത് സയ്നബിനുള്ള സ്ഥാനത്താൽ പ്രവാചക പത്നിമാരിൽ അവരായിരുന്നു എന്നോടു കിടപിടിക്കാറുണ്ടായിരുന്നത്. മതനിഷ്ഠയിലും അല്ലാഹുവിലുള്ള തക്‌വയിലും സത്യസന്ധമായ സംസാരത്തിലും കുടുംബബന്ധം ചാർത്തുന്നതിലും നന്നായി ദാനധർമം നിർവഹിക്കുന്നതിലും, ധർമം നിർവഹിക്കുക, അല്ലാഹുവോട് അടുക്കുക എന്നീ കർമങ്ങളിലുള്ള തികഞ്ഞ അർപ്പണബോധത്തിലും സയ്നബിനോളം ശ്രേഷ്ഠയായ ഒരു സ്ത്രീയെയും ഞാൻ കണ്ടിട്ടില്ല; അവരിലുണ്ടായിരുന്ന പെട്ടെന്നുള്ള ഈർഷ്യതാ സ്വഭാവമല്ലാതെ. ആ സ്വഭാവത്തിൽ നിന്നാകട്ടെ അവർ വേഗത്തിൽ മടങ്ങുകയും ചെയ്യുമായിരുന്നു" (മുസ്‌ലിം). ●

ശൈഖ് സഅദ് ബിൻ നാസർ അശ്ശത്‌രി
വിവ: ശമീർ മദീനി

ലേഖനം

സ്വൂഫികളും വിശ്വാസവ്യതിയാനങ്ങളും 6



# വലിയ്യുകൾക്ക് വഹ്‌യ് കിട്ടുമെന്നോ?

തവസ്സുലിന്റെ രണ്ട് രൂപങ്ങളെ കുറിച്ച് കഴിഞ്ഞ ലക്കത്തിൽ നാം മനസ്സിലാക്കി.

മൂന്ന്: നബിﷺയുടെയോ സ്വഹാബത്തിന്റെയോ മാതൃകയില്ലാത്ത ബിദ്ഈ തവസ്സുൽ. ബിദ്ഈ തവസ്സുലുകളുടെ കൂട്ടത്തിൽ പെട്ടതു തന്നെയാണ് നബിﷺയുടെ അസ്തിത്വം(ദാത്ത്) കൊണ്ടും ശരീരം (ജസദ്) കൊണ്ടും സ്ഥാനം (ജാഹ്) കൊണ്ടുമൊക്കെയുള്ള പ്രാർഥനകൾ. ഇവ നൂതനാചരവും അനനുവദനീയവുമാണ്. എന്തുകൊണ്ടെന്നാൽ നബിﷺയോ സ്വഹാബത്തോ അങ്ങനെ ചെയ്തിട്ടില്ല. അവർ ചെയ്തിട്ടില്ലാത്ത ഇത്തരത്തിലുള്ള ഇബാദത്തുകൾ അഖിലവും ബിദ്അത്തുകളാണ്. ചിലർ നബിﷺയോട് വിളിച്ചുപ്രാർഥിക്കുന്നതിന് 'തവസ്സുൽ' എന്ന ഓമനപ്പേര് നൽകി. അങ്ങനെ ഒരാൾ 'നബിയേ, എന്റെ രോഗിയുടെ അസുഖം ഭേദമാക്കേണമേ...'എന്ന് പ്രാർഥിച്ചാൽ അവർ അതിന് പറയുന്ന പേര് നബിﷺയെ കൊണ്ടുള്ള തവസ്സുൽ എന്നാണ്. അറബിഭാഷ അറിയുന്ന ഏതൊരാൾക്കും, അല്ലെങ്കിൽ പദങ്ങൾ ഗ്രഹിക്കാനുള്ള ഗ്രാഹ്യശേഷിയെങ്കിലുമുള്ള ഏതൊരാൾക്കും അറിയാവുന്നതാണ് ഇത് നബിﷺയോടുള്ള ശുദ്ധപ്രാർഥനയാണ്; തവസ്സുലല്ല എന്നത്. അല്ലാഹുവല്ലാത്തവരോടുള്ള പ്രാർഥന ശിർക്കും മതം വിലക്കിയതുമാണ് എന്ന കാര്യം മുമ്പ് വ്യക്തമാക്കിയതാണല്ലോ. ഇതും തവസ്സുലെന്ന പേരിൽ പറയപ്പെടുന്ന മറ്റൊരു തരമാണ്.

നബിമാരിലുള്ള വിശ്വാസവുമായി ബന്ധപ്പെട്ട സ്വൂഫി വിശ്വാസങ്ങളിൽപെട്ട മറ്റൊന്നാണ്, ചിലയാളുകൾക്ക് ശരീഅത്തിന്റെ നിയമശാസനകൾ ബാധകമല്ല എന്നും നബിﷺയുടെ മാതൃകയനുസരിച്ചല്ലാതെയും അല്ലാഹുവിന് ഇബാദത്ത് ചെയ്യാം എന്നുമൊക്കെയുള്ള വാദങ്ങൾ. വലിയ്യായ ഖിള്റിعليه السلامന് (ഖിള്ർعليه السلام അല്ലാഹുവിന്റെ പ്രവാചകനാണ് എന്നതാണ് പ്രബലമായ അഭിപ്രായം- വിവർത്തകൻ) മൂസാനബിعليه السلامയുടെ ശരീഅത്ത് ബാധകമായിരുന്നില്ല. ഖിള്ർعليه السلام ഇപ്പോഴും ജീവിച്ചിരിപ്പുണ്ട്. അദ്ദേഹം മുഹമ്മദ് നബിﷺ പഠിപ്പിച്ച ഇസ്‌ലാമിക ശരീഅത്തനുസരിച്ചല്ല പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഔലിയാക്കൾ അദ്ദേഹത്തെ കണ്ടുമുട്ടുകയും അറിവ് സ്വീകരിക്കുകയും ഒക്കെ ചെയ്യാറുണ്ട് തുടങ്ങിയ വിശ്വാസങ്ങൾ ഇസ്‌ലാം ദീനിന് കടകവിരുദ്ധമാണ്. മുഹമ്മദ് നബിﷺയുടെ നിയോഗമന ദൗത്യം സർവ മനുഷ്യരിലേക്കു മാണെന്നും സർവമനുഷ്യരും അദ്ദേഹത്തെ പിൻപറ്റാൻ ബാധ്യസ്ഥരുമാണ് എന്നാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. അല്ലാഹു പറയുന്നു:

"പറയുക: നിങ്ങൾക്കൊരു നിശ്ചിത ദിവസമുണ്ട്. അതു വിട്ട് ഒരു നിമിഷം പോലും നിങ്ങൾ പിന്നോട്ട് പോകുകയോ മുന്നോട്ട് പോകുകയോ ഇല്ല" (ക്വുർആൻ 34:30).

അല്ലാഹു തന്റെ പ്രവാചകനോട് പ്രഖ്യാപിക്കുവാൻ പറയുന്നു: "പറയുക: മനുഷ്യരേ, തീർച്ചയായും ഞാൻ നിങ്ങളിലേക്കെല്ലാമുള്ള അല്ലാഹുവിന്റെ ദൂതനാകുന്നു. ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യം ഏതൊരുവന്നാണോ അവന്റെ (ദൂതൻ). അവനല്ലാതെ ഒരു ദൈവവുമില്ല. അവൻ ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നു. അതിനാൽ നിങ്ങൾ അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വസിക്കുവിൻ. അതെ, അല്ലാഹുവിലും അവന്റെ വചനങ്ങളിലും വിശ്വസിക്കുന്ന അക്ഷരജ്ഞാനമില്ലാത്ത ആ പ്രവാചകനിൽ. അദ്ദേഹത്തെ നിങ്ങൾ പിൻപറ്റുവിൻ നിങ്ങൾക്ക് നേർമാർഗം പ്രാപിക്കാം"(ക്വുർആൻ 7:158).

ഖിള്ർعليه السلام മരണപ്പെട്ടു. അദ്ദേഹമെങ്ങാനും ജീവിച്ചിരിപ്പുണ്ടായിരുന്നെങ്കിൽ പ്രവാചക സന്നിധിയിൽ വന്ന് സ്വഹാബിയായി സഹവാസത്തിന്റെ ശ്രേഷ്ഠത കൈവരിക്കുമായിരുന്നു.

അല്ലാഹു പറയുന്നു: "അല്ലാഹു പ്രവാചകന്മാരോട് കരാർ വാങ്ങിയ സന്ദർഭം (ശ്രദ്ധിക്കുക): ഞാൻ നിങ്ങൾക്ക് വേദഗ്രന്ഥവും വിജ്ഞാനവും നൽകുകയും അനന്തരം നിങ്ങളുടെ പക്കലുള്ളതിനെ ശരിവെച്ചുകൊണ്ട് ഒരു ദൂതൻ നിങ്ങളുടെ അടുത്ത് വരികയുമാണെങ്കിൽ തീർച്ചയായും നിങ്ങൾ അദ്ദേഹത്തിൽ വിശ്വസിക്കുകയും അദ്ദേഹത്തെ സഹായിക്കുകയും ചെയ്യേണ്ടതാണ് എന്ന്. (തുടർന്ന്) അവൻ (അവരോട്) ചോദിച്ചു: നിങ്ങളത് സമ്മതിക്കുകയും അക്കാര്യത്തിൽ എന്നോടുള്ള ബാധ്യത ഏറ്റെടുക്കുകയും ചെയ്തുവോ? അവർ പറഞ്ഞു: അതെ, ഞങ്ങൾ സമ്മതിച്ചിരിക്കുന്നു. അവൻ പറഞ്ഞു: എങ്കിൽ നിങ്ങൾ അതിന് സാക്ഷികളായിരിക്കുക. ഞാനും നിങ്ങളോടൊപ്പം സാക്ഷിയായിരിക്കുന്നതാണ്" (ക്വുർആൻ 3:81).

അല്ലാഹു പറയുന്നു: "(നബിയേ,) നിനക്കു മുമ്പ് ഒരു മനുഷ്യനും നാം അനശ്വരത നൽകിയിട്ടില്ല. എന്നിരിക്കെ നീ മരിച്ചെങ്കിൽ അവർ നിത്യജീവികളായിരിക്കുമോ?" (ക്വുർആൻ 21:34).

നബിﷺ ഒരു രാത്രി ഇപ്രകാരം പറയുണ്ടായി:

"ഈ രാത്രിയിൽ ഭൂമുഖത്തുള്ള ഏതൊരാളും നൂറു വർഷം കഴിയുന്നതിനു മുമ്പായി മരണപ്പെടുന്നതാണ്" (ബുഖാരി, മുസ്‌ലിം).

മേൽപറഞ്ഞ കാര്യങ്ങളിൽ നിന്നും മനസ്സിലാകുന്ന മറ്റൊരു സംഗതിയാണ് സ്വൂഫിയ്യാക്കൾ ഔലിയാക്കൾക്ക് അമ്പിയാക്കന്മാരെക്കാൾ ഉന്നതസ്ഥാനം കൽപിക്കുന്നു എന്നത്. അവരത് അങ്ങനെ തന്നെ വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ നബിﷺ പറയുന്നത് കാണുക.



"അന്ത്യനാളിൽ ആദം സന്തതികളുടെ നേതാവായിരിക്കും ഞാൻ. അഭിമാനം പറയുകയല്ല" (തിർമിദി).

ഇത്തരം വാദഗതികളുമായി നടക്കുന്നവർ നബിﷺയുടെ സ്ഥാനം കുറച്ചു കാണിക്കുന്നവരായിപ്പോകുന്നതിനെ ഭയക്കേണ്ടതുണ്ട്. അങ്ങനെ അല്ലാഹു ആക്ഷേപിച്ചു പറഞ്ഞ ഇക്കൂട്ടരിൽ പെട്ടുപോകുന്നതും ഭയക്കണം.

"തീർച്ചയായും നിന്നോട് വിദ്വേഷം വെച്ചുപുലർത്തുന്നവൻ തന്നെയാകുന്നു വാലറ്റവൻ (ഭാവിയില്ലാത്തവൻ)" (ക്വുർആൻ 108:3).

ഔലിയാക്കൾക്ക് അല്ലാഹുവിങ്കൽ നിന്ന് വഹ്‌യ് ലഭിക്കുന്നുണ്ടെന്നും അവർ സ്വപ്നങ്ങളിലൂടെയും വെളിപാടുകളിലൂടെയും മതവിധികൾ സ്വീകരിക്കുന്നുവെന്നുമൊക്കെയുള്ള വിശ്വാസങ്ങൾ ചില സ്വൂഫിയ്യാക്കളുടെ പിഴച്ച വിശ്വാസങ്ങളിൽപെട്ടതാണ്. അവരിൽ ചിലർ ഇത്രവരെ പറയുകയുണ്ടായി: 'നിങ്ങൾ നിങ്ങളുടെ വിജ്ഞാനങ്ങൾ മരണപ്പെട്ടവരിൽ നിന്നുമാണ് സ്വീകരിക്കുന്നത്. എന്നാൽ ഞങ്ങളാകട്ടെ എന്നെന്നും ജീവിച്ചിരിക്കുന്ന, ഒരിക്കലും മരിക്കാത്ത അല്ലാഹുവിൽനിന്ന് നേരിട്ടാണ് അറിവുകൾ സ്വീകരിക്കുന്നത്.'

അനവധി തെളിവുകളിലൂടെ അനിഷേധ്യമായി സ്ഥിരപ്പെട്ട സംഗതിയാണ് പ്രവാചക പരിസമാപ്തിയും മതത്തിന്റെ സമ്പൂർണതയും. അല്ലാഹു പറയുന്നു:

"മുഹമ്മദ് നിങ്ങളുടെ പുരുഷന്മാരിൽ ഒരാളുടെയും പിതാവായിട്ടില്ല. പക്ഷേ, അദ്ദേഹം അല്ലാഹുവിന്റെ ദൂതനും പ്രവാചകന്മാരിൽ അവസാനത്തെ ആളുമാകുന്നു. അല്ലാഹു ഏതു കാര്യത്തെപ്പറ്റിയും അറിവുള്ളവനാകുന്നു" (ക്വുർആൻ 33:40).

അല്ലാഹു പറയുന്നു: "ഇന്നേദിവസം ഞാൻ നിങ്ങൾക്ക് നിങ്ങളുടെ മതം പൂർത്തിയാക്കിത്തന്നിരിക്കുന്നു. എന്റെ അനുഗ്രഹം നിങ്ങൾക്ക് ഞാൻ നിറവേറ്റിത്തരികയും ചെയ്തിരിക്കുന്നു. മതമായി ഇസ്‌ലാമിനെ ഞാൻ നിങ്ങൾക്ക് തൃപ്തിപ്പെട്ടു തന്നിരിക്കുന്നു" (ക്വുർആൻ 5:3).

ഇസ്‌ലാം സമ്പൂർണമാണെന്നിരിക്കെ മതവിധികൾ സ്വീകരിക്കുന്നതിന് ഇത്തരം സ്വപ്നങ്ങളുടെയും വെളിപാടുകളുടെയും ആവശ്യമേയില്ല. അല്ലാഹുവിന്റെ ഗ്രന്ഥമായ വിശുദ്ധ ക്വുർആൻ മൂലപ്രമാണമായി നമ്മുടെ മുമ്പിലുണ്ട്. അല്ലാഹു പറയുന്നു:

"ഓരോ സമുദായത്തിലും അവരുടെ കാര്യത്തിന് സാക്ഷിയായിക്കൊണ്ട് അവരിൽ നിന്നുതന്നെയുള്ള ഒരാളെ നാം നിയോഗിക്കുകയും ഇക്കൂട്ടരുടെ കാര്യത്തിന് സാക്ഷിയായിക്കൊണ്ട് നിന്നെ നാം കൊണ്ട് വരികയും ചെയ്യുന്ന ദിവസം (ശ്രദ്ധേയമത്രെ.) എല്ലാ കാര്യത്തിനും വിശദീകരണമായിക്കൊണ്ടും മാർഗദർശനവും കാരുണ്യവും കീഴ്പെട്ടു ജീവിക്കുന്നവർക്ക് സന്തോഷവാർത്തയുമായിക്കൊണ്ടുമാണ് നിനക്ക് നാം വേദഗ്രന്ഥം അവതരിപ്പിച്ചിരിക്കുന്നത്" (ക്വുർആൻ 16:89).

അല്ലാഹുവിന്റെ ഗ്രന്ഥമാകട്ടെ പരിശുദ്ധവും അന്യൂനവുമാണ്. അല്ലാഹു പറയുന്നു:

"തീർച്ചയായും നാമാണ് ആ ഉൽബോധനം അവതരിപ്പിച്ചത്. തീർച്ചയായും നാം അതിനെ കാത്തുസൂക്ഷിക്കുന്നതുമാണ്"(ക്വുർആൻ 15:9).

"അതിന്റെ മുമ്പിലൂടെയോ പിന്നിലൂടെയോ അതിൽ അസത്യം വന്നെത്തുകയില്ല. യുക്തിമാനും സ്തുത്യർഹനുമായിട്ടുള്ളവന്റെ പക്കൽനിന്ന് അവതരിക്കപ്പെട്ടതത്രെ അത്"(ക്വുർആൻ 41:42).

എന്നാൽ ഇത്തരം സ്വപ്നങ്ങളുടെയും വെളിപാടുകളുടെയും സ്ഥിതിയതല്ല. അവയെ സംബന്ധിച്ചിടത്തോളം പിശാചുക്കളുടെയും ജിന്നുകളുടെയും കളികളിൽ നിന്നും മനുഷ്യർ നിർഭയനല്ല. അല്ലാഹു തആലാ പറഞ്ഞതുപോലെ:

"അല്ലാഹുവിന്റെ നാമം ഉച്ചരിക്കപ്പെടാത്തതിൽ നിന്ന് നിങ്ങൾ തിന്നരുത്. തീർച്ചയായും അത് അധർമ മാണ്. നിങ്ങളോട് തർക്കിക്കുവാൻ വേണ്ടി പിശാചുക്കൾ അവരുടെ മിത്രങ്ങൾക്ക് തീർച്ചയായും ദുർ ബോധനം നൽകിക്കൊണ്ടിരിക്കും. നിങ്ങൾ അവരെ അനുസരിക്കുന്നപക്ഷം തീർച്ചയായും നിങ്ങൾ (അല്ലാഹുവോട്) പങ്കുചേർക്കുന്നവരായിപ്പോകും" (ക്വുർആൻ 6:121).

"വല്ല കാര്യത്തിലും നിങ്ങൾക്കിടയിൽ ഭിന്നിപ്പുണ്ടാവുകയാണെങ്കിൽ നിങ്ങളത് അല്ലാഹുവിലേക്കും റസൂലിലേക്കും മടക്കുക" (ക്വുർആൻ 4:59).

അല്ലാഹുവിന്റെ ഗ്രന്ഥമായ ക്വുർആനും നബിﷺയുടെ ചര്യയായ സുന്നത്തുമാണ് ഇതിന്റെ വിവക്ഷയെന്നതിൽ പണ്ഡിതന്മാർ ഏകാഭിപ്രായക്കാരാണ്.

നബിﷺയുടെ മാർഗദർശനങ്ങൾക്ക് എതിരായ പല ആരാധനാകർമങ്ങളിലൂടെയും അല്ലാഹുവിലേ ക്ക് അടുക്കുവാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നുവെന്നതും സ്വൂഫിയ്യാക്കളുടെ വ്യതിയാനങ്ങളിലൊന്നാണ്. ആ

രാധനയുടെയും അല്ലാഹുവിലേക്കുള്ള സാമീപ്യത്തിന്റെയും പേരുപറഞ്ഞ് സമ്പാദനമാർഗങ്ങൾ ഒഴിവാക്കുന്നത് അതിനാലാണ്. എന്നാൽ ഇസ്‌ലാമിക ശരീഅത്താകട്ടെ അധ്വാനത്തെയും സമ്പാദനത്തെ യും പ്രോത്സാഹിപ്പിക്കുകയാണ് ചെയ്യുന്നത്. അല്ലാഹു പറയുന്നു:

"അങ്ങനെ നമസ്കാരം നിർവഹിക്കപ്പെട്ടുകഴിഞ്ഞാൽ നിങ്ങൾ ഭൂമിയിൽ വ്യാപിച്ചുകൊള്ളുകയും അല്ലാഹുവിന്റെ അനുഗ്രഹത്തിൽ നിന്ന് തേടിക്കൊള്ളുകയും ചെയ്യുക. നിങ്ങൾ അല്ലാഹുവെ ധാരാളമായി ഓർക്കുകയും ചെയ്യുക. നിങ്ങൾ വിജയം പ്രാപിച്ചേക്കാം" (ക്വുർആൻ 62:10).

നബിﷺ പറഞ്ഞതായി സ്വഹീഹായ ഹദീഥിൽ ഇപ്രകാരം വന്നിരിക്കുന്നു:

"ഒരാളും തന്റെ സ്വന്തം കൈകൾ കൊണ്ട് അധ്വാനിച്ചുണ്ടാക്കിയതിൽ നിന്ന് ഭക്ഷിക്കുന്നതിനെക്കാൾ ഉത്തമമായ ഭക്ഷണം കഴിക്കുന്നില്ല" (ബുഖാരി).

ഇതുപോലുള്ള വേറെയും വചനങ്ങൾ കാണാവുന്നതാണ്. അപ്രകാരം തന്നെ വേറെ ചിലർ വിവാഹം ഉപേക്ഷിച്ചുകൊണ്ടാണ് (ബ്രഹ്മചര്യം സ്വീകരിച്ചുകൊണ്ടാണ്) അല്ലാഹുവിലേക്ക് അടുക്കാൻ ശ്രമിക്കുന്നത്. എന്നാൽ ബ്രഹ്മചര്യത്തെ എതിർത്തുകൊണ്ട് നബിﷺ പറഞ്ഞു:

"തീർച്ചയായും ഞാൻ സ്ത്രീകളെ വിവാഹം കഴിക്കുന്നു. എന്നാൽ ആരെങ്കിലും എന്റെ ചര്യയെ വെറുക്കുന്നുവെങ്കിൽ അയാൾ എന്നിൽപ്പെട്ടവനല്ല" (ബുഖാരി, മുസ്‌ലിം).

മാത്രമല്ല, ഇത് പ്രവാചകന്മാരുടെ സന്മാർഗ സമ്പ്രദായമായിരുന്നു. അല്ലാഹു പറയുന്നു:

"നിനക്ക് മുമ്പും നാം ദൂതന്മാരെ നിയോഗിച്ചിട്ടുണ്ട്. അവർക്ക് നാം ഭാര്യമാരെയും സന്താനങ്ങളെയും നൽകിയിട്ടുമുണ്ട്. ഒരു ദൂതനും അല്ലാഹുവിന്റെ അനുമതിയോടുകൂടിയല്ലാതെ യാതൊരു ദൃഷ്ടാന്തവും കൊണ്ടുവരാനാവില്ല. ഓരോ കാലാവധിക്കും ഓരോ (പ്രമാണ) ഗ്രന്ഥമുണ്ട്" (ക്വുർആൻ 13:38).

വേറെ ചിലർ മതപരമായ അറിവുതേടൽ ഉപേക്ഷിച്ചുകൊണ്ടാണ് അല്ലാഹുവിലേക്ക് അടുക്കാൻ നോക്കുന്നത്. സ്വൂഫിജ്ഞാനം തേടലാണ് മതപരമായ അറിവുനേടുന്നതിനെക്കാൾ ഏറ്റവും അർഹവും ഉൽകൃഷ്ടവും എന്നാണ് അവരുടെ വിശ്വാസം. എന്നാൽ അറിവിന്റെയും മതവിജ്ഞാനങ്ങൾ പഠിപ്പിക്കുന്നതിന്റെയും ശ്രേഷ്ഠതകൾ വ്യക്തമാക്കുന്ന എത്രയോ പ്രമാണവചനങ്ങളാണുള്ളത്.

അല്ലാഹു പറയുന്നു: "മനുഷ്യരിലും മൃഗങ്ങളിലും കന്നുകാലികളിലും അതുപോലെ വിഭിന്ന വർണങ്ങളുള്ളവയുണ്ട്. അല്ലാഹുവെ ഭയപ്പെടുന്നത് അവന്റെ ദാസന്മാരിൽ നിന്ന് അറിവുള്ളവർ മാത്രമാകുന്നു. തീർച്ചയായും അല്ലാഹു പ്രതാപിയും ഏറെ പൊറുക്കുന്നവനുമാകുന്നു" (ക്വുർആൻ 35:28).

"അതല്ല, പരലോകത്തെപ്പറ്റി ജാഗ്രത പുലർത്തുകയും, തന്റെ രക്ഷിതാവിന്റെ കാരുണ്യം ആശിക്കുക യും ചെയ്തുകൊണ്ട് സാഷ്ടാംഗം ചെയ്തും നിന്നു പ്രാർഥിച്ചും രാത്രിസമയങ്ങളിൽ കീഴ്‌വണക്കം ചെയ്യുന്നവനോ (അതല്ല സത്യനിഷേധിയോ ഉത്തമൻ?). പറയുക: അറിവുള്ളവനും അറിവില്ലാത്തവനും സമമാകുമോ? ബുദ്ധിമാന്മാർ മാത്രമെ ആലോചിച്ചു മനസ്സിലാക്കുകയുള്ളൂ"(ക്വുർആൻ 39:9).

നബിﷺ പറഞ്ഞു: "നിങ്ങളിൽ ഏറ്റവും ഉത്തമർ ക്വുർആൻ പഠിക്കുകയും അത് മറ്റുള്ളവരെ പഠിപ്പി ക്കുകയും ചെയ്യുന്നവരാണ്"(ബുഖാരി).

അവിടുന്ന് മറ്റൊരിക്കൽ പറഞ്ഞു: "അല്ലാഹു ആർക്കെങ്കിലും നന്മ ഉദ്ദേശിച്ചാൽ അയാളെ മതത്തിൽ ജ്ഞാനമുള്ളവനാക്കും" (ബുഖാരി).

"ആരെങ്കിലും അറിവന്വേഷിച്ച് വല്ല വഴിയിലും പ്രവേശിച്ചാൽ അതുവഴി അല്ലാഹു അയാൾക്ക് സ്വർഗത്തിലേക്കുള്ള പാത സുഗമമാക്കി കൊടുക്കും" (മുസ്‌ലിം).

നബിﷺ പറഞ്ഞു: "നിശ്ചയം! മലക്കുകൾ തങ്ങളുടെ ചിറകുകൾ വിജ്ഞാനാന്വേഷികൾക്കായി താഴ്ത്തിക്കൊടുക്കും. അവരുടെ പ്രവർത്തനത്തിലുള്ള സംതൃപ്തിയാലാണത്. തീർച്ചയായും അറിവു ള്ളവർക്കു വേണ്ടി ആകാശങ്ങളിലും ഭൂമിയിലുള്ളവരൊക്കെയും പാപമോചനത്തിനായി പ്രാർഥിക്കുന്നതാണ്; വെള്ളത്തിലെ മത്സ്യങ്ങൾ പോലും. ഭക്തനെക്കാൾ പണ്ഡിതനുള്ള ശ്രേഷ്ഠത മറ്റു നക്ഷത്രങ്ങളെക്കാൾ പതിനാലാം രാവിലെ ചന്ദ്രനുള്ള ശ്രേഷ്ഠത പോലെയാണ്. നിശ്ചയം! പണ്ഡിതന്മാർ പ്രവാചകന്മാരുടെ അനന്തരാവകാശികളാണ്. പ്രവാചകന്മാർ ദീനാറോ, ദിർഹമോ അല്ല അനന്തരമായി നൽകിയിട്ടുള്ളത്. പ്രത്യുത വിജ്ഞാനമത്രെ അവരുടെ അനന്തര സ്വത്ത്. ആർക്ക് അത് കിട്ടിയോ മഹത്തായ ഓഹരിയാണ് അയാൾക്ക് കിട്ടിയത്" (അബൂദാവൂദ്). ●

അബ്ദുറഹ്മാൻ നാസിർ അസ്സഅദി
വിവ: ഹാരിസ് ബിൻ സലീം



അധ്യായം: 65, ഭാഗം: 1

# ത്വലാഖ് (വിവാഹമോചനം)

(മദീനയിൽ അവതരിച്ചത്)

يَٰٓأَيُّهَا ٱلنَّبِيُّ إِذَا طَلَّقۡتُمُ ٱلنِّسَآءَ فَطَلِّقُوهُنَّ
لِعِدَّتِهِنَّ وَأَحۡصُواْ ٱلۡعِدَّةَۖ وَٱتَّقُواْ ٱللَّهَ
رَبَّكُمۡۖ لَا تُخۡرِجُوهُنَّ مِنۢ بُيُوتِهِنَّ وَلَا
يَخۡرُجۡنَ إِلَّآ أَن يَأۡتِينَ بِفَٰحِشَةٖ مُّبَيِّنَةٖۚ
وَتِلۡكَ حُدُودُ ٱللَّهِۚ وَمَن يَتَعَدَّ حُدُودَ ٱللَّهِ
فَقَدۡ ظَلَمَ نَفۡسَهُۥۚ لَا تَدۡرِي لَعَلَّ ٱللَّهَ
يُحۡدِثُ بَعۡدَ ذَٰلِكَ أَمۡرٗا ١

1. നബിയേ, നിങ്ങൾ (വിശ്വാസികൾ) സ്ത്രീകളെ വിവാഹമോചനം ചെയ്യുകയാണെങ്കിൽ അവരെ നിങ്ങൾ അവരുടെ ഇദ്ദഃ കാലത്തിന് (കണക്കാക്കി) വിവാഹമോചനം ചെയ്യുകയും ഇദ്ദഃകാലം നിങ്ങൾ എണ്ണിക്കണക്കാക്കുകയും ചെയ്യുക. നിങ്ങളുടെ രക്ഷിതാവായ അല്ലാഹുവെ നിങ്ങൾ സൂക്ഷിക്കുകയും ചെയ്യുക. അവരുടെ വീടുകളിൽ നിന്ന് അവരെ നിങ്ങൾ പുറത്താക്കരുത്. അവർ പുറത്തുപോകുകയും ചെയ്യരുത്; പ്രത്യക്ഷമായ വല്ല നീചവൃത്തിയും അവർ ചെയ്യുകയാണെങ്കിലല്ലാതെ. അവ അല്ലാഹുവിന്റെ നിയമപരിധികളാകാകുന്നു. അല്ലാഹുവിന്റെ നിയമപരിധികളെ വല്ലവനും അതിലംഘിക്കുന്ന പക്ഷം, അവൻ അവനോട് തന്നെ അന്യായം ചെയ്തിരിക്കുന്നു. അതിന് ശേഷം അല്ലാഹു പുതുതായി വല്ലകാര്യവും കൊണ്ടുവന്നേക്കുമോ എന്ന് നിനക്ക് അറിയില്ല.

2. അങ്ങനെ അവർ (വിവാഹമുക്തകൾ) അവരുടെ അവധിയിൽ എത്തുമ്പോൾ നിങ്ങൾ ന്യായമായ നിലയിൽ അവരെ പിടിച്ച് നിർത്തുകയോ, ന്യായമായ നിലയിൽ അവരുമായി വേർപിരിയുകയോ ചെയ്യുക. നിങ്ങളിൽ നിന്നുള്ള രണ്ടു നീതിമാൻമാരെ നിങ്ങൾ സാക്ഷിനിർത്തുകയും അല്ലാഹുവിന് വേണ്ടി സാക്ഷ്യം നേരാംവണ്ണം നിലനിർത്തുകയും ചെയ്യുക. അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിച്ചുകൊണ്ടിരിക്കുന്നവർക്ക് ഉപദേശം നൽകപ്പെടുന്നതത്രെ അത്. അല്ലാഹുവെ വല്ലവനും സൂക്ഷിക്കുന്ന പക്ഷം അല്ലാഹു അവന്നൊരു പോംവഴി ഉണ്ടാക്കിക്കൊടുക്കുകയും

3. അവൻ കണക്കാക്കാത്ത വിധത്തിൽ അവന്ന് ഉപജീവനം നൽകുകയും ചെയ്യുന്നതാണ്. വല്ലവനും അല്ലാഹുവിൽ ഭരമേൽപിക്കുന്ന പക്ഷം അവന്ന് അല്ലാഹു തന്നെ മതിയാകുന്നതാണ്. തീർച്ചയായും അല്ലാഹു തന്റെ കാര്യം പ്രാപിക്കുന്നവനാകുന്നു. ഓരോ കാര്യത്തിനും അല്ലാഹു ഒരു ക്രമം ഏർപെടുത്തിയിട്ടുണ്ട്.

فَإِذَا بَلَغْنَ أَجَلَهُنَّ فَأَمْسِكُوهُنَّ بِمَعْرُوفٍ أَوْ فَارِقُوهُنَّ بِمَعْرُوفٍ وَأَشْهِدُوا ذَوَيْ عَدْلٍ مِّنكُمْ وَأَقِيمُوا الشَّهَادَةَ لِلَّهِ ۚ ذَٰلِكُمْ يُوعَظُ بِهِ مَن كَانَ يُؤْمِنُ بِاللَّهِ وَالْيَوْمِ الْآخِرِ ۚ وَمَن يَتَّقِ اللَّهَ يَجْعَل لَّهُ مَخْرَجًا ﴿٢﴾ وَيَرْزُقْهُ مِنْ حَيْثُ لَا يَحْتَسِبُ ۚ وَمَن يَتَوَكَّلْ عَلَى اللَّهِ فَهُوَ حَسْبُهُ ۚ إِنَّ اللَّهَ بَالِغُ أَمْرِهِ ۚ قَدْ جَعَلَ اللَّهُ لِكُلِّ شَيْءٍ قَدْرًا ﴿٣﴾

1). സത്യവിശ്വാസികളെയും നബിﷺയെയും അഭിസംബോധന ചെയ്തുകൊണ്ട് അല്ലാഹു പറയുന്നു: (നബിയേ, നിങ്ങൾ (വിശ്വാസികൾ) സ്ത്രീകളെ വിവാഹമോചനം ചെയ്യുകയാണെങ്കിൽ) അതായത് നിങ്ങൾ വിവാഹമോചനം നടത്താൻ ഉദ്ദേശിച്ചാൽ അതിലുള്ള മതപരമായ കൽപനകൾ എന്താണെന്ന് നിങ്ങൾ അന്വേഷിക്കണം. കാരണങ്ങൾ കാണുമ്പോഴേക്കും അല്ലാഹുവിന്റെ കൽപന പരിഗണിക്കാതെയും ശ്രദ്ധിക്കാതെയും വിവാഹമോചനം ചെയ്യാൻ ധൃതി കാണിക്കരുത്.

മറിച്ച് അവരെ ത്വലാക്വ് ചെയ്യുമ്പോൾ (ഇദ്ദ കാലത്തിന്) അതായത് ശാരീരിക ബന്ധം പുലർത്താത്ത ശുദ്ധിയുടെ സമയത്ത് ഭാര്യയെ ത്വലാക്വ് ചെയ്യുക എന്നതിലൂടെ ഇദ്ദയുടെ കാലാവധി പരിഗണിക്കുക. ആർത്തവ സമയത്ത് വിവാഹമോചനം നടത്തുന്നതിനെക്കാൾ ഇദ്ദ വ്യക്തമാകുന്നത് ഇത്തരം വിവാഹമോചനത്തിലാണ്. കാരണം വിവാഹമോചനം നടന്ന ആർത്തവഘട്ടത്തെ അവൾ കണക്കുകൂട്ടാതിരിക്കുന്നതിനാൽ ഇദ്ദ കാലഘട്ടം നീണ്ടുപോവുകയും ചെയ്യും. അപ്രകാരം തന്നെ ശാരീരിക ബന്ധം നടന്ന ശുദ്ധികാലത്തുള്ള വിവാഹമോചനമാണെങ്കിലും പ്രശ്നമുണ്ട്.

ഗർഭധാരണം നടന്നിട്ടുണ്ടോ എന്ന സംശയവും ഗർഭിണിയുടെ ഇദ്ദയാണോ അല്ലാത്തതാണോ പരിഗണിക്കേണ്ടത് എന്ന അവ്യക്തതയും അവിടെ ഉണ്ടാകും. (ഇദ്ദകാലം നിങ്ങൾ എണ്ണിക്കണക്കാക്കുകയും ചെയ്യുക) ഈ കണക്കാക്കൽ കൊണ്ട് ഉദ്ദേശിക്കുന്നത് ആർത്തവമുണ്ടാകുന്നുണ്ടെങ്കിൽ അത് പരിഗണിച്ച് കണക്കാക്കണം എന്നാണ്. ഗർഭിണിയോ ആർത്തവം ഉണ്ടാവാത്തവളോ ആണെങ്കിൽ മാസം കണക്കാക്കുകയാണ് വേണ്ടത്.

ഇദ്ദ കണക്കാക്കുന്നതിൽ അല്ലാഹുവോടുള്ള കടമ നിർവഹിക്കലും വിവാഹമോചനം നടത്തിയ ഭർത്താവിനോടും പിന്നീട് വിവാഹം കഴിക്കുന്ന ഭർത്താവിനോടുമുള്ള കടമ നിർവഹണമുണ്ട്. അവൾക്ക് ചെലവിന് കിട്ടുന്നതിലുള്ള അവകാശവും ഇതിൽ പെടും. ഒരു സ്ത്രീ ഇദ്ദ കണക്കാക്കുമ്പോൾ അവളുടെ അവസ്ഥ അവൾ നന്നായി മനസ്സിലാക്കണം; തുടർന്ന് കിട്ടേണ്ട അവകാശങ്ങളെക്കുറിച്ചും. ഇദ്ദ കണക്കാക്കുന്നതുമായി ബന്ധപ്പെട്ടുള്ള കൽപന ഭാര്യാഭർത്താക്കളോടാണ്; അവർ മതകൽപനകൾ ബാധകമാക്കുന്നവരാണെങ്കിൽ. അല്ലാത്ത പക്ഷം രക്ഷാധികാരികളാണ് അത് ശ്രദ്ധിക്കേണ്ടത്.

(നിങ്ങളുടെ രക്ഷിതാവായ അല്ലാഹുവിനെനിങ്ങൾ സൂക്ഷിക്കുകയും ചെയ്യുക) നിങ്ങളുടെ എല്ലാ കാര്യങ്ങളിലും. വിവാഹമോചിതകളായ ഭാര്യമാരുടെ അവകാശങ്ങൾ ശരിയായ രൂപത്തിൽ നൽകുന്നതിൽ നിങ്ങൾ അല്ലാഹുവിനെ സൂക്ഷി

ക്കണം. (അവരുടെ വീടുകളിൽ നിന്ന് അവരെ നിങ്ങൾ പുറത്താക്കരുത്) ഇദ്ദയുടെ സമയത്ത് അതായത് വിവാഹമോചനം ചെയ്ത ഭർത്താവിന്റെ വീട്ടിൽ നിന്ന്.

(അവർ പുറത്തുപോകുകയും ചെയ്യരുത്) അവർ സ്വയം പുറത്തുപോകാനും പാടില്ല. പുറത്ത് പോകുന്നത് വിരോധിക്കാൻ കാരണം ഭാര്യക്ക് താമസം നൽകേണ്ട ബാധ്യത ഭർത്താവിനാണ്. ഇദ്ദ പൂർത്തിയാക്കുന്നതിലൂടെ അവനോടുള്ള കടമയാണ് അവൾ നിർവഹിക്കുന്നത്. പുറത്തുപോകുമ്പോൾ ഭർത്താവിനുള്ള കടമയാണ് പാഴാക്കപ്പെടുന്നത്; അവന്റെ സുരക്ഷയും. വീട്ടിൽനിന്ന് പുറത്തുപോകാതിരിക്കലും പുറത്താക്കാതാരിക്കലും വിരോധിക്കപ്പെട്ടതാണ്.

(പ്രത്യക്ഷമായ വല്ല നീചവൃത്തിയും അവർ ചെയ്യുകയാണെങ്കിലല്ലാതെ). പുറത്താക്കാൻ നിർബന്ധിക്കപ്പെടുന്ന വ്യക്തമായ മോശപ്പെട്ട വല്ല കാര്യവും അവർ ചെയ്താലൊഴികെ. അതായത് അവളെ പുറത്താക്കിയില്ലെങ്കിൽ ആ വീട്ടുകാർക്ക് വല്ല ബുദ്ധിമുട്ടുകളും വരുന്ന അവസ്ഥയുണ്ടെങ്കിൽ. മോശമായ പ്രവർത്തനങ്ങളോ വാക്കുകളോ കൊണ്ട് ദ്രോഹമുണ്ടാക്കൽ. ഇത്തരം സന്ദർഭങ്ങളിൽ പുറത്താക്കൽ അനുവദനീയമാണ്. കാരണം അവൾ തന്നെയാണല്ലോ പുറത്താക്കാൻ കരണങ്ങളുണ്ടാക്കിയത്. തുടർന്ന് താമസിപ്പിക്കൽ അവളോടുള്ള ഒരു കടയമാണ്. അവൾ തന്നെയാണ് അവൾക്ക് ബുദ്ധിമുട്ടുണ്ടാക്കിയത്. ഇതെല്ലാം മടക്കിയെടുക്കാവുന്ന ത്വലാക്വിന് വിധേയയായ സ്ത്രീക്ക് ബാധകമായവയാണ്. എന്നാൽ മടക്കിയെടുക്കാവുന്ന ത്വലാക് അല്ലെങ്കിൽ അവൾക്ക് താമസ സൗകര്യം നൽകൽ ചെലവിന് നൽകുന്നതിന്റെ അനുബന്ധമാണ്. ഇവൾക്കത് നിർബന്ധമില്ല.

(അവ അല്ലാഹുവിന്റെ നിയമപരിധികളാകുന്നു) അതായത് തന്റെ ദാസന്മാർക്ക് അല്ലാഹു പരിധി നിശ്ചയിച്ച് നിയമമാക്കിയ അനിവാര്യ കൽപനകളും നിലനിർത്തേണ്ട കാര്യങ്ങളുമാകുന്നു.

(വല്ലവനും അതിലംഘിക്കുന്ന പക്ഷം) അതു പാലിക്കാതെ അതിരുവിടുകയോ വീഴ്ച വരുത്തുകയോ ചെയ്യുന്ന പക്ഷം. (അവൻ അവനോട് തന്നെ അന്യായം ചെയ്തിരിക്കുന്നു) അവ അവനോടുള്ള കടമയിൽ വീഴ്ചവരുത്തി. ഇഹപര നന്മക്ക് ഉപകരിക്കുന്ന അല്ലാഹുവിന്റെ നിയമപരിധികൾ പിൻപറ്റുന്നതിൽ വീഴ്ച സംഭവിക്കുകയും ചെയ്തു. (അതിന് ശേഷം അല്ലാഹു പുതുതായി വല്ല കാര്യവും കൊണ്ട് വന്നേക്കുമോ എന്ന നിനക്കറിയില്ല) അല്ലാഹു ഇദ്ദ നിശ്ചയിച്ചു, വിവാഹമോചനത്തിൽ അതൊരു പരിധിയാക്കുകയും ചെയ്തു. അതിൽ മഹത്തായ യുക്തിയുണ്ട്.

അതിലൊന്ന്: വിവാഹമോചിതന്റെ മനസ്സിൽ ഒരുപക്ഷേ, കാരുണ്യവും സ്നേഹവും ഉണ്ടായേക്കാം. അങ്ങനെ അവൻ അവളെ മടക്കിയെടുക്കുകയും സഹവാസം നല്ല നിലയിൽ പുനരാരംഭിക്കുകയും ചെയ്തേക്കാം. അതിന് സൗകര്യപ്പെടുന്ന ഒരു കാലാവധിയാണ് ഈ സമയം. വിവാഹമോചനത്തിന് ചില കാരണങ്ങളുണ്ടായേക്കാം. ഈ സമയത്ത് ആ കാരണങ്ങൾ ഇല്ലാതെയാവുകയും അവളെ മടക്കിയെടുക്കുകയും ചെയ്തേക്കാം.

മറ്റൊന്ന് ഈ കാത്തിരിപ്പിന്റെ സമയത്ത് തന്റെ ഭാര്യയുടെ ഗർഭപാത്രത്തിൽ അവളുടെ കുഞ്ഞില്ല എന്ന് ഉറപ്പുവരുത്താനും കഴിയും.

2). (അങ്ങനെ അവർ (വിവാഹമുക്തകൾ) അവരുടെ അവധിയിൽ എത്തുമ്പോൾ) അതായത് ഇദ്ദയുടെ കാലാവധി അവസാനിക്കാറായാൽ. കാരണം അവധി പൂർത്തിയായാൽ പിന്നീട് ഭർത്താവിന് നിലനിർത്താനോ പിരിച്ചുവിടാനോ സാധ്യമല്ല. (ന്യായമായ നിലയിൽ അവരെ പിടിച്ചുനിർത്തുകയോ) നല്ല സഹവാസത്തോടെയും മനോഹരമായ പെരുമാറ്റത്തോടെയും. പ്രയാസപ്പെടുത്താതെയും തടഞ്ഞുവെക്കാതെയും തടഞ്ഞുവെക്കാൻ ഉദ്ദേശിച്ചുകൊണ്ടുമല്ലാതെ. അത്തരത്തിൽ പിടിച്ചുനിർത്തുന്നത് അനുവദനീയമല്ല.

(ന്യായമായ നിലയിൽ അവരുമായി പിരിയുകയോ ചെയ്യുക). കുറ്റകരമല്ലാത്ത വേർപിരിയലാണിത്. പരസ്പരം കലഹിക്കാതെയും ചീത്ത പറയാതെയും അവളുടെ ധനം അന്യായമായി അധികാരം ചെലുത്തി പിടിച്ചെടുക്കാതെയും.

(നിങ്ങൾ സാക്ഷി നിർത്തുകയും ചെയ്യുക) അവളുടെ വിവാഹമോചനത്തിനും മടക്കിയെടുക്കലിനും. (നിങ്ങളിൽനിന്നുള്ള രണ്ടു നീതിമാന്മാരെ) മുസ്‌ലിമായ രണ്ടു നീതിമാന്മാരെ ഇവിടെ പരാമർശിച്ച സാക്ഷിത്വം തർക്കത്തിന്റെ കവാടം അടക്കുന്നതിന് വേണ്ടിയാണ്. അവർ രണ്ടുപേരും മറച്ചുവെക്കുന്ന കാര്യങ്ങളിൽ ആവശ്യമായത് വ്യക്തമാകാനും വ്യക്തമാകേണ്ട കാര്യങ്ങളെ അവർ രണ്ടുപേരും മറച്ചുവെക്കുന്നതിനെ തടയാനും സാധിക്കും.

(സാക്ഷ്യം നേരാംവണ്ണം നിലനിർത്തുകയും ചെയ്യുക) സാക്ഷികളെ (അല്ലാഹുവിന് വേണ്ടി സാക്ഷ്യം) അതിന്റെ ശരിയായ രൂപത്തിൽ നിങ്ങൾ അതിനെ കൊണ്ടുവരണം. കൂട്ടുകയോ കുറക്കുകയോ ചെയ്യാതെ. അത് നിർവഹിക്കുന്നതിൽ അല്ലാഹുവിന്റെ തൃപ്തി ആഗ്രഹിക്കണം. ബന്ധു ത

ന്റെ ബന്ധം മൂലം ബന്ധുക്കൾക്ക് വേണ്ടിയോ കൂട്ടുകാരൻ കൂട്ടുകാർക്ക് വേണ്ടിയോ ആവാതിരിക്കാൻ ശ്രദ്ധിക്കണം.

(അത്) മതനിയമങ്ങളിൽ നിന്നും വിധികളിൽ നിന്നും നാം പരാമർശിച്ച കാര്യങ്ങൾ (അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിച്ച് കൊണ്ടിരിക്കുന്നുവർക്ക് ഉപദേശം നൽകപ്പെടുന്നതത്രെ). തീർച്ചയായും അല്ലാഹുവിലും പരലോകത്തിലുമുള്ള വിശ്വാസം അല്ലാഹുവിന്റെ ഉപദേശങ്ങളെ സ്വീകരിക്കാൻ വിശ്വാസിയെ നിർബന്ധതിനാക്കും. കഴിയുന്നത്ര സൽപ്രവർത്തനങ്ങൾ തന്റെ പരലോക ജീവത്തിന് വേണ്ടി ചെയ്തുവെക്കുവാനും.

എന്നാൽ ഹൃദയത്തിൽ വിശ്വാസമില്ലാത്തവൻ നേരെ മറിച്ചാണ്. അവർ തിന്മ പ്രവർത്തിക്കുന്നത് പ്രശ്നമാക്കില്ല. അല്ലാഹുവിന്റെ ഉപദേശങ്ങൾക്ക് വില കൽപിക്കില്ല. കാരണം അവനത് നിർബന്ധമല്ലല്ലോ. ചിലപ്പോൾ വിവാഹമോചനം മൂലം പ്രയാസങ്ങളും ദുഃഖങ്ങളും മനോവേദനകളും ഉണ്ടായേക്കും. അല്ലാഹു അവനെ സൂക്ഷിച്ചുജീവിക്കാൻ കൽപിക്കുകയും വിവാഹമോചനത്തിലും മറ്റ് അവസ്ഥകളിലും അല്ലാഹുവിനെ സൂക്ഷിക്കുന്നവർക്ക് ആശ്വാസവും തുറവിയും നൽകുമെന്ന് വാക്ക് നൽകുകയും ചെയ്യുന്നു. ഒരാൾ വിവാഹമോചനം ഉദ്ദേശിക്കുന്നുവെങ്കിൽ അത് മതനിയമമനുസരിച്ചാണ് ചെയ്യേണ്ടത്. അതാവട്ടെ, ആർത്തവമില്ലാത്ത സമയത്ത് ഒരു ത്വലാക്വ് നടത്തുക എന്നതാണ്. അവൻ അവളുമായി ശാരീരികബന്ധം പുലർത്തിയ ശുദ്ധസമയത്തും ആവരുത്. അങ്ങനെ ചെയ്താൽ ആ വിവാഹമോചനം അവന് പ്രയാസകരമാവില്ല. അതിൽ അവനല്ലാഹു ആശ്വാസം നൽകും. ത്വലാക്വിൽ ഖേദം തോന്നുകയാണെങ്കിൽ വീണ്ടും നിക്കാഹിലൂടെ തിരിച്ചെടുക്കാൻ സൗകര്യപ്പെടുകയും ചെയ്തേക്കും.

ഈ വചനം വിവാഹമോചനത്തെ കുറിച്ച് പറയുന്ന സന്ദർഭത്തിലാണെങ്കിലും അത് ഉൾക്കൊള്ളുന്ന പാഠം അല്ലാഹുവിനെ സൂക്ഷിക്കുന്ന സർവർക്കും ജീവിതസാഹചര്യങ്ങളിലെല്ലാം അവന്റെ തൃപ്തിയിൽ നിലകൊള്ളുന്നവർക്കും ബാധകമാണ്. അല്ലാഹു അവന് ഇഹത്തിലും പരത്തിലും പ്രതിഫലം നൽകും. എല്ലാ വിഷമങ്ങളിൽ നിന്നും ബുദ്ധിമുട്ടുകളിൽ നിന്നും ആശ്വാസവും തുറവിയും നൽകുക എന്നതും അവന്റെ പ്രതിഫലത്തിൽ പെട്ടത് തന്നെയാണ്.

എന്നാൽ അല്ലാഹുവിനെ സൂക്ഷിക്കാത്തവന്റെ അവസ്ഥയോ? പ്രയാസങ്ങളിലും രക്ഷപ്പെടാൻ പറ്റാത്ത, ദുരന്തങ്ങളവസാനിക്കാത്ത, ചങ്ങലകളിലും പ്രയാസങ്ങളിലും അകപ്പെടും; വിവാഹമോചനത്തിലും. അതിനെ നീ പരിഗണിക്കുക. ഒരാൾ അല്ലാഹുവിനെ സൂക്ഷിക്കാതെ മുത്ത്വലാക്വ് പോലുള്ളവ നടത്തിയാൽ തീർച്ചയായും വീണ്ടുവിചാരം സാധിക്കാത്ത വിധം, രക്ഷപ്പെടാൻ കഴിയാത്തവണ്ണം അവൻ ഖേദിക്കേണ്ടിവരും. ●

**Statement about ownership and other particulars about Nerpatham Weekly Form - IV (See Rule 8)**

| | |
|---|---|
| 1. Place of publication: | 1st Room, 1st Floor, EKP Building, Kallai Road, Kozhikode, PIN 673002, Kerala |
| 2. Penodicity of its publication: | Weekly |
| 3. Printer's Name: | Sajjad K |
| Nationality: | Indian |
| Address: | Koyamprath, 1631, Afna Nivas, Pokkunnu PO, Kinasseri, Kozhikode, Kerala |
| 4. Publisher's Name: | Sajjad K |
| Nationality: | Indian |
| Address: | Koyamprath, 1631, Afna Nivas, Pokkunnu PO, Kinasseri, Kozhikode, Kerala |
| 5. Editor's Name: | Usman Palakkazhi |
| Nationality: | Indian |
| Address: | Thevarkalathil, Palakkazhi, PO Karkkidamkunnu, Alanallur, Plakkad-678601, Kerala |

6. I, Sajjad K, hereby declare that the particulars given above are true to the best of my knowledge and belief.

Dated: 21. 03. 2020

(Sd/-)
Publisher

കവിത




ഉസ്മാൻ പാലക്കാഴി
usmanpalakkazhi@gmail.com

# നാമെത്ര നിസ്സാരർ!

അറിയാം കൊറോണയെ, ജാഗ്രത പാലിച്ചിടാം
അലസമിരിക്കല്ലേ, വിപത്തിങ്ങടുത്തെത്തി!
നാളുകൾ നീങ്ങുന്തോറും പടർന്നു പിടിക്കുന്നു
ആളുകൾ ബോധമറ്റ് വീണതാ മരിക്കുന്നു!

ചൈനയിൽ പ്രകടമായ്, പിന്നത് പരക്കലായ്
ഇന്നത് മിക്ക ലോകരാജ്യത്തും ഭയപ്പാടായ്
കുറഞ്ഞ കാലംകൊണ്ട് കൊടിയ വിപത്തായി
കൊറോണ എന്നു കേട്ടാൽ ജനങ്ങൾ ഞെട്ടലായി

വൃത്തി പാലിക്കാൻ മത കൽപനയുണ്ട് പാരിൽ
വൃത്തി ദീനതിൻ പാതി എന്നുണ്ടേ തിരുമൊഴി
സോപ്പിട്ട് കഴുകണം ഇരുകൈകളും നന്നായ്
സാധ്യതയുണ്ട് രോഗം പകരാൻ സ്പർശനത്താൽ

പകർച്ചവ്യാധിയുള്ള നാട്ടിലായ് പോയിക്കൂടാ
അവിടെയുള്ളോരാരും പുറത്തും പോയിക്കൂടാ
നബിതൻ വാക്കിതിന്ന് ഉച്ചത്തിൽ കേൾക്കുന്നു നാം
നമുക്ക് ദിശ നൽകും വാക്കിതിൽ പിടിക്ക നാം

ചികുൻഗുനിയ പിന്നെ നിപയും ശമിച്ചപ്പോൾ
നിലവിൽ കൊറോണയും പക്ഷിപ്പനിയും കാൺമൂ
മഹാമാരികളോരോന്നിങ്ങനെ വരുന്നേരം
മനുഷ്യൻ ചിന്തിക്കണം ദുർബലരാണേ നമ്മൾ!

പാണികളുയർത്തി നാം പ്രാർഥന ചെയ്തീടുക
പ്രാർഥന കേൾക്കുന്നോനാം നാഥനോടിരക്കുക
പടച്ചോനവൻ സർവശക്തനാണറിയുക
പാരിതിലവൻ വിധി പോലല്ലോ നടക്കുക.

# ഇനി എല്ലാം ഒരു വിരൽ തുമ്പിൽ...




zameel
the soulmate

**Online Library**

**പഠനാർഹമായ ഓഡിയോകൾ , വീഡിയോകൾ , പുസ്തകങ്ങൾ, ലഘുലേഖകൾ .....
കേൾക്കാനും കാണാനും ഡൗൺലോഡ് ചെയ്യാനുമായി ഇതാ ഒരു
മൊബൈൽ അപ്ലിക്കേഷൻ**

**പ്രത്യേകതകൾ:**

- ✔ മികച്ച പരിപാടികളുടെ തത്സമയ സംപ്രേഷണം
- ✔ ഇഷ്ടമായത് സൂക്ഷിച്ച് വെക്കാനുള്ള സംവിധാനം
- ✔ ഫയൽ ഡൗൺലോഡിങ് & ഷെയറിങ് സൗകര്യം
- ✔ ഫീഡ്ബാക്ക് ഡസ്ക്
- ✔ മികച്ച നിലവാരമുള്ള ഓഡിയോ & വീഡിയോസ് മാത്രം
- ✔ കുറഞ്ഞ ഡാറ്റാ ചെലവിൽ ഫലപ്രദമായ പഠനാനുഭവം
- ✔ ആരംഭത്തിൽ തന്നെ കാറ്റഗറികൾ .. ഫയലുകൾ..
- ✔ എല്ലാ ആഴ്ചകളിലും വിവിധ പള്ളികളിൽ നിന്നുള്ള നിരവധി ഖുതുബകൾ
- ✔ ഭാവിയിൽ ഓൺലൈൻ കോഴ്സുകൾക്ക് പ്രത്യേക പദ്ധതി
- ✔ പ്രബോധന രംഗത്തെ നമ്മുടെ സ്വപ്നങ്ങൾ പങ്കുവെക്കാൻ സൗകര്യം

ANDROID APP ON Google play **ഇൻസ്റ്റാൾ ചെയ്യൂ**

## കാറ്റഗറികൾ

| | | | | | | | | |
|---|---|---|---|---|---|---|---|---|
| അല്ലാഹു | ക്വുർആൻ | ചരിത്രം | ദുറൂസ് | പ്രവാചകന്മാർ | ഹദീസ് | നമസ്കാരം | നോമ്പ് | ഹജ്ജ് |
| പരലോകം | തൗഹീദ് | പ്രബോധനം | മുഖാമുഖം | സാമൂഹികം | പ്രാർത്ഥനകൾ | ഖുത്ബ | ഗാനങ്ങൾ | കൗമാരം |
| ശാസ്ത്രം | തീവ്രവാദം | സ്ത്രീ | സംസ്കരണം | ആനുകാലികം | കിഡ്സ് | കുടുംബം | കൗമാരം | മറ്റുള്ളവ |

RNI NO: KERMAL 2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
2020 MARCH 21

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-

المَاهِرُ بِالقُرْآنِ مَعَ السَّفَرَةِ الكِرَامِ البَرَرَةِ (الحديث)

ജാമിഅ അൽഹിന്ദ് അൽ ഇസ്‌ലാമിയ്യ
സ്കൂൾ ഓഫ് ക്വുർആൻ
സംഘടിപ്പിക്കുന്ന

# അൽ മഹാറ

## അഖില കേരള ക്വുർആൻ ഹിഫ്ദ്വ് മത്സരം

2020 28 മാർച്ച്
**പ്രാഥമിക റൗണ്ട്**
തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിൽ

2020 30 മെയ്
**ഫൈനൽ റൗണ്ട്**
ജാമിഅ അൽ ഹിന്ദ് അൽ ഇസ്‌ലാമിയ്യ

സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രത്യേകം മത്സരങ്ങൾ

മൂന്ന് ലക്ഷത്തോളം രൂപയുടെ ക്യാഷ് അവാർഡുകൾ

**രജിസ്ട്രേഷൻ അവസാന തിയ്യതി 20 2020 മാർച്ച്**

For Registration

കൂടുതൽ വിവരങ്ങൾക്ക്
8606366661,9037235706,9895881178
സന്ദർശിക്കുക:
www.jamiaalhind.com, www.schoolofquran.in